# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**Volume II**



കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

## (Volume II)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

J. S. C. Publications
Patriarchal Centre
Puthencruz

2016

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

**(Vol. II)**

By. Cor-Episcopo (Dr.) K. Mani Rajan

First Edition: 2004, Lotus Publications, Trivandrum -4

Reprint: 2009, The Travancore Syriac Orthodox Publishers, Kottayam-686 004

Reprint: 2016, JSC, Puthencruz

Copyright @ Author

All rights reserved . No reproduction or translation in whole or part is allowed without written permission from the author.
Printed at: Dona colour Graphs, Kottayam

Price Rs. 75.00

Printed at: Julios Press, Puthencruz

Published by: JSC Publications, M.D. Church Centre
Patriarchal Centre, Puthencruz
Phone: 0484 2255581, 3299030
Email: mdbookstall@yahoo.com

Copies: 1000

# ഉള്ളടക്കം


1. വി. സ്തേഫാനോസ് സഹദാ ....................................................... .7
2. രക്തസാക്ഷിയായ അഗഥ ........................................................... .10
3. സുവിശേഷകനായ അറിയിപ്പുകാരൻ മർക്കൊസ്.............................11
4. ഊർശ്ലേമിന്റെ പ്രധാനാചാര്യനായ മോർ യാക്കോബ്.........................15
5. വി. കുറിയാക്കോസ് സഹദായും മാതാവായ മർത്ത് യൂലിത്തിയും.... .17
6. വിശുദ്ധ സിപ്രിയാൻ ................................................................. .21
7. വി. സർഗ്ഗീസും ബാക്കോസും ..................................................... .24
8. രക്തസാക്ഷികളായ ബർബാറയും യൂലിയാനയും............................25
9. സഹദായായ മാബൂഗിലെ മോർ പീലക്സീനോസ് .......................... .27
10. വിശുദ്ധ കന്യകമറിയാം..............................................................28
11. കൈസര്യായിലെ മഹാനായ വിശുദ്ധ ബസ്സേലിയോസ് .................... .40
12. നിസയിലെ വിശുദ്ധ ഗ്രീഗോറിയോസ്............................................ .44
13. പരിശുദ്ധനായ മോർ അത്താനാസിയോസ് പൗലോസ് ..................... .45
14. അന്ത്യോഖ്യാ പാത്രിയർക്കീസ് മഹാനായ വിശുദ്ധ സേവേറിയോസ്... .49
15. പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ.....................52
16. ഉറഹായിലെ രാജാവായ അബ്ഗാർ അഞ്ചാമൻ.............................. .57
17. പരിശുദ്ധനായ മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ ...... .61
18. സുവിശേഷകനായ വിശുദ്ധ യോഹന്നാൻ ശ്ലീഹാ .............................64
19. നിസിബിനിലെ മോർ യാക്കോബ്....................................................66
20. ഹെലനി രാജ്ഞി ...................................................................... .70
21. സുറിയാനിക്കാരനായ വിശുദ്ധ അഫ്രേം ..........................................73
22. അലക്സന്ത്രിയ പാത്രിയർക്കീസായ വിശുദ്ധ കൂറിലോസ്............... .75
23. വിശുദ്ധ മഗ്ദലന മറിയം.............................................................. .77
24. മോർ യൂഹാനോൻ ബർ അഫ്ത്തൂനിയ ........................................ .79
25. അന്ത്യോഖ്യാ പാത്രിയർക്കീസ് പരിശുദ്ധനായ ഒസ്താത്തിയോസ്.........82
26. തെഗ്രീസിലെ മപ്രിയാന മോർ മാറൂഥാ......................................... .84
27. പുണ്യശ്ലോകനായ മോർ ദീവന്നാസിയോസ് മീഖായേൽ.......................86
28. അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ ........ .91
29. ഉറഹായിലെ വിശുദ്ധ റാബൂളാ..................................................... .94
30. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തമോർ ക്ലീമീസ് ഏബ്രഹാം .........96

# വി. സ്തേഫാനോസ് സഹദാ
## (? ഏ. ഡി. 35/36)

പ്രഥമ ക്രിസ്തീയ രക്തസാക്ഷിയായ സ്തേഫാനോസ് (Stephen) ഗ്രീക്കു (യൗനായ) ഭാഷ സംസാരിക്കുന്ന യെഹൂദനായിരുന്നു. ഇദ്ദേഹത്തിന്റെ ജന്മസ്ഥലമേതെന്ന് ചരിത്രകാരന്മാരാരും രേഖപ്പെടുത്തിയിട്ടില്ല. ശൗലും സ്തേഫാനോസും സമപ്രായക്കാരായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. സ്തേഫാനോസിന്റെ വിദ്യാഭ്യാസം അലക്സന്ത്രിയയിലായിരുന്നുവെന്നു കരുതപ്പെടുന്നു (White, 1991).

പെന്തിക്കോസ്തിക്കുശേഷം ക്രിസ്ത്യാനികളുടെ എണ്ണം വളരെ വർദ്ധിച്ചു. അന്ന് യെരൂശലേമിൽ വിഭിന്ന ജനവിഭാഗങ്ങൾ താമസിച്ചിരുന്നു. അവരിൽ പ്രധാനമായും തദ്ദേശവാസികളായ എബ്രായക്കാരും വിദേശീയരായ ഗ്രീക്കുഭാഷ സംസാരിക്കുന്നവരുമായിരുന്നു (Hellenist). ഈ രണ്ടുവിഭാഗങ്ങളിൽ നിന്നുള്ളവരും ക്രിസ്തുമതം സ്വീകരിച്ചിരുന്നു. സ്തേഫാനോസ് ക്രിസ്തുമതം സ്വീകരിച്ച ഗ്രീക്കുകാരനായിരുന്നു.

യെരൂശലേമിൽ ഗ്രീക്കു സംസാരിക്കുന്ന (യൗനായക്കാർ) ക്രിസ്തുമതം സ്വീകരിച്ച യെഹൂദന്മാർ ന്യൂനപക്ഷമായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. അവരിൽ (പ്രായമായ) വിധവകൾ അവഗണിക്കപ്പെടുന്നു എന്ന പരാതിയുണ്ടായിരുന്നു (അപ്പൊ. പ്ര. 6:1). ശ്ലീഹന്മാർക്ക് വിധവകളുടെ ദൈനംദിനകാര്യാദികൾ അന്വേഷിക്കുന്നതിന് സമയമുണ്ടായിരുന്നില്ല. മാത്രവുമല്ല, ദൈവവചന ശുശ്രൂഷയാണ് അടിസ്ഥാനപരമായതെന്ന് ശ്ലീഹന്മാർ കരുതിയിരുന്നു. ആയതിനാൽ ശ്ലീഹന്മാർ പന്ത്രണ്ടുപേരും ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി വിധവമാരുടെ ശുശ്രൂഷയ്ക്കായി ദൈവത്തിന്റെ ആത്മാവും വിജ്ഞാനവും നിറഞ്ഞവരായ ഏഴുപേരെ തെരഞ്ഞെടുക്കുവാൻ കല്പിച്ചു. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഏഴുപേർക്ക് (അപ്പൊ. പ്ര. 6:5) ശ്ലീഹന്മാർ പ്രാർത്ഥിച്ച് കൈവെപ്പു നൽകി ശെമ്മാശന്മാരാക്കി (അപ്പൊ. പ്ര. 6:6). വിധവകളുടെ ഭക്ഷണക്ഷേമകാര്യാദികൾ അന്വേഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഏഴു ശെമ്മാശന്മാരിൽ പ്രധാനിയാണ് വി. സ്തേഫാനോസ്.

വി. സ്തേഫാനോസ്, വി. ഗ്രന്ഥത്തിലെ ഉദ്ധരണികളിൽ നിന്ന്, നസ്രായനായ യേശുക്രിസ്തുവിനെ സാക്ഷിച്ചിരുന്നു. സ്തേഫാനോസിന്റെ വാദഗതികൾ കഴമ്പില്ലാത്തവയാണെന്ന് ശൗൽ (പിന്നീട്, വി. പൗലോസ് ശ്ലീഹാ) ചിന്തിക്കുകയും പൊതുസ്ഥലത്തുവച്ചുള്ള വാഗ്വാദങ്ങൾ വഴി (Public disputation) സ്തേഫാനോസിന്റെ വാദഗതികളെ ഖണ്ഡിക്കുകയും ചെയ്തുവന്നു. യേശുക്രിസ്തുവിന്റെ ശരീരം മോഷ്ടിക്കപ്പെട്ടുവെന്നാണ് യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനെ സംബന്ധിച്ച് ശൗൽ വാദിച്ചത്.

സ്തേഫാനോസിന്റെ ചിന്തയിൽ യെരുശലേം ദൈവാലയത്തിലെ തെറ്റായ ആരാധനാ രീതികളെ ശുദ്ധീകരിക്കാൻ വന്ന ഒരു ആത്മീയ പരിഷ്കർത്താവായിരുന്നു യേശു (Encyclopaedia Britannica, 2001). സ്തേഫാനോസ് ദൈവത്തിനും മോശയ്ക്കുമെതിരെ സംസാരിക്കുന്നുവെന്ന് യെഹൂദാപ്രമാണികൾ കുറ്റമാരോപിച്ചു. 'ഈ മനുഷ്യൻ ന്യായപ്രമാണത്തിനെതിരായും ഈ പരിശുദ്ധ സ്ഥലത്തിനു വിരോധമായുമുള്ള വാക്കുകൾ മുടങ്ങാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. നസ്രായനായ യേശു ഈ സ്ഥലത്തെ നശിപ്പിക്കുമെന്നും മോശ നിങ്ങളെ ഭരമേല്പിച്ചിട്ടുള്ള പതിവുകളെ വ്യത്യാസപ്പെടുത്തുമെന്നും ഇവൻ പറയുന്നത് ഞങ്ങൾ കേട്ടതാണ്' (അപ്പൊ. പ്ര. 6:13-14).

സ്തേഫാനോസിന്റെ വിശകലനങ്ങൾ യെഹൂദന്മാരെ പ്രകോപിപ്പിച്ചു. 'കഠിന കണ്ഠന്മാരും ഹൃദയത്തിനും ചെവിക്കും പരിഛേദനയില്ലാത്തവരുമായവരേ, നിങ്ങളുടെ പിതാക്കന്മാരെപ്പോലെ നിങ്ങളും എപ്പോഴും പരിശുദ്ധാത്മാവിനെതിരായി നിലകൊള്ളുന്നു. നിങ്ങൾ ഏല്പിച്ചു കൊടുത്ത് കൊന്നുകളഞ്ഞവനായ ആ പുണ്യവാന്റെ ആഗമനത്തെക്കുറിച്ച് മുൻകൂട്ടി അറിയിച്ച പ്രവാചകന്മാരിൽ ആരെയാണ് നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാതെയും കൊല്ലാതെയും ഇരുന്നിട്ടുള്ളത് (അപ്പൊ. പ്ര. 7:51-52).

യെഹൂദന്മാർ സ്തേഫാനോസിന്റെ പ്രസംഗം കേട്ട് കോപം നിറഞ്ഞവരായി അദ്ദേഹത്തിന്റെ നേരെ പല്ലുകടിച്ചു. സ്തേഫാനോസാകട്ടെ 'വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു നോക്കി ദൈവത്തിന്റെ മഹത്ത്വവും, ദൈവ

ത്തിന്റെ വലത്തുഭാഗത്തായി യേശു നില്ക്കുന്നതു കാണുകയും' അപ്രകാരം പ്രസ്താവിക്കുകയും ചെയ്തു. (അപ്പൊ. പ്ര. 7:55–56).

യെഹൂദന്മാർ സ്തേഫാനോസിനെ പിടിച്ച് തെരുവിലൂടെ വലിച്ചിഴച്ചു (Day, 2002) നഗരത്തിനു പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു. (അപ്പൊ. പ്ര. 7:58, c. f. ലേവ്യാ. 24:16). ചതഞ്ഞരഞ്ഞ സ്തേഫാനോസിന്റെ മൃതശരീരം രക്തത്തിൽ കുതിർന്ന് കല്ലുകൾക്കിടയിൽ കിടന്നു (Pollock, 1969, pp. 9-17). ശൗൽ സ്തേഫാനോസിനെ കല്ലെറിയുന്നവരുടെ വസ്ത്രം സൂക്ഷിച്ചുകൊണ്ടിരുന്നു.

മരണാസന്നനായ വി. സ്തേഫാനോസ് ഇപ്രകാരം പ്രാർത്ഥിച്ചു: 'ഞങ്ങളുടെ കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളണമേ'. 'കർത്താവേ, ഇവർക്ക് ഈ പാപം നിലനിറുത്തരുതേ' (അപ്പൊ. പ്ര. 7:59–60). വി. സ്തേഫാനോസിന്റെ മേലുദ്ധരിച്ച പ്രാർത്ഥനകളാണ് (സ്ലീബായുടെ) സന്ധ്യാപ്രാർത്ഥനയിൽ ധൂപാനന്തര ഗീതമായി ചേർത്തിരിക്കുന്നത്.

*മോർ സ്തേഫാനോസിൻ വധനേരത്തേറ്റൊരു പീഡ*
*കഷ്ടതകൾ ചിന്തിച്ചേൻ ഞാൻ വിസ്മിതനായ് പാരം*
*കല്ലേറുകളേൽക്കുമ്പോഴും പ്രാർത്ഥിച്ചേവം*
*അറിയാതിവരിതു ചെയ്യുന്നു ക്ഷമനൽകുക നാഥാ.*

*മൃതിനേര-ത്തരികൾക്കായ് പ്രാർത്ഥി-*
*ച്ചൊരു നാഥന്നനുയോജ്യൻ ദാസൻ*
*തൽ പ്രാർത്ഥനയിൽ ചേർക്കണമെ*
*കരുണാ-മയനേശു.*

വി. സ്തേഫാനോസ് സഹദായെ, വി. കുർബ്ബാനയിലെ തുബ്ദേനിൽ സഭയോർക്കുന്നത്: 'ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ പരിശുദ്ധനും മഹത്ത്വമുള്ളവനുമായ മാർ സ്തേഫാനോസ്'' എന്നാണ്. വി. സ്തേഫാനോസ് സഹദായുടെ പെരുന്നാൾ ജനുവരി 8-ാം തീയതി സഭ ആഘോഷിക്കുന്നു.

# രക്തസാക്ഷിയായ അഗഥ

**(ഏ. ഡി.?   ഏ. ഡി. 251)**

കന്യകാവ്രതക്കാരായ നിരവധി ശുദ്ധിമതികൾ മൂന്നും നാലും നൂറ്റാണ്ടുകളിൽ രക്തസാക്ഷികളായിത്തീർന്നു. അവരിൽ സുപ്രസിദ്ധയാണ് അഗഥ (Day, 2002). കുലീനയും ധനാഢ്യയും സൗന്ദര്യവതിയുമായ അഗഥ (അഴമവേമ) സിസിലിയയിലെ (Sicilia) പലേർമോ (Palermo) അല്ലെങ്കിൽ കറ്റാനിയ (Catania) എന്ന സ്ഥലത്ത് മൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജനിച്ചു. (Britannica, 2001; Encarta, 2001; White, 1991; Hoever, 1989).

ഡേസിയൻ (Decian/ Decius) ചക്രവർത്തിയുടെ കീഴിൽ (ഏ. ഡി. 249-251) സിസിലിയ ഭരിച്ചിരുന്ന ക്വിന്റിയൻ (Quintian/ Quintanius) അഗഥയെ വിവാഹം കഴിക്കാനാഗ്രഹിച്ചു. (Encarta, 2001; White, 1991) അതു നടപ്പിൽ വരുത്തുന്നതിനും കന്യകാവ്രതത്തിൽ നിന്നും അഗഥയെ വ്യതിചലിപ്പിക്കുന്നതിനും വേണ്ടി അവളെ ക്രിസ്ത്യാനിയാണെന്ന കുറ്റം ചുമത്തി ഒരു ദുഷ്ട സ്ത്രീയുടെ മേൽനോട്ടത്തിൽ ഒരു വ്യഭിചാരശാലയിൽ പാർപ്പിച്ചു (White, 1991). പാപകരമായ ബന്ധത്തിനു സമ്മതിക്കുകയാണെങ്കിൽ അവളെ സ്വതന്ത്രയായി ജീവിക്കാൻ അനുവദിക്കാം എന്ന് ക്വിന്റിയൻ അഗഥയെ അറിയിച്ചു. ''ക്രിസ്തുവാണെന്റെ ജീവിതവും രക്ഷയും എന്നവൾ മറുപടി പറഞ്ഞു'' (Moothedan, 2001).

അഗഥയെ അനവധിയായ പീഡനങ്ങൾക്ക് വിധേയയാക്കി. പീഡയ്ക്കൊടുവിൽ അവളുടെ സ്തനങ്ങൾ ഛേദിച്ചു. പത്രോസ് ശ്ലീഹാ ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് അവൾക്ക് അത്ഭുത സൗഖ്യം നൽകി (White, 1991). പിന്നീട് ചുട്ടുപഴുത്ത കൽക്കരിയും (Britannica, 2001; Hoever 1989) ഓട്ടിൻകഷണങ്ങളും (ഓട്ടക്കലം) കലർത്തി അഗഥയെ അതിന്മേലിട്ടുരുട്ടി (White, 1991). അപ്പോൾ ആ പ്രദേശത്ത് ഭൂമികുലുക്കമുണ്ടായി. ഭൂമികുലുക്കത്തെ തുടർന്ന് ജനമെല്ലാം ലഹളയ്ക്കൊരുങ്ങുന്നത് ഭയപ്പെട്ട് അഗഥയെ ജയിലിലടച്ചുവെന്നും അവിടെവച്ച് മരിച്ചുവെന്നും (Britannica, 2001; Hoever, 1989) അതല്ല പീഡയിൽ മരിച്ചുവെന്നും

(White, 1991) രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധയുടെ രക്തസാക്ഷിമരണം A. D. 251ലാണെന്ന് കരുതപ്പെടുന്നു. (Motthedan, 2001; Hoever, 1989).

പാരമ്പര്യമനുസരിച്ച് വിശുദ്ധ അഗഥയുടെ രക്തസാക്ഷിമരണത്തിനുശേഷം ആദ്യവർഷം തന്നെ എറ്റ്നാ പർവ്വതം (Mount Etna) പൊട്ടിത്തെറിച്ച് ലാവ ഒഴുകുകയും പട്ടണവാസികൾ പരിഭ്രാന്തരാകുകയും ചെയ്തു. ആ സമയത്ത് ഒരു കൂട്ടം ആളുകൾ അഗഥയുടെ കബറിങ്കൽ നിന്ന് അവളുടെ ശിരോവസ്ത്രം കൊണ്ടുവന്ന് ഘോഷയാത്രയായി ലാവ ഒഴുകുന്ന മാർഗ്ഗത്തിൽ നിൽക്കുകയും ലാവ ഗതിമാറി ഒഴുകുകയും പട്ടണവാസികൾ സുരക്ഷിതരാകുകയും ചെയ്തു. (Day, 2002; Moothedan, 2001).

കന്യകയും രക്തസാക്ഷിയുമായ അഗഥയുടെ പേര് വിശുദ്ധ ജറോമിന്റെ രക്തസാക്ഷി പട്ടികയിലും കാർത്തേജിലെ (c. 530) കലണ്ടറിലും ഉൾപ്പെടുത്തിയിട്ടുണ്ട് (*Britannica*, 2001). ഈ വിശുദ്ധയുടെ ഓർമ്മ സുറിയാനിസഭ ഫെബ്രുവരി 5-ാം തീയതി ആഘോഷിക്കുന്നു. ഭൂമികുലുക്കത്തിലും സ്തനരോഗങ്ങളിലും അഗഥയെ പ്രത്യേക മധ്യസ്ഥയായി കരുതുന്നു.

## സുവിശേഷകനായ അറിയിപ്പുകാരൻ മർക്കോസ്
### (? - ഏ. ഡി. 68?)

മർക്കോസ് യെരൂശലേമിലോ (*The New Encyclopaedia Britannica* 1988, Vol. VII) ആഫ്രിക്കയിലെ ഫന്താപോലീസിലുള്ള ഈറന്നപ്പോല എന്ന പട്ടണത്തിലോ (Abdul Ahad, 1948) ജനിച്ചുവെന്നു കരുതപ്പെടുന്നു. മർക്കോസിന്റെ ജനനം യെരുശലേമിലായിരുന്നിരിക്കാമെന്നതിന്റെ അടിസ്ഥാനം മർക്കോസിന്റെ അമ്മയായ മറിയാമിന്റെ ഭവനം യെരുശലേമിലായിരുന്നുവെന്നതാണ്. മർക്കോസിന് യോഹന്നാനെന്നും (John Mark) പേരുണ്ടായിരുന്നതായി അപ്പോസ്തോലപ്രവർത്തികളിൽ കാണുന്നു (അപ്പൊ. പ്ര. 12:12).

മർക്കോസിന്റെ അമ്മയുടെ ഭവനം അപ്പൊസ്തലന്മാർ യെരൂശലേമിൽ കൂടിവന്നിരുന്ന സ്ഥലമായിരുന്നു. മർക്കോസിന്റെ ഭവനം ഇപ്പോൾ വി. മർക്കോസിന്റെ പള്ളി എന്ന പേരിൽ അറിയപ്പെടുന്ന സുറിയാനി സഭയുടെ പള്ളിയും യെരൂശലേം മെത്രാപ്പോലീത്തായുടെ ആസ്ഥാനവുമാണ്. പള്ളിയിലെ ശിലാഫലകത്തിൽ സുറിയാനിയിൽ താഴെ കാണുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

‘‘ഇത് മർക്കോസ് എന്ന് വിളിക്കപ്പെടുന്ന യോഹന്നാന്റെ അമ്മയായ മറിയാമിന്റെ ഭവനമാണ്. നമ്മുടെ കർത്താവായ യേശുമിശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം, പരിശുദ്ധ അപ്പൊസ്തോലന്മാർ ഇതിനെ ദൈവമാതാവായ കന്യകമറിയാമിന്റെ നാമത്തിലുള്ള ഒരു പള്ളിയായി പ്രഖ്യാപിച്ചു. തീത്തോസ് ഏ. ഡി. 73-ൽ യെരൂശലേം നശിപ്പിച്ചതിനുശേഷം ഇത് പുതുക്കിപ്പണിതു.’’

നമ്മുടെ കർത്താവ് പെസഹ ആചരിച്ചതും, പെന്തിക്കോസ്തി ദിവസം ശിഷ്യന്മാരുടെ കൂട്ടം പരിശുദ്ധാത്മവാസം പ്രാപിച്ചതും, മത്ഥിയാസിനെ തെരഞ്ഞെടുത്തതും (അപ്പൊ. പ്ര. 1: 21-25), ഏ. ഡി. 51-ൽ യെരൂശലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനായ യാക്കോബിന്റെ (കർത്താവിന്റെ സഹോദരൻ) അധ്യക്ഷതയിൽ അപ്പൊസ്തോലന്മാരുടെ കൗൺസിൽ കൂടിയതും, പത്രോസ് ശ്ലീഹാ ഒരിക്കൽ ജയിലിൽ നിന്നു മോചിതനായപ്പോൾ വന്ന് അഭയംതേടിയതും (അപ്പൊ. പ്ര. 12: 12-13) മർക്കോസിന്റെ *ഭവനത്തിലായിരുന്നു. (ദൈവത്തിന്റെ അളവറ്റ കരുണയാൽ രണ്ടായിരാമാണ്ട് മെയ് 9-ാം തീയതി വി. മർക്കോസിന്റെ പള്ളിയിൽ ബലിയർപ്പിക്കുന്നതിന് ഈ ഗ്രന്ഥകർത്താവിന് ഭാഗ്യമുണ്ടായി. 1927-ൽ യെരൂശലേം സന്ദർശിച്ച കേരളീയരായ മൂന്നു വൈദികരുടെ കബറുകളിലും (ദയറാ ചാപ്പലിനോടു ചേർന്നുള്ള) ധൂപാർപ്പണം നടത്തുകയുണ്ടായി).

മർക്കോസ് യെഹൂദനായിരുന്നു. മർക്കോസിന്റെ പിതൃസഹോദര പുത്രനായ ബർന്നബാസ് ലേവ്യനായിരുന്നതിനാൽ മർക്കോസും ഒരു ലേവ്യനായിരുന്നുവെന്ന് കരുതപ്പെടുന്നു (White, 1991). പത്രോസ് ശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങൾ വഴിയായി മർക്കോസ് ക്രിസ്ത്യാനിയായിത്തീർന്നു

(Abdul Ahad, 1948). പത്രോസ് ശ്ലീഹാ മർക്കോസിനെ ''എന്റെ മകനായ മർക്കോസ്'' എന്നാണ് അഭിസംബോധന ചെയ്യുന്നത് (1 പത്രൊ. 5:13).

മർക്കോസ് 70 അറിയിപ്പുകാരിൽ ഒരുവനായിരുന്നു (ലൂക്കൊ. 10:1). സുറിയാനിക്രമമനുസരിച്ച് മർക്കോസിന്റെ സുവിശേഷവായനയ്ക്കു മുൻപ് അറിയിപ്പുകാരനായ മർക്കോസിന്റെ (മർക്കോസ് മ്സബറോനോ) സുവിശേഷത്തിൽനിന്ന് എന്നു പറയുന്ന പതിവ് ആദ്യകാലം മുതലേ നിലനിന്നിരുന്നു.

മർക്കൊസ്, പത്രൊസ് ശ്ലീഹായുടെ ദ്വിഭാഷിയായിരുന്നുവെന്നും യേശുവിനെ കാണുകയോ അനുഗമിക്കുകയോ ചെയ്തിട്ടില്ലെന്നും അഭിപ്രായമുണ്ട് (*Nelson's Encyclopaedia*, 1913, Vol. VII). മർക്കോസ് യേശുവിനെ കണ്ടിട്ടുണ്ടെന്ന് ചിലർ അനുമാനിക്കുന്നു (Moothedan, 2001). ''ശിഷ്യന്മാർ തന്നെ വിട്ട് ഓടിപ്പോയി. ഒരു യുവാവ് തന്റെ പിന്നാലെ വന്നിരുന്നു. അവൻ ഒരു പുതപ്പുമാത്രം ധരിച്ചിരുന്നു. അവർ അവനെ പിടിച്ചു. അവൻ പുതപ്പ് ഉപേക്ഷിച്ച് നഗ്നനായി ഓടിപ്പോയി'' (മർക്കൊസ്: 14:50–52). ഈ യുവാവ് മർക്കൊസാണെന്നാണ് കരുതപ്പെടുന്നത്.

മർക്കൊസ്, പത്രൊസ് പൗലോസ് ശ്ലീഹന്മാരുടെ സന്തത സഹചാരിയായിരുന്നു. ശ്ലീഹന്മാരോടുകൂടെ റോമിൽ അഞ്ചു വർഷമെങ്കിലും ചിലവഴിച്ചുവെന്ന് കരുതപ്പെടുന്നു. കൊലോ. 4:10; അപ്പൊ. പ്ര. 12:25, 13:5; ഫിലേ. 1:24; 2 തിമൊ. 4:11 എന്നീ വാക്യങ്ങൾ അവരുടെ പ്രവർത്തനത്തെയും പരസ്പരബന്ധത്തെയും സ്പഷ്ടമാക്കുന്നതാണ്. പൗലോസ് ശ്ലീഹാ എന്റെ സഹപ്രവർത്തകൻ, ശുശ്രൂഷകൻ എന്നിങ്ങനെയുമാണ് മർക്കൊസിനെ വിശേഷിപ്പിക്കുന്നത്.

അറിയിപ്പുകാരനായ മർക്കൊസിന്റെ സുവിശേഷം മത്തായി, ലൂക്കോസ് എന്നീ സുവിശേഷഭാഗങ്ങളിൽ നിന്നും എടുത്തതാണെന്നും, ജാതികളിൽനിന്നും യെഹൂദന്മാരിൽ നിന്നും ക്രിസ്ത്യാനികളായവരെ പ്രകോപിപ്പിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കിയുള്ളതാണെന്നും അഭിപ്രായമുണ്ട് (*Nelson's Encyclopaedia*, 1913, Vol. VII). ദൈവനിശ്വാസിയതയെ ചോദ്യംചെയ്യുന്ന രീതിയിൽ പണ്ഡിതലോകത്തെ നിരൂപണങ്ങൾ ഓർത്തഡോക്സ്

ചിന്താഗതികൾക്കനുയോജ്യമല്ലെന്നത് വായനക്കാർ മനസ്സിലാക്കേണ്ടതാണ്.

പത്രോസ് ശ്ലീഹായുടെ പ്രസംഗങ്ങൾ രേഖപ്പെടുത്തികിട്ടണമെന്നാഗ്രഹിച്ച റോമാക്കാരുടെ താല്പര്യപ്രകാരമാണ് മർക്കോസ് സുവിശേഷമെഴുതിയതെന്ന് പപ്പിയാസ് (ഏ. ഡി. 60–135) അഭിപ്രായപ്പെട്ടിട്ടുണ്ട്. മർക്കൊസിന്റെ സുവിശേഷം റോമിലോ (*Encyclopaedia Americana*, 1988, Vol. 18) ഇറ്റലിയിലോ (Hoever, 1989) വച്ച് ഏ. ഡി. 60–നോടടുത്ത് എഴുതിയെന്ന് കരുതപ്പെടുന്നു.

പത്രൊസ് ശ്ലീഹാ മർക്കൊസിനെ (ഏ. ഡി. 61?) അലക്സന്ത്രിയായിലെ, ഒന്നാമത്തെ മെത്രാപ്പോലീത്തായായി നിയമിച്ചു (Encyclopaedia Americana, 1988, vol. 18). അലക്സന്ത്രിയായിലെത്തിയ മർക്കോസിനെ സംബന്ധിച്ച് Abdul Ahad (1948) സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അലക്സന്ത്രിയായിൽ സഞ്ചരിക്കവെ മർക്കൊസ് തന്റെ ചെരുപ്പു നന്നാക്കുന്നതിന് ഒരു ചെരുപ്പുകുത്തിയുടെ അടുക്കൽ ചെന്നു. അനിയാനോസ് എന്നു പേരുള്ള ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കുമ്പോൾ സൂചി കൈയിൽ തറച്ചു. വേദനകൊണ്ടു നിലവിളിച്ചപ്പോൾ മർക്കൊസ് അല്പം മണ്ണെടുത്ത് അനിയാനോസിന്റെ മുറിവിൽ പുരട്ടി. അവനു പെട്ടെന്ന് സൗഖ്യം വന്നു. പിന്നീട് അനിയാനോസിന്റെ ഭവനത്തിലേക്ക് മർക്കൊസിനെ കൂട്ടിക്കൊണ്ടുപോയി. ഭവനത്തിൽ വന്നുകൂടിയവരോട് മർക്കൊസ് യേശുവിനെക്കുറിച്ച് പ്രസംഗിച്ചു. അവരെല്ലാവരും വിശ്വസിച്ച് മാമോദീസാ ഏറ്റു.

ഏ. ഡി. 64–ൽ മർക്കൊസ് അവർക്കായി മൂന്നു പുരോഹിതന്മാരേയും ഏഴു ശെമ്മാശന്മാരെയും നിയമിച്ചു. അവരുടെ തലവനായി തനിക്കു പകരം അനിയാനോസിനെ എപ്പിസ്കോപ്പയായി നിയമിച്ചു. പിന്നീട് റോമിലേക്കു പോകുകയും പത്രൊസ് പൗലൊസ് ശ്ലീഹന്മാരുടെ സാക്ഷിമരണം വരെ റോമിൽ അവരോടു കൂടെ താമസിക്കുകയും ചെയ്തു. അതിനു ശേഷം അലക്സന്ത്രിയായിലേക്കു തിരികെപോന്നു.

അലക്സന്ത്രിയായിലെ സഭ നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു. എന്നാൽ ജാതികൾ മർക്കൊസിനെ കൊല്ലുവാനാഗ്രഹിച്ചു. അവരുടെ ദേവനായ സീറാബീസിന്റെ ഉത്സവദിവസം മർക്കൊ

സിനെ കുതിരകളുടെ വാലിൽ കെട്ടി ശരീരം നുറുങ്ങുന്നതു വരെ തെരുവിലൂടെ ഓടിച്ചു. മർക്കൊസ് മരിച്ചില്ലെന്ന് കണ്ട് രാത്രിയിൽ ഒരു മുറിയിൽ അടച്ചു. അടുത്ത ദിവസത്തെ പീഡനത്തിൽ മർക്കൊസ് രക്തസാക്ഷിമരണം പ്രാപിച്ചു. ഇത് ഏ. ഡി. 68–ലാണെന്ന് അബ്ദുൾ ആഹാദ് റമ്പാച്ചനും എ.ഡി. 75–ലായിരിക്കാമെന്ന് മറ്റു ചിലരും (e. g., White, 1991) അഭിപ്രായപ്പെടുന്നു. ഏതായാലും പത്രൊസ് പൗലൊസ് ശ്ലീഹന്മാരുടെ സാക്ഷിമരണത്തിനുശേഷമാണ് (ഏ. ഡി. 67) ഇതെന്ന് ഉറപ്പിച്ചു പറയാം.

വി. മർക്കൊസിന്റെ ശരീരം ദഹിപ്പിക്കുന്നതിന് ജാതികൾ വിറക് അടുക്കി തീ കത്തിച്ചപ്പോൾ പെട്ടെന്ന് വലിയ ഇടിമുഴക്കം ഉണ്ടായി, മഴ പെയ്യുകയും തീ കെട്ടുപോകുകയും ചെയ്തു. ജാതികൾ ഭയന്ന് ഓടിപ്പോയി. വിശ്വാസികൾ വി. മർക്കോസിന്റെ ശരീരം ആഘോഷസമേതം അലക്സന്ത്രിയായിൽ സംസ്കരിച്ചു. സുവിശേഷകനായ അറിയിപ്പുകാരൻ മർക്കൊസിന്റെ ഓർമ്മ ഏപ്രിൽ 25–ന് സുറിയാനിസഭ ആഘോഷിക്കുന്നു.

## ഊർശ്ലേമിന്റെ പ്രധാനാചാര്യനായ മോർ യാക്കോബ്
## (?  ഏ. ഡി. 62)

കർത്താവിന്റെ സഹോദരനായ യാക്കോബ് (മർക്കൊ. 6:3) നീതിമാനായ യൗസേഫിന്റെ ആദ്യഭാര്യയിലുള്ള മകനാണ്. (Abdul Ahad, 1948, p. 217; Joseph, 2005, p. 21). യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരുടെ കൂട്ടത്തിൽ യാക്കോബും മറ്റു സഹോദരന്മാരും ഉൾപ്പെട്ടിരുന്നില്ല. യേശുവിന്റെ പുനരുത്ഥാനത്തിനു മുമ്പ് ഇവർ യേശുവിൽ വിശ്വസിച്ചിരുന്നില്ല. (യോഹ. 7:5).

മോർ യാക്കോബ് സസ്യാഹാരം മാത്രമേ ഭക്ഷിച്ചിരുന്നുള്ളൂ. വീഞ്ഞും മാംസവും ഉപയോഗിക്കുകയോ, തലമുടി ക്ഷൗരം ചെയ്യുകയോ, ചെരുപ്പ് ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല (Abdul Ahad, 1948).

യേശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം യേശു, യാക്കോബിനു മാത്രമായി പ്രത്യക്ഷപ്പെട്ടതായി പൗലോസ് ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നു. (1 കൊരി. 15:7). ഏ. ഡി. 38-ൽ പൗലോസ് ശ്ലീഹാ ഊർശ്ലേമിൽ വച്ച് പത്രൊസ് ശ്ലീഹായെയും മോർ യാക്കോബിനെയും കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു (ഗലാ. 1:18-19). ഏ. ഡി. 51ൽ ഊർശ്ലേമിലെ സുന്നഹദോസിൽ പുറജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവർ പരിഛേദനയേൽക്കണമെന്ന തർക്കത്തെ സംബന്ധിച്ച്; ''വിഗ്രഹാർപ്പിതം, വേശ്യാവൃത്തി, രക്തം, ശ്വാസംമുട്ടിച്ച് കൊന്നത് എന്നിവയിൽ നിന്ന് അവർ ഒഴിഞ്ഞിരിക്കണമെന്ന്'' മോർ യാക്കോബ് അഭിപ്രായപ്പെടുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തു (അപ്പൊ. പ്ര. 15:13-21). ഊർശ്ലേമിലെ സുന്നഹദോസിനുശേഷം യാക്കോബ് ഒഴികെ മറ്റെല്ലാവരും സുവിശേഷവേലയ്ക്കായി വിവിധ രാജ്യങ്ങളിലേക്കു പോയി. അ.ഉ. 58ൽ പൗലോസ് ശ്ലീഹ (അവസാനമായി) ഊർശ്ലേമിൽ വന്നപ്പോൾ മോർ യാക്കോബ് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ.

മോർ യാക്കോബിന്റെ സുകൃതങ്ങൾമൂലം അദ്ദേഹം 'നീതിമാനായ യാക്കോബ്' എന്നാണറിയപ്പെട്ടിരുന്നത് (Cross & Livingstone, 1974). മുട്ടിന്മേൽ നിന്ന് ദീർഘമായി പ്രാർത്ഥിച്ചിരുന്നതിനാൽ ഇദ്ദേഹത്തിന്റെ മുട്ടുകൾ ഒട്ടകത്തിന്റേതുപോലെ തഴമ്പുള്ളവയായിരുന്നുവെന്ന് ഹെജിസിപ്പസ് രേഖപ്പെടുത്തിയിട്ടുണ്ട് (Eusebius, 1980).

യേശുക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കുന്നതിന് സൊപ്രെന്മാരും പരീശന്മാരും നിർബന്ധിച്ചപ്പോൾ ''ക്രിസ്തു കർത്താവും, രക്ഷിതാവും, പിതാവിന്റെ പുത്രനുമാണെന്ന്'' മോർ യാക്കോബ് ഉച്ചത്തിൽ ഏറ്റുപറഞ്ഞു. അതിനുള്ള ശിക്ഷയെന്നോണം മോർ യാക്കോബിനെ ദൈവാലയത്തിന്റെ മുകളിൽ കൊണ്ടുപോയി താഴേക്ക് തള്ളിയിട്ടു. ആ വീഴ്ചയിൽ അദ്ദേഹം മരിച്ചില്ലെന്ന് കണ്ടിട്ട് അലക്കുകാർ (വസ്ത്രം അലക്കുന്നവർ) വസ്ത്രം പിഴിയുന്നതിനുപയോഗിക്കുന്ന തടികൊണ്ട് (club of laundrymen) നീതിമാന്റെ തലയ്ക്കടിച്ചു കൊലപ്പെടുത്തി. മോർ യാക്കോബ് ഏ. ഡി. 62ൽ രക്തസാക്ഷിയായി എന്ന് കരുതപ്പെടുന്നു.

വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ഈ പരിശുദ്ധനെ ‘‘ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമെന്ന്’’ വിശേഷിപ്പിച്ചിരിക്കുന്നു. ഇദ്ദേഹമാണ് ആദ്യം വി. കുർബ്ബാനയർപ്പിച്ചത്. മോർ യാക്കോബിന്റെ വി. കുർബ്ബാന തക്സാ സുറിയാനിസഭയുടെ അമൂല്യസമ്പത്താണ്. വി. യാക്കോബിന്റെ ലേഖനം ഏ. ഡി. 61ൽ ഊർശ്ലേമിൽ വച്ച് ഇദ്ദേഹത്താൽ എഴുതപ്പെട്ടു. കർത്താവിന്റെ സഹോദരനായ മോർ യാക്കോബിന്റെ ഓർമ്മ ജൂൺ 19-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## വി. കുറിയാക്കോസ് സഹദായും മാതാവായ മർത്ത് യൂലിത്തിയും

(ഏ. ഡി. 302 ? - 305)

കുരിയാക്കോസ് ഏ. ഡി. 302ൽ തുർക്കിയിലെ ഇക്കോനിയ (Iconnium) പട്ടണത്തിൽ ഒരു കുലീന കുടുംബത്തിൽ ജനിച്ചു. കുരിയാക്കോസിന്റെ മാതാവയ യൂലിത്തി (Greek- Julietta) രാജവംശജയായിരുന്നു. കുരിയാക്കോസിന്റെ പിതാവ് സൈന്യാധിപന്മാരിൽ ഒരാളിയിരുന്നു (http://www.neamericandiocese.org/feasts-memorials.41/st-yulithi-st-kuriakose.aspx; n.a., 2016) കുരിയാക്കോസിന് മൂന്നു വയസ്സാകുന്നതിനു മുൻപുതന്നെ പിതാവ് നിര്യാതനായി.

യൂലിത്തി അവളുടെ സമയം പ്രാർത്ഥനയിലും ദരിദ്രരെ സഹായിക്കുന്നതിനുമായി ചിലവഴിച്ചു. അക്കാലത്ത് റോമൻ ചക്രവർത്തിയായ ഡയോക്ലിഷ്യൻ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനാരംഭിച്ചു. ആ പത്താമത്തെ മതപീഡനം ഇക്കോന്യയിലും പടർന്നുപിടിച്ചു. പീഡനത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി യൂലിത്തി മൂന്നു വയസ്സുമാത്രം പ്രായമുള്ള കുരിയാക്കോസിനേയും അവളുടെ രണ്ടു പരിചാരികമാരേയും കൊണ്ട് സെലൂക്യയി

ലേക്കുപോയി (Thurston & Attwater, 1990, Vol. II). അവിടെയും സ്ഥിതിഗതികൾ മോശമായിരുന്നതിനാൽ വിശുദ്ധ പൗലോസിന്റെ ജന്മസ്ഥലമായ തർസോസിലേക്കു പോയി. ആ പട്ടണത്തിന്റെ റോമൻ ഭരണാധികാരിയായ അലക്സന്ത്രോസ് ക്രിസ്ത്യാനികളോട് ക്രൂരമായാണ് പെരുമാറിയിരുന്നത്. യൂലിത്തിയെ നാടുവാഴിയുടെ അടുക്കൽ കൊണ്ടുവന്ന് ഇപ്രകാരം ആരോപിച്ചു. ഇവൾ ക്ഷുദ്രത്താൽ പട്ടണത്തെ ഇളക്കിയിരിക്കുന്നു. നമ്മുടെ ദേവന്മാർ ജീവനില്ലാത്തവരായതുകൊണ്ട് അവർക്ക് ബലി കഴിക്കരുതെന്ന് സകല മനുഷ്യരെയും പഠിപ്പിക്കുന്നു. അലക്സന്ത്രയോസ് ഇതുകേട്ടുകോപിച്ചു.

അലക്സന്ത്രയോസ് : നിന്റെ പേരെന്ത്?

യൂലിത്തി : ഞാൻ ഒരു ക്രിസ്ത്യാനിയാണ്

അലക്സന്ത്രയോസ് : നീ ദേവന്മാർക്ക് ബലി കഴിക്കുക

യൂലിത്തി : ഞാൻ ഒരു ക്രിസ്ത്യാനിയാണ്

അലക്സന്ത്രയോസ് : നീ ദേവന്മാർക്ക് ബലി കഴിച്ചില്ലെങ്കിൽ ഞെരുക്കങ്ങളും അതിവേദനകളും അനുഭവിക്കേണ്ടിവരും

യൂലിത്തി : നിങ്ങൾക്ക് സമ്മതമെങ്കിൽ തെരുവിൽ ആളെയയച്ച് മൂന്നു വയസ്സു മാത്രം പ്രായമുള്ള പൈതലിനെ അന്വേഷിക്കുക. ആ പൈതൽ പറയുന്നവനെ നാം സേവിക്കാം.

ഭടൻമാർ മൂന്നു വയസ്സു പ്രായമുള്ള പൈതലിനെ പരിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ സ്ഥാപിച്ചിരുന്ന പള്ളിയുടെ അടുത്തുവച്ച് കണ്ടെത്തി. ന്യായാധിപന്റെ മുൻപാകെ ഹാജരാക്കി.

അലക്സന്ത്രയോസ് : നീ എന്നെ അനുഗമിച്ച് ദേവ

ന്മാർക്ക് ബലി കഴിക്കുക. പ്രായമാകുമ്പോൾ ഞാൻ നിന്നെ ദേവന്മാരുടെ പുരോഹിതനാക്കാം. രാജാവും നിനക്ക് ധാരാളം പൊന്നും വെള്ളിയും തന്ന് നിന്നെ ബഹുമാനിക്കുകയും രാജ്യത്തിൽ നീ രണ്ടാമനായി വാഴുകയും ചെയ്യും.

കുരിയാക്കോസ് : നിന്റെ പൊന്നും വെള്ളിയും നിന്നോടുകൂടെ നശിച്ചുപോകട്ടെ

അലക്സന്ത്രയോസ് : നീ ഇവ എന്നോടു പറയുന്നതിന് എങ്ങനെ പഠിച്ചു.

കുരിയാക്കോസ് : ദൈവത്തിന്റെ പരുശുദ്ധാത്മാവാണ് എന്നെ പഠിപ്പിച്ചത്. അശുദ്ധനും രക്തത്തിനു ദാഹിക്കുന്നവനുമായ ദുഷ്ടാ ഞാൻ പറയുന്നതു കേൾപ്പാൻ പോലും നിനക്കു യോഗ്യതയില്ല.

അലക്സന്ത്രയോസ് കോപിഷ്ഠനായി കുരിയാക്കോസിനെ വരിഞ്ഞുകെട്ടി കഠിനമായി അടിച്ചു. ഭാഗ്യവാനായ കുരിയാക്കോസാകട്ടെ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്നു. അവർ അടിച്ച അടിയുടെ വടുക്കൾ (പാടുകൾ) കുരിയാക്കോസിന്റെ ദേഹത്തിൽ നിന്നും മാഞ്ഞുപോയതിനാൽ അലക്സന്ത്രയോസ് അതിശയിച്ചു.

തുടർന്ന് അമ്മയായ യൂലിത്തിയെകൊണ്ടുവന്ന് മകൻ ദേവന്മാരിൽ വിശ്വസിച്ചിരിക്കുന്നുവെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു. യൂലിത്തിയാകട്ടെ മകന്റെ വായിൽ നിന്ന് കേൾക്കാതെ വിശ്വസിക്കയില്ലെന്ന് പറഞ്ഞു. പുത്രനെ വരുത്തിയശേഷം കാര്യങ്ങൾ ഗ്രഹിച്ച യൂലിത്തി ഇപ്രകാരം പ്രാർത്ഥിച്ചു: ‘‘എനിക്കും എന്റെ ഉദരത്തിൽ നിന്നും പറപ്പെട്ട

എന്റെ പുത്രനും വാടാത്ത കിരീടം നൽകണമേ.'' ക്രുദ്ധനായ ന്യായധിപൻ ഉപ്പും ഗന്ധകവും പൊടിച്ച് കാടിയിൽ കലർത്തി മൂക്കിൽ ഒഴിപ്പാൻ കല്പിച്ചു. വീണ്ടും പീഢകൾക്കു വിധേയരാകുകയും കാരാഗ്രഹത്തിലടക്കുവാൻ കല്പിക്കുകയും ചെയ്തു. കാരാഗ്രഹത്തിൽ അവർ സങ്കീർത്തനം പാടി ദൈവത്തെ മഹത്വപ്പെടുത്തി.

ഏതാനും ദിവസങ്ങൾക്കുശേഷം ന്യായധിപൻ കാരാഗ്രഹത്തിൽ നിന്ന് കുരിയാക്കോസിനേയും മാതാവിനേയും കൊണ്ടുവരുന്നതിന് കല്പിച്ചു. എന്നിട്ടിപ്രകാരം പറഞ്ഞു: ''സ്രാപ്പിയൂന് ധൂപം വെക്കുന്നതിനുമാത്രം സമ്മതിക്കുക. ഞാൻ നിങ്ങളെ അഴിച്ചുവിടാം എന്നറിയിച്ചു''. അപ്രകാരം ഒരിക്കലും ചെയ്കയില്ലെന്നു ശഠിച്ച അവരെ വീണ്ടും കാരാഗ്രഹത്തിലടച്ചു. തടവിലായിരുന്ന 430 തടവുകാരെ കുരിയാക്കോസ് ഉപദേശിച്ച് മാനാസാന്തരപ്പെടുത്തി. വീണ്ടും വിവിധങ്ങളായ പീഡനങ്ങൾക്കുശേഷം തലയിൽ വർഷിച്ച തീക്കനലുകൾ ശോഭയുള്ള കിരീടങ്ങളാകുകയും ശരീരത്തിൽത്തറച്ച ആണികൾ തിരിച്ചുവന്ന് അലക്സന്ത്രയോസിന്റെ കഴുത്തിൽ തറക്കുകയും ചെയ്തു.

ഒടുവിൽ താഴേക്കു എറിയപ്പെട്ട കുരിയാക്കോസിന്റെ തലപൊട്ടി തൽക്ഷണം രക്തസാക്ഷിയാകുകയും ചെയ്തു (AbdulAhad,1948). മറ്റൊരു വിവരണം അനുസരിച്ച് മാതാവായ യൂലീത്തിയെ പീഡിപ്പിക്കുന്നതുകണ്ട കുരിയാക്കോസ് തന്നെ പിടിച്ചുനിർത്തിയവരുമായി മല്ലിടുന്നതിനിടയിൽ കുരിയാക്കോസിന്റെ നഖം അലക്സന്ത്രിയോസിന്റെ മുഖത്തുകൊള്ളുകയും ചെയ്തു. അതിൽ കുപിതനായ അലക്സന്ത്രയോസ് കുരിയാക്കോസിനെ കാലിൽതൂക്കി താഴേയ്ക്ക് എറിയുകയും തലയോട്ടി പൊട്ടി തൽക്ഷണം മരിക്കുകയും ചെയ്തു (Thurston & Attwater, 1990, Vol. II). അതുകണ്ടുനിന്ന യൂലിത്തി ഇപ്രകാരം പ്രാർത്ഥിച്ചു: ''ശോഭയുള്ള കിരീടം പ്രാപിക്കുന്നതിന് കുരിയാക്കോസിനെ നീ യോഗ്യനാക്കിയതിനാൽ നാഥാ ഞാൻ നിനക്ക് നന്ദിപറയു

ന്നു.'' അതുകേട്ട ന്യായാധിപൻ യൂലിത്തിയെ ശിരച്ഛേദനം ചെയ്യുന്നതിന് ഉത്തരവിട്ടു. ശിരച്ഛേദനം ചെയ്യപ്പെടുമ്പോൾ യൂലിത്തി ഇപ്രകാരം ആവർത്തിച്ച് വിളിച്ചുപറഞ്ഞു: ''ഞാൻ ഒരു ക്രിസ്ത്യാനിയാണ്, ഞാൻ ഒരു ക്രിസ്ത്യാനിയാണ്''. രാത്രിയിൽ യൂലിത്തിയുടെ പരിചാരികകളായിരുന്ന രണ്ടു സ്ത്രീകൾ രക്തസാക്ഷികളുടെ മൃതശരീരം തർസോസിനടുത്തുള്ള ഒരു ഗുഹയിൽ ഒളിപ്പിച്ചുവച്ചു. ഇത് ഏ. ഡി. 305 ജൂലൈ 15-ാം തീയതിയാണെന്ന് കരുതപ്പെടുന്നു.

കുസ്തന്തിനോസ് ചക്രവർത്തി അധികാരമേറ്റപ്പോൾ മോർ കുരിയാക്കോസും മൊർത്ത് യൂലിത്തിയും രക്തസാക്ഷിയായ സ്ഥലത്ത് ഒരു ദൈവാലയം പണി കഴിപ്പിച്ചു. നൈട്രോൺ താഴ്വരയിലെ വിശുദ്ധ മറിയാമിന്റെ നാമത്തിലുള്ള ദയറായിൽ ഇവരുടെ തിരുശേഷിപ്പുകളുടെ ഏതാനം ഭാഗം സൂക്ഷിച്ചിരിക്കുന്നു. മലേക്കുരിശ് ദയറായിലും വിശുദ്ധ കുരിയാക്കോസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. വിശുദ്ധ കുരിയാക്കോസ് സഹദായുടെയും മാതാവായ മൊർത്ത് യൂലിത്തിയുടെയും ഓർമ്മ പെരുന്നാൾ ജൂലൈ 15-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## വിശുദ്ധ സിപ്രിയാൻ

**(ഏ. ഡി. 200 - 258)**

വി. സിപ്രിയാൻ ഏ.ഡി. 200-ൽ കാർത്തേജിൽ (Carthage, Africa) ജനിച്ചു. ഇദ്ദേഹത്തിന്റെ മുഴുവൻ പേര് തസിയസ് സിസിലിയസ് സിപ്രിയാനസ് (Thascius Cicilius Cyprianus) എന്നാണ്. സിപ്രിയാന്റെ മാതാപിതാക്കൾ ഉന്നതകുലജാതരും, വിഗ്രഹാരാധനക്കാരും സമ്പന്നരുമായിരുന്നു.

സിപ്രിയാൻ നിയമം പഠിക്കുകയും അഭിഭാഷകവൃത്തി സ്വീകരിക്കുകയും ചെയ്തതായി ഭൂരിഭാഗം ചരിത്രകാരന്മാരും രേഖ

പ്പെടുത്തിയിട്ടുണ്ടെങ്കിലും ഇദ്ദേഹം പ്രസംഗകലയുടെ (Rhetoric) പ്രൊഫസറായിരുന്നുവെന്ന് ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏ. ഡി. 246-ലാണ് ഇദ്ദേഹം മാമോദീസാ സ്വീകരിച്ച് ക്രിസ്ത്യാനിയായത്. ഏറെതാമസിയാതെ തനിക്കുള്ള സമ്പത്തിന്റെ നല്ല പങ്ക് ദരിദ്രർക്കായി ഭാഗിച്ചു കൊടുത്തു.

ഏ. ഡി. 248-ൽ കാർത്തേജിലെ മെത്രാപ്പോലീത്തയായി. ഏ. ഡി. 250-ൽ റോമാചക്രവർത്തിയായ ഡെസിയസിന്റെ (Decius) പീഡകളെ തുടർന്ന് ഒളിവിൽ കഴിയേണ്ടി വന്നു. ഈ സാഹചര്യത്തിൽ ധാരാളം ക്രിസ്ത്യാനികൾ പീഡ ഭയന്ന് വിശ്വാസം ത്യജിച്ചു. ഏ. ഡി. 251-ൽ സിപ്രിയാൻ ഒളിവിൽനിന്ന് തിരിച്ചുവന്നു. എന്നാൽ സിപ്രിയാൻ ഒളിവിലായിരുന്നപ്പോൾ മതപീഡനത്തെ തുടർന്ന് വിശ്വാസം ത്യജിച്ച് പിന്നീട് സഭയിലേക്ക് മടങ്ങിവന്നവരെ സംബന്ധിച്ചും വേദവിപരീതികളിൽ നിന്ന് മാമോദീസാ സ്വീകരിച്ചവരെ സംബന്ധിച്ചും സഭയിൽ തർക്കങ്ങളുണ്ടായി. വിശ്വാസം വിട്ടുപോയവർ തിരികെ വരുമ്പോൾ സഭയിൽ ചേർക്കുന്നതിനെ സംബന്ധിച്ച് സിപ്രിയാൻ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചെങ്കിലും വേദവിപരീതികളിൽ നിന്ന് സ്നാനമേറ്റവരെ സ്വീകരിക്കുന്നതിനോട് യോജിച്ചില്ല.

മെറിഡ, ലിയോൺ എന്നീ സ്പാനിഷ് ആരാധനാസമൂഹങ്ങളിലുണ്ടായ തർക്കങ്ങളിൽ റോമായിലെ പോപ്പ് സ്തേഫാനോസ് ഒന്നാമന്റെ തീരുമാനത്തിനെതിരെ പുനർവിചാരണയ്ക്കായി ചിലർ സിപ്രിയാൻ മെത്രാപ്പോലീത്തായെ സമീപിച്ചു. വിശ്വാസം ത്യജിച്ച് വീണ്ടും മടങ്ങിവരുന്ന സാധാരണ ജനത്തിനോട് കാണിക്കുന്ന അനുകൂലമായ നിലപാട് വൈദികരോട് സ്വീകരിക്കുന്ന കാര്യത്തിൽ സിപ്രിയാന് യോജിപ്പുണ്ടായിരുന്നില്ല. ''വിശ്വാസം ഉപേക്ഷിച്ചുപോയ വൈദികനിൽ വി. റൂഹാ വസിക്കുന്നില്ലെന്നും വി. റൂഹായുടെ നൽവരമില്ലാത്തവർക്ക് അത് (മാമോദീസായാൽ) നൽകാനാവില്ലെന്നും'' സിപ്രിയാൻ രേഖപ്പെടുത്തി (Letter 67).

മേൽവിവരിച്ച തർക്കവിഷയങ്ങളിൽ സിപ്രിയാൻ മെത്രാപ്പോലീത്തായും പോപ്പ് സ്തേഫാനോസ് ഒന്നാമനും തമ്മിൽ ചില നീരസങ്ങളുണ്ടായി. പൗരോഹിത്യത്തിന്റെ ഉറവിടം പത്രോസിന്റെ സിംഹാസനമാണെന്നതിനെ സിപ്രിയാൻ ഊന്നിപറഞ്ഞി

രുന്നുവെങ്കിലും റോമിന്റെ ഭരണപരമായ വിശേഷാധികാരത്തെ സ്വീകരിച്ചിരുന്നില്ല.

ഏ. ഡി. 252-ൽ ഗാലസ് (Gallus) ചക്രവർത്തിയുടെ പീഡകളെ സഭ അതിജീവിക്കുകയും സിപ്രിയാന് വിരോധിയായ നൊവേറ്റസ് (Novatus) മെത്രാപ്പോലീത്തായുടെ വിഘടിതപ്രവർത്തനങ്ങളെ നേരിടുകയും ചെയ്തു. സിപ്രിയാനെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തതിനെ എതിർത്ത ഒരു വൈദികനായിരുന്നു നൊവേറ്റസ്.

സ്തേഫാനോസ് ഒന്നാമൻ പോപ്പ് ഏ. ഡി. 257-ൽ രക്തസാക്ഷിയായി. പിന്നീടുണ്ടായ പിൻഗാമികൾ അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ചതിനാൽ റോമും കാർത്തേജുമായുള്ള മുറിവുകൾ കുറെയൊക്കെ ഉണങ്ങുന്നതിന് സാഹചര്യമുണ്ടായി. ഏ. ഡി. 253-260 കാലഘട്ടത്തിൽ റോമൻ ചക്രവർത്തിയായിരുന്ന വലേറിയൻ (Valerian) ഒരു രാജശാസനം പുറപ്പെടുവിച്ചു. ആയതിൻപ്രകാരം ക്രിസ്തീയകൂട്ടായ്മകൾ നിരോധിക്കുകയും ക്രിസ്ത്യാനികളും പുരോഹിതഗണത്തിലുള്ളവരും രാജ്യത്തിലെ ഔദ്യോഗിക ആരാധനയിൽ പങ്കുചേരണമെന്നും അല്ലാത്തപക്ഷം രാജ്യം വിടണമെന്നും ഉത്തരവായി. ഇതേത്തുടർന്ന് (ഓഗസ്റ്റ് 30) 257-ൽ സിപ്രിയാൻ മെത്രാപ്പോലീത്തായെ ഹമാമത്തിലെ (Gulf of Hammamet) കുർബിസിൽ (Curubis or Kurba) വീട്ടുതടങ്കലിലാക്കി. പിന്നീട് കർശനമായ രാജകല്പനയുണ്ടാകുകയും ഏ. ഡി. 258-ൽ കാർത്തേജിലേക്കു തിരികെ കൊണ്ടുവരികയും വിചാരണം ചെയ്യുകയും സെപ്റ്റംബർ 14-ാം തീയതി വധിക്കുകയും (ശിരസ്സു ഛേദിക്കുകയും) ചെയ്തു.

ആഫ്രിക്കയിലെ സഭയിലെ കഴിവുള്ള ദൈവശാസ്ത്രജ്ഞനും, മെത്രാപ്പോലീത്തായും ധൈര്യമുള്ള ഭടനുമായിരുന്നു വി. സിപ്രിയാൻ. വടക്കേ ആഫ്രിക്കയിലെ ദൈവശാസ്ത്രജ്ഞനായ തെർത്തുല്യനിൽ നിന്നാണ് വി. സിപ്രിയാൻ ദൈവശാസ്ത്രചിന്തകൾ സ്വീകരിച്ചതെന്ന് കരുതപ്പെടുന്നു. ആവശ്യങ്ങളിലും ഭയത്തിലും പ്രാർത്ഥനയുടെ ആരംഭത്തിലും അന്ത്യത്തിലും മറ്റു സന്ദർഭങ്ങളിലും വിശുദ്ധ സ്ലീബായുടെ അടയാളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് വി. സിപ്രിയാൻ പ്രതിപാദിച്ചിട്ടുണ്ട്.

സ്തേഫാനോസ് ഒന്നാമൻ പോപ്പുമായി സിപ്രിയാൻ തർക്കത്തിലായിരുന്നെങ്കിലും കത്തോലിക്കാസഭയും വി. സിപ്രിയാനെ അംഗീകരിക്കുന്നുണ്ട്. വി. സിപ്രിയാന്റെ പെരുന്നാൾ സെപ്റ്റംബർ 16-ാം തീയതി സഭ ആചരിക്കുന്നു.

## വി. സർഗ്ഗീസും ബാക്കോസും

**(d. ഏ. ഡി. 303?)**

വിശദമായ ചരിത്രം ലഭ്യമല്ലെങ്കിലും ഏറ്റവും കൂടുതൽ ആധികാരികതയുള്ളതും കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽ ഒരുപോലെ പെരുന്നാളാഘോഷിക്കപ്പെടുന്നതുമായ രക്തസാക്ഷികളിൽ ഏറെ പഴക്കമുള്ള രണ്ട് വിശുദ്ധരാണ് സർഗ്ഗീസും ബാക്കോസും (Sergius & Bacchus). ഇവർ രണ്ടുപേരും സിറിയയുടെ അതിർത്തിയിൽ റോമൻ സൈന്യത്തിലെ ഉദ്യോഗസ്ഥരായിരുന്നു (*Encyclopaedia Britannica*, 2001). ഇവർ രണ്ടുപേരും റോമൻ ചക്രവർത്തിയായ മക്സിമിയന് (Maximian) പ്രിയപ്പെട്ടവരായിരുന്നു.

സർഗ്ഗീസും ബാക്കോസും ക്രിസ്ത്യാനികളായിരുന്നതിനാൽ ജൂപിറ്റൽ എന്ന ജാതികളുടെ വിഗ്രഹങ്ങളെ ആരാധിക്കുന്നതിന് തയ്യാറായില്ല. ഈ കാരണത്താൽ ഇവരെ സ്ത്രീകളുടെ വേഷം ധരിപ്പിച്ച് തെരുവീഥിയിലൂടെ നടത്തുകയും തുടർന്ന് റിസെയ്ഫ് (Risafe, a city in ruins in Central Syria) എന്ന സ്ഥലത്തു കൊണ്ടുപോയി ഉടക്കുചാട്ട കൊണ്ട് അടിപ്പിക്കുകയും ചെയ്തു. ഇതേത്തുടർന്ന് ബാക്കോസ് മരിച്ചു. സർഗ്ഗീസിനെ ആണിതറച്ച് പലകയിലൂടെ നടത്തിയശേഷം ശിരച്ഛേദനം ചെയ്തു. ഈ സംഭവം നടന്നത്, അ.ഉ. 303ലോ അ.ഉ. 312ലോ എന്ന് തീർച്ചപറയത്തക്ക ചരിത്രരേഖകളില്ല.

ഏ. ഡി. 431-ൽ ഹിരയാപോലീസില (Hierapolis) മെത്രാപ്പോലീത്തയായ അലക്സാണ്ടർ സർഗ്ഗീസിന്റെ കബറിടത്തിനു മുകളിലുണ്ടായിരുന്ന പള്ളി പുനരുദ്ധരിച്ചു. താമസിയാതെ റിസെയ്ഫ് പള്ളി ഒരു പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായി അറിയപ്പെട്ടു.

ബൈസന്റയിൻ ചക്രവർത്തി ജസ്റ്റിനിയൻ ഒന്നാമൻ റിസെയ്ഫ് പട്ടണത്തിന്റെ പേര് സെർജിയോപോലീസ് (Sergiopolis) എന്നാക്കി. സർഗ്ഗീസിന്റെ നാമത്തിൽ കോൺസ്റ്റാന്റിനോപ്പിളിലും (now Istambul) പലസ്തീനിലും ജസ്റ്റിനിയൻ പള്ളികൾ പണികഴിപ്പിച്ചു. സർഗ്ഗീസിന്റെയും ബാക്കോസിന്റെയും പെരുന്നാൾ ഒക്ടോബർ 7-ാം തീയതി സഭ ആഘോഷിക്കുന്നു.

## രക്തസാക്ഷികളായ ബർബാറയും യൂലിയാനയും

**(ഏ. ഡി. ? - 303)**

രക്തസാക്ഷികളായ ബർബാറയുടെയും യൂലിയാനയുടെയും (Barbara, Juliana) ജീവചരിത്രത്തെക്കുറിച്ച് വളരെ പരിമിതമായ അറിവുമാത്രമേ ലഭ്യമായിട്ടുള്ളൂ. പരിശുദ്ധന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ പലതിലും (e.g., Hoever, 1989; White, 1991) മേൽപറഞ്ഞ ശുദ്ധിമതികളെ സംബന്ധിക്കുന്ന പരാമർശങ്ങളില്ല.

ബർബാറ നിക്കോമേദിയായിലെ (Nicomedia in Bithynia, Modern Isnik, Turkey) ദീയസ്ക്കോറോസ് പ്രഭുവിന്റെ മകളായി ജനിച്ചു. (Aphrem, 1963; The *Encyclopedia Americana*, 1988; Brock & Taylor, 2001). കന്യകയായ ബർബാറ അതീവ സുന്ദരിയായതിനാൽ പിതാവ് അവളെ സംരക്ഷിക്കുന്നതിന് ഒരു കോട്ടയിൽ ഏകാന്തയായി താമസിപ്പിച്ചു (*Encarta*, 2001).

ഒരിക്കൽ പിതാവ് ഒരു യാത്രകഴിഞ്ഞ് മടങ്ങിവന്നപ്പോൾ ബർബാറ താൻ ഒരു ക്രിസ്ത്യാനിയാണെന്ന് ഏറ്റുപറഞ്ഞു. (*The Encyclopedia Americana*, 1988, p. 220). പിതാവിന്റെ ഇഷ്ടത്തിനു വിരുദ്ധമായി ബർബാറ ക്രിസ്ത്യാനിയായതിനാൽ പിതാവ് ഏറ്റവും കോപിച്ചു. പിതാവ് അവളെ കൊല്ലുന്നതിന് വാളെടുത്തെങ്കിലും ബർബാറ ഓടി രക്ഷപെട്ടു.

പിന്നീട്, പിതാവായ ദീയസ്ക്കോറോസ് പുറജാതിക്കാരനായ ഒരു പ്രഭുവിന് ബർബാറയെ വിഹാഹം ചെയ്തുകൊടുക്കുന്നതിന് നിശ്ചയിച്ചു. ബർബാറ അതിനു വഴങ്ങിയില്ല. പിതാവ് ബർബാറയെ ഭയപ്പെടുത്തുകയും നഗരാധിപനായ മർക്കിയാന്റെ

അടുക്കലേക്കു കൊണ്ടുപോകുകയും ചെയ്തു. ബർബാറയുമായി സംസാരിച്ചിട്ടു പ്രയോജനമില്ലാത്തതിനാൽ അവളെ വിവിധ ദണ്ഡനങ്ങൾക്ക് വിധേയയാക്കി. ഇരുമ്പു ചീപ്പുകൾകൊണ്ട് തുടകൾ ചീകി പറിക്കുകയും, സ്തനങ്ങൾ ഛേദിക്കുകയും ചെയ്തു (Aphrem, 1963). ആ കാലഘട്ടത്തിലെ മൃഗീയപീഡകളെ സംബന്ധിച്ച് വന്ദ്യ അബ്ദുൾ ആഹാദ് റമ്പാച്ചൻ (പ. യാക്കോബ് തൃതീയൻ ബാവ) 1948-ൽ എഴുതിയ ആദിമനൂറ്റാണ്ടിലെ ചരിത്രപുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ബർബാറ അനുഭവിച്ച കഠിനപീഡകളിൽ, അവളുടെ സഖിയായ യൂലിയാന ധൈര്യം പൂണ്ട് ബർബാറയോട് അനുഭാവം പ്രകടിപ്പിച്ചതിനാൽ അവളെയും ബന്ധനത്തിലാക്കി മർദ്ദിച്ചു. പീഡയ്ക്കൊടുവിൽ ബർബാറയുടെ പിതാവു തന്നെ ബർബാറയുടെ ശിരഛേദനം ചെയ്തു. അവളോടുകൂടെ സഖിയായ യൂലിയാനയും നിക്കോമേദിയായിൽ സാക്ഷിമരണം പ്രാപിച്ചു. ഈ രക്തസാക്ഷിമരണം എ. ഡി. 303 ഡിസംബർ 4-ാം തീയതിയായിരുന്നു. (Aphrem, 1963). ചില വിജ്ഞാനകോശങ്ങളിൽ രക്തസാക്ഷി മരണം വരിച്ച വർഷം എ. ഡി. 235-നോടടുത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (e.g., *Nelson's Encyclopedia,* 1913, p. 574; *Encarta* 2001). രക്തസാക്ഷിമരണത്തിന്റെ കാലഘട്ടം ഡയോക്ലീഷന്റെ ഭരണകാലത്തായതിനാൽ എ. ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആകാമെന്നും (*The Encyclopedia Americana*, 1988) കരുതപ്പെടുന്നു.

ശുദ്ധിമതിയായ ബർബാറയുടെ ശിരഛേദനം നടത്തി മടങ്ങിയ ദീയസ്ക്കോറോസ് ഇടിമിന്നലേറ്റ് കത്തിക്കരിഞ്ഞു (*Encarta*, 2001). ഈ പശ്ചാത്തലത്തിൽ ബർബാറയെ ഇടിമിന്നൽ, കൊടുങ്കാറ്റ് എന്നീ പ്രതികൂലതകളിൽ മധ്യസ്ഥയായി കരുതിവരുന്നു. ഈ രക്തസാക്ഷികളുടെ ഓർമ്മ ഡിസംബർ 4-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു. ചരിത്രപരമായ വിവരണങ്ങളിലെ കൃത്യത സംശയാസ്പദമായതിനാൽ ചില സഭകൾ കന്യകാവ്രതക്കാരും രക്തസാക്ഷികളുമായ ഈ ശുദ്ധിമതികളുടെ ഓർമ്മ ആചരിക്കുന്നില്ല.

# സഹദായായ മാബൂഗിലെ മോർ പീലക്സീനോസ്

(ഏ. ഡി. 450 - 523)

പീലക്സീനോസ് ഇറാഖിലെ തഹൽ എന്ന സ്ഥലത്ത് ജനിച്ചു. പീലക്സീനോസ് എന്ന ഗ്രീക്ക് പദത്തിന് ''പരദേശികളെ സ്നേഹിക്കുവിൻ'' എന്നർത്ഥമാണുള്ളത്. അക്സനായ (Xenaya) എന്നായിരുന്നു ആദ്യത്തെ പേര്. അക്സനായ തന്റെ പ്രാരംഭ പഠനം ഉറഹായിലും പിന്നീട് അന്ത്യോഖ്യയിലെ 'ടെൽ ആദ'യിലും നടത്തിയശേഷം മോർ ഗബ്രിയേലിന്റെ ദയറായിൽ (കർത്തമിൻ ദയറ) ചേർന്ന് കശീശായായി.

ഏ. ഡി. 485 ആഗസ്റ്റ് 18-ാം തീയതി പത്രോസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവാ (Peter, the Fuller) അക്സനായ കശീശയെ മോർ പീലക്സീനോസ് എന്നപേരിൽ മാബൂഗിലെ (Hierapolis or Mabbug) മെത്രാപ്പോലീത്തയായി നിയമിച്ചു (Smith & Wace, 1887). അന്ത്യോഖ്യായുടെ ഫ്ളേവിയൻ രണ്ടാമന്റെ (ഏ. ഡി. 498-512) വിശ്വാസ സ്ഥിരതയില്ലായ്മയെ തുടർന്ന് ഏ. ഡി. 512-ൽ ഫ്ളേവിയൻ പാത്രിയർക്കീസിനു പകരം മഹാനായ സേവേറിയോസ് പാത്രിയർക്കീസ് സ്ഥാനമേറ്റു.

മാബൂഗിലെ മോർ പീലക്സീനോസ് പ. സേവേറിയോസ് പാത്രിയർക്കീസിന്റെ പ്രധാന വക്താവും, സുറിയാനി സഭാപിതാക്കന്മാരിൽ പണ്ഡിതനുമായിരുന്നു. സുറിയാനി, ഗ്രീക്ക് ഭാഷകളിൽ അവഗാഹമുണ്ടായിരുന്നതിനാൽ ഏ. ഡി. 508-ൽ പുതിയനിയമത്തിന്റെ സുറിയാനിപതിപ്പ് ഏറ്റവും കൃത്യതയോടെ പ്രസിദ്ധീകരിച്ചു (Douglas, 1978).

മോർ പീലക്സീനോസിന്റെ 170-ലധികം എഴുത്തുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൽക്കദൂന്യരുടെ വിരുദ്ധോപദേശത്തെക്കുറിച്ചും, സന്യാസജീവിതത്തെക്കുറിച്ചും, ജഡധാരണത്തെക്കുറിച്ചും (*The perfect christian life, The Trinity and the incarnation*), ആണ്ടടക്കമുള്ള പ്രസംഗങ്ങൾ, മൂന്നു വി. കുർബ്ബാന തക്സാകൾ, യാമപ്രാർത്ഥനകൾ എന്നിവ അവയിൽ ഉൾപ്പെടുന്നു.

പീലക്സീനോസിന്റെ എഴുത്തുകളിൽ യേശുമശിഹായുടെ ജഡധാരണത്തെ സംബന്ധിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ദൈവമായ വചനം വ്യത്യാസം കൂടാതെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി കന്യകയുടെ ഗർഭപാത്രത്തിൽ മനുഷ്യനായിത്തീർന്നു. അങ്ങനെ ദൈവമായിരിക്കുമ്പോൾ തന്നെ ദൈവത്തെ കാണുന്നതിനും, സ്പർശിക്കുന്നതിനും, അനുഭവിക്കുന്നതിനും സാധിക്കത്തക്കവിധം ദൈവം മനുഷ്യനായിത്തീർന്നു.''

ഏ. ഡി. 518-ൽ ഭരണാധിപനായ സത്യവിശ്വാസിയായ അനസ്താസ് (Anastas Caesar) നിര്യാതനാകുകയും പിൻഗാമിയായി കൽക്കദൂന്യവിശ്വാസിയായ യുസ്തീനോസ് (Justinus) സത്യവിശ്വാസികളെ പീഡിപ്പിക്കുകയും പീലക്സീനോസിനെ ബൾഗേറിയയിലെ ഫിലിബോറിസിലേക്കു നാടുകടത്തുകയും 5 വർഷത്തോളം കഠിന ഉപദ്രവങ്ങൾ ഏല്പിക്കുകയും ചെയ്തു. എന്നാൽ മോർ പീലക്സീനോസ് തന്റെ എഴുത്തുകൾ നിർബാധം തുടർന്നുകൊണ്ടിരുന്നു. പിന്നീട് ഗൻഗാറ (Ghangara) എന്ന സ്ഥലത്തേക്ക് മാറ്റുകയും ഒരു മുറിയിൽ കതകുകളും ജനലുകളും അടച്ച് പുക അകത്തുകയറ്റി ശ്വാസം മുട്ടിച്ച് കൊല്ലുകയും ചെയ്തു (Smith & Wace, 1887; Aphrem, 1963). ഈ കൃത്യം നടന്നത് ഏ. ഡി. 523 ഡിസംബർ 10-ാം തീയതിയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ സഹദായായ പിതാവിന്റെ ഓർമ്മ ഡിസംബർ 10-ാം തീയതി സഭ ആഘോഷിക്കുന്നു.

## വിശുദ്ധ കന്യകമറിയാം
### (ബി. സി. 14? - ഏ. ഡി. 37?)

വി. കന്യകമറിയാമിന്റെ ജനനത്തെ സംബന്ധിച്ചും നിര്യാണത്തെ സംബന്ധിച്ചും കൃത്യമായ വിവരണങ്ങളൊന്നും വിജ്ഞാനകോശങ്ങളിൽ ലഭ്യമല്ല. കന്യകമറിയാം നേർച്ച പുത്രിയായി യെരൂശലേം ദൈവാലയത്തിൽ വളർത്തപ്പെട്ടുവെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട് (e.g., Abdul Ahad, 1948). കന്യക

മറിയാം യെഹൂദഗോത്രത്തിലും ദാവീദുവംശത്തിലും പെട്ട ഏലിയാസാറിന്റെ രണ്ടാമത്തെ പുത്രനായ യൂയാക്കീമിന്റെയും (Joachim, യൂനോക്കീർ, ഹേലി) ലേവിഗോത്രത്തിൽ അഹറോന്റെ വംശത്തിൽപെട്ട ഹന്നയുടെയും (Ann, ദീന) പുത്രിയായി ബി. സി. 14-ൽ ജനിച്ചുവെന്ന് കരുതപ്പെടുന്നു.

കന്യകമറിയാമിന് വിവാഹനിശ്ചയം ചെയ്യപ്പെട്ട യൗസേഫ് യാക്കോബിന്റെ മകനാണെന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ (മത്താ. 1:16) പറഞ്ഞിരിക്കുന്നു. യൗസേഫ് ഹേലിയുടെ പുത്രൻ എന്ന് വി. ലൂക്കോസിന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു (ലൂക്കൊ. 3:23). ഇതിനുകാരണം സ്വഭാവപ്രകാരം യൗസേഫ് യാക്കോബിന്റെയും പ്രമാണമനുസരിച്ച് ഹേലിയുടെയും പുത്രനായിരുന്നു. എന്തെന്നാൽ യൗസേഫ് ഹേലിയുടെ (യൂയാക്കീം) പുത്രി മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ടവനായിരുന്നു. യൗസേഫിന്റെയും മറിയാമിന്റെയും പിതാമഹൻ മാഥാനാണ് (Abdul Ahad, 1948). യൗസേഫ് നസ്രേത്തിൽ നിന്നുള്ള ഒരു മരപ്പണിക്കാരനായിരുന്നു. യൗസേഫിന് ഏഴ് മക്കളുണ്ടായിരുന്നു. ആ ഏഴുപേരിൽ പെട്ടവരായ യാക്കോബ്, ശെമവൂൻ, യോസി, യെഹൂദ എന്നിവരെയാണ് കർത്താവിന്റെ സഹോദരന്മാരെന്നു പറഞ്ഞിരിക്കുന്നത് (മർക്കൊ. 6:3).

ഒരിക്കൽ കന്യകമറിയാമിന്റെ മാതാപിതാക്കളായ യൂയാക്കീമിന്റെയും ഹന്നായുടെയും കാഴ്ച (നേർച്ച) പുരോഹിതന്മാർ നിരസിച്ചു. കാരണം, ഹന്ന വന്ധ്യയായിരുന്നുവെന്നതാണ്. പ്രായമേറെ ചെന്നിട്ടും ഗലീലിയൻ ഗ്രാമത്തിൽ ജീവിച്ചിരുന്ന ഈ ദമ്പതികൾക്ക് മക്കളില്ലായിരുന്നു. ഈ അപമാനം നിമിത്തം അവർ കണ്ണുനീരോടെ പ്രാർത്ഥിക്കുകയും അവർക്കുണ്ടാകുന്ന കുഞ്ഞിനെ ദൈവത്തിനു നേർച്ചയായി കൊടുക്കുന്നതിനും തീരുമാനിച്ചു. അങ്ങനെ അവരുടെ യാചനയ്ക്ക് ഉത്തരമായി ലഭിച്ച മകൾക്ക് പ്രകാശമെന്നർത്ഥമുള്ള മറിയാം എന്നു പേരിട്ടു. ഈ മറിയാം മൂന്നു വയസ്സുള്ളപ്പോൾ നേർച്ചയായി യെരൂശലേം ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടു.

മൂന്നു വയസ്സു മുതൽ 13 വയസ്സുവരെ മറിയാം ദൈവാലയത്തിൽ താമസിച്ച് വി. വസ്ത്രങ്ങളും അലങ്കാരങ്ങളും തയ്ച്ചു വി. ദൈവാലയത്തിൽ ശുശ്രൂഷകൾ ചെയ്തു ജീവിച്ചുവന്നു.

13 വയസ്സിനുശേഷം ദൈവാലയത്തിൽ തുടർന്ന് താമസിക്കുന്നത് യോഗ്യമല്ല എന്ന ദൈവിക ആലോചനപ്രകാരം വിവാഹം നിശ്ചയിക്കപ്പെട്ടു.

യൗസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട കന്യകമറിയാമിന്റെ അടുക്കൽ മാലാഖയുടെ അറിയിപ്പ് (ലൂക്കൊ. 1:27) മുതലാണ് പുതിയനിയമത്തിൽ മറിയാം പ്രത്യക്ഷപ്പെടുന്നത്. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പ്രാർത്ഥനയിൽ ഏകമനസ്സോടെ ഇരിക്കുമ്പോഴാണ് (അപ്പൊ. പ്ര. 1:14) മറിയാമിനെ അവസാനമായി പുതിയ നിയമത്തിൽ കാണുന്നത്. ഇതിനിടയിൽ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോഴും (ലൂക്കൊ. 2: 21-25), പെസഹാപെരുന്നാളിന് യെരുശലേമിലേക്ക് പോയപ്പോഴും (ലൂക്കൊ. 2:41-43), കാനാവിലെ കല്യാണത്തിലും (യോഹ. 2:1-2), യേശുവിന്റെ പരസ്യശുശ്രൂഷയുടെ ഒരവസരത്തിലും (മർക്കൊ. 3:31), കുരിശിന്റെ ചുവട്ടിലും (യോഹ. 19:25-26) കന്യകമറിയാമിനെ പ്രവർത്തനനിരതയായി കാണുന്നുണ്ട്.

ദൈവമാതാവായ വി. മറിയാമിനോടുള്ള മധ്യസ്ഥതയും പ്രത്യേക ആദരവും അപ്പൊസ്തോലികകാലം മുതൽ നിലനിന്നിരുന്നു. സുറിയാനിസഭയിൽ ദൈവമാതാവിന്റെ 8 പെരുന്നാളുകളാണ് ആചരിച്ചുവരുന്നത്.

| | |
|---|---|
| ജനുവരി 15 | - വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| മാർച്ച് 25 | - വചനിപ്പ് (അറിയിപ്പ്) പെരുന്നാൾ |
| മെയ് 15 | - കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| ജൂൺ 15 | - ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ ഓർമ്മ |
| ആഗസ്റ്റ് 15 | - ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, മുന്തിരിത്തണ്ടുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| നവംബർ ? | - കന്യകമറിയാമിനോടുള്ള അറിയിപ്പ് ക്രിസ്തുമസ്സിന് ഏതാണ്ട് നാലാഴ്ച മുമ്പും ആചരിക്കുന്നു. |

സെപ്റ്റംബർ 8 - കന്യകമറിയാമിന്റെ ജനനപെരുന്നാൾ

ഡിസംബർ 26 - ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ

വിശുദ്ധ കന്യകമറിയാമിനെ സംബന്ധിച്ച് ക്രൈസ്തവ സഭകൾ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുന്നുവെന്നത് ഒരു വസ്തുതയാണ്. വി. മറിയാമിനെ ആദിമസഭ എങ്ങനെ പരിഗണിച്ചിരുന്നുവെന്നത് ഇന്നും തർക്കവിഷയമാണ്. വേദ പുസ്തകം മാത്രം ആശ്രയിക്കുന്ന നവീന സഭകൾക്ക് ആദിമസ ഭയുടെ ചരിത്രവും പാരമ്പര്യവും അപ്രസക്തവുമാണ്. അപ്പൊ സ്തോലന്മാർ വി. മറിയാമിനെ സംബന്ധിച്ച് എന്തു വിശ്വാസം പുലർത്തിയിരുന്നുവെന്ന് ചരിത്രപരമായ തെളിവുകളുടെയും സുറിയാനിസഭയുടെ ആരാധനാക്രമങ്ങളുടെയും അടിസ്ഥാന ത്തിൽ പരിശോധിക്കേണ്ടതാണ്.

വി. കന്യകമറിയാം വിശുദ്ധ ജീവിതത്തിന് മാതൃകയാണെ ന്ന് സെക്റ്റേറിയൻ സഭകളൊഴിച്ചുള്ള സഭാവിഭാഗങ്ങൾ അം ഗീകരിക്കുന്നുണ്ട്. എന്നാൽ വി. മറിയാമിനെ സംബന്ധിക്കുന്ന വിശ്വാസാചാരങ്ങളിൽ പലതിനും വേദപുസ്തകത്തിന്റെ തൃപ്തി കരമായ പിൻബലമില്ലെന്നാണ് ചില സഭകളുടെ നിലപാട്. എക്യുമെനിസത്തിന്റെ കാലഘട്ടത്തിൽ ഈ വ്യത്യാസങ്ങൾ പെരുപ്പിച്ച് കാണിക്കുന്നത് അടിസ്ഥാനക്രിസ്തീയ വിശ്വാസങ്ങ ളുടെ തുച്ഛീകരണത്തിന് കാരണമാകുമോ എന്നതാണ് ഗൗര വമേറിയ പ്രശ്നം.

വി. കന്യകമറിയാമിനെ സംബന്ധിച്ച് ആറു കാര്യങ്ങൾ, സുറിയാനിസഭയുടെ വിശ്വാസാടിസ്ഥാനത്തിൽ ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നു: (1) കർത്താവിന്റെ രക്ഷാകരപദ്ധ തിയിൽ കന്യകമറിയാമിന്റെ പങ്ക്. (2) വി. കന്യകമറിയാമിന്റെ 'സഹരക്ഷക' എന്ന അപരനാമം. (3) അമലോത്ഭവസിദ്ധാന്തം. (4) വി. മറിയാം നിത്യകന്യക. (5) കന്യകമറിയാം വിശുദ്ധ ദൈ വമാതാവ്. (6) യേശു ഏക മധ്യസ്ഥൻ. ഈ ആറുകാര്യങ്ങൾ ഒന്നിൽനിന്ന് മറ്റൊന്ന് പൂർണ്ണമായി മാറ്റി നിർത്താവുന്നതല്ല.

**(1) കർത്താവിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാമിന്റെ പങ്ക്**

പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാർ കന്യകമറിയാമിനുള്ള പ്രത്യേക ആദരവ് തന്റെ പുത്രനായ യേശുവിൽ നിന്നുള്ള ബന്ധത്തിൽ നിന്നു മാത്രം ഉരുത്തിരിയുന്നതായി പരിഗണിക്കുന്നു. യേശുവിന്റെ അമ്മ എന്ന പദവി ഒഴിച്ചുനിർത്തിയാൽ സ്വതന്ത്രമായ ഒരു മൂല്യവും വി. കന്യകമറിയാമിനില്ലെന്നും, മറ്റേതു സ്ത്രീക്കും നൽകാവുന്ന മഹത്ത്വം മാത്രമേ കന്യകമറിയാമിനുള്ളൂ എന്നുമാണ് അവരുടെ അഭിപ്രായം. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാം ഒരു നിഷ്ക്രിയ (passive) ഉപകരണമായിരുന്നുവെന്നാണ് അവർ പഠിപ്പിക്കുന്നത്.

യേശുവിന്റെ ജഡധാരണത്തിനായി ഒരു സ്ത്രീ ആവശ്യമായിരുന്നു (ഉല്പ. 3:15; ഗലാ. 4:4). എന്നാൽ യേശുവിനെ ഗർഭം ധരിക്കുന്നതും ആ ശിശുവിനെ ഉദരത്തിൽ വഹിക്കുക എന്നുള്ളതും ഏതൊരു സ്ത്രീക്കും സാധ്യമായിരുന്നു എന്ന് ചിന്തിക്കുന്നത് ശരിയായിരിക്കുകയില്ല. കാരണം ''ദൈവകൃപയാൽ തെരഞ്ഞെടുക്കപ്പെടുക'' (ലൂക്കൊ. 1:30) എന്നത് നിസ്സാരമായി കാണാവുന്നതല്ല. ദൈവകൃപയ്ക്ക് പാത്രമായിത്തീർന്ന സ്ത്രീ തെരഞ്ഞെടുക്കപ്പെട്ടു. വി. കന്യകമറിയാം ധൈര്യമില്ലായ്മകൊണ്ട് കീഴടങ്ങിയ (timidly submissive) ഒരു സ്ത്രീയായി ചിന്തിക്കുന്നത് തെറ്റാണ്. കാരണം ആ ഭാഗ്യവതി (ലൂക്കൊ. 1:48) പ്രഖ്യാപിക്കുന്നു. ''പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു'' (ലൂക്കൊ. 1:52). ''നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ'' (ലൂക്കൊ. 1:38) എന്ന സമർപ്പണം ബലഹീനതയിൽ നിന്നല്ല, പ്രത്യുത ദൈവത്തിൽ നിന്നുള്ള അറിയിപ്പിന്റെ സാധ്യത അംഗീകരിച്ചതുകൊണ്ടാണ് (ലൂക്കൊ. 1:45).

വി. കന്യകമറിയാം യേശുവിന്റെ അമ്മയായത് 'കൃപയാൽ മാത്രം' (sola gratia) എന്ന ഒരു വാദഗതിയുണ്ട്. ഈ ചിന്ത മനുഷ്യന് യഥേഷ്ടം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം (free will) എന്ന അടിസ്ഥാന ദൈവശാസ്ത്രത്തിന്റെ നിഷേധമാണ്. ''നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായി തീരരുത്'' (2 കൊരി. 6:1) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാന

ത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ ദൈവകൃപ വ്യർത്ഥമായി തീരാതിരിക്കാൻ മനുഷ്യന്റെ സഹായകമായ പ്രതികരണവും സഹകരണവും അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കാം.

വി. കന്യകമറിയാമിനുണ്ടായ അരുളപ്പാടിന് (ലൂക്കൊ. 1:30–31) ക്രിയാത്മകമായ പ്രതികരണം ആവശ്യമായിരുന്നു. ദൈവദൂതനുമായുള്ള സംഭാഷണം ഈ പ്രതികരണത്തിന്റെ സ്പഷ്ടീകരണമാണ്. ''രക്ഷയ്ക്കായി പ്രവർത്തിപ്പിൻ'' (ഫിലി. 2:12) എന്ന ആഹ്വാനം ദൈവകൃപയ്ക്കും ആലോചനയ്ക്കും ആവശ്യമായ പ്രതികരണമാണ് സൂചിപ്പിക്കുന്നത്. മനുഷ്യന്റെ ''രക്ഷ'' (salvation) സാധ്യമാകുന്നത് അവന്റെ സ്വയപരിശ്രമത്താൽ മാത്രമോ ദൈവത്തിന്റെ ഏകപക്ഷീയമായ പ്രവൃത്തികൊണ്ടോ അല്ല. മറിച്ച് ദൈവപ്രചോദിതമായ മനുഷ്യസഹകരണത്തിന്റെ പരിണിതഫലമാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ വി. കന്യകമറിയാമിന്റെ രക്ഷാകരപദ്ധതിയിലെ ചൈതന്യമുള്ള പങ്കിനെ തള്ളിക്കളയാവുന്നതല്ല.

'കൃപയാൽ മാത്രം' എന്ന ആശയം ശരിയാണെന്ന് ചിന്തിച്ചാൽ കൃപ ഒരു വ്യക്തിയിലേക്ക് ഏകപക്ഷീയമായി നിർബന്ധപൂർവ്വം സംവഹിക്കുന്ന ഒരു അവസ്ഥ സംജാതമാകുന്നു. ആ അവസ്ഥയിൽ മനുഷ്യന്റെ അസ്തിത്വവും സ്വതന്ത്രചിന്തയും അസ്തമയബിന്ദുവിലെത്തുന്നു. ഉത്തരവാദിത്വം, സ്വതന്ത്രചിന്ത, വിവേചനശക്തി എന്നിവയെല്ലാം അടിയറവയ്ക്കുന്ന ഒരവസ്ഥ അഥവാ മുൻനിർണ്ണയിക്കപ്പെട്ടതിനോടുള്ള അപ്രധാനമായ വ്യക്തിഗത കീഴടങ്ങൽ (sub personal) എന്ന നിലയിലേക്കു തരംതാഴുന്നു. വി. കന്യകമറിയാം ദൈവകൃപയ്ക്ക് പാത്രമായി പ്രതികരിച്ചതിനാൽ ദൈവകൃപയുടെയും മനുഷ്യന്റെ ശരിയായ പ്രതികരണത്തിന്റെയും ഉത്തമോദാഹരണമാണ്.

**(2) വി. കന്യകമറിയാമിന്റെ 'സഹരക്ഷക' എന്ന അപരനാമം**

യേശുവിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാമിന് ഒഴിച്ചു കൂടാനാവാത്ത പങ്കുണ്ടായിരുന്നുവെന്ന് കണ്ടുകഴിഞ്ഞു. ഈ ഒഴിച്ചു കൂടാനാവാത്ത പങ്കിന്റെ പരിണാമം സംബന്ധിച്ച് കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭകളും രണ്ടു ധ്രുവങ്ങളിലാണ്. റോമൻ കത്തോലിക്കാസഭ വി. കന്യകമറിയാമിനെ

സഹരക്ഷക (corredemptrix) എന്ന അപരനാമത്തിലാണ് പരാമർശിക്കുന്നത്. രക്ഷകനായ യേശുക്രിസ്തുവിനോട് തുല്യതയുള്ള നിലയിലാണ് സഹരക്ഷക എന്ന പ്രയോഗം വ്യാഖ്യാനിക്കപ്പെടുന്നത്. പ്രൊട്ടസ്റ്റന്റ് സഭകളുടെ നിലപാട് മേൽവിവരിച്ചിരിക്കുന്നതിനാൽ ആവർത്തിക്കുന്നില്ല.

യേശുമശിഹായുടെ രക്ഷാകരബലി കന്യകമറിയാമിനുവേണ്ടിയും ആയിരുന്നില്ലേ? സുറിയാനി ഓർത്തഡോക്സ് സഭയുടെ (അന്ത്യോഖ്യൻ ക്രമം) വി. കുർബ്ബാനയർപ്പണത്തിനു ശേഷമുള്ള രഹസ്യപ്രാർത്ഥനയിൽ ''ഇന്ന് ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കുർബ്ബാനയിൽ ദൈവമായ കർത്താവും തന്റെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പ്രീതിപ്പെട്ട് ഇതുമൂലം തന്റെ ജനനിക്കും.... ആശ്വാസവും നല്ല ഓർമ്മയും ലഭിക്കുവാൻ ഇടയാകട്ടെ'' എന്ന് പ്രാർത്ഥിക്കുന്നുണ്ട്. മാത്രവുമല്ല ''ആദാം മൂലം എല്ലാ മനുഷ്യരും മരിക്കുന്നതെങ്ങനെയൊ അങ്ങനെതന്നെ മശിഹാ മൂലം എല്ലാവരും ജീവിക്കുന്നു'' (1 കൊരി. 15:22), ''ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിലേക്ക് പ്രവേശിച്ച പ്രകാരം തന്നെ, സകല മനുഷ്യരും പാപം ചെയ്കയാൽ അവരിലും മരണം കടന്നിരിക്കുന്നു'' (റോമർ 5:12) എന്നീ പ്രയോഗങ്ങളിൽ വി. കന്യകമറിയാം ഉൾപ്പെട്ടിരുന്നു എന്ന് ചിന്തിക്കുന്നതായിരിക്കും യുക്തിഭദ്രം. ആയതിനാൽ സുറിയാനിസഭ വി. കന്യകമറിയാമിനെ സഹരക്ഷക എന്ന് പഠിപ്പിക്കുന്നില്ല.

യേശുവിന്റെ അമ്മയായ കന്യകമറിയാമിന് യേശു വിലയൊന്നും കല്പിച്ചിരുന്നില്ല എന്നു പ്രചരിപ്പിക്കുന്നതിനായി ''ആരാണ് എന്റെ അമ്മ? . . . ഇതാ എന്റെ അമ്മ, എന്റെ സഹോദരന്മാർ. എന്തെന്നാൽ ദൈവഹിതം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു'' എന്നുപറഞ്ഞു (മർക്കൊ. 3:31–35). ഈ സുവിശേഷഭാഗം സാഹചര്യത്തിൽനിന്നും ആത്മികഅർത്ഥത്തിൽ നിന്നും ഭിന്നമായി കാണുന്നവരുണ്ട്. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവർ വി. കന്യകമറിയാമിനെപ്പോലെ യേശുവിനെ വഹിക്കുന്നവരാണ്; പിതാവിന് പുത്രന്മാരും ക്രിസ്തുവിനു സഹോദരന്മാരും സഹോദരികളുമാണ് (മാമോദീസാക്രമം) ഈ പദവിയെയാണ് യേശു എടുത്തുപറയുന്നത്.

''എന്റെ മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?'' എന്ന കന്യകമറിയാമിന്റെ ചോദ്യവും ''ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതാകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?'' (ലൂക്കൊ. 2:48-49) എന്ന സംഭാഷണങ്ങളും, ''സ്ത്രീയേ, എനിക്കും നിനക്കും എന്ത്?'' (യോഹ. 2:4) എന്ന കാനാവിലെ സംഭാഷണവും വി. മറിയാമിന് യേശുവിന്റെ ദൗത്യത്തെക്കുറിച്ച് അറിവില്ലായിരുന്നു എന്ന് പഠിപ്പിക്കുന്നതിന് പലരും എടുത്തുകാണിക്കുന്നുണ്ട്. എന്നാൽ കന്യകമറിയാം ഈ വചനങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്കൊ. 2:19) അഥവാ ഹൃദയത്തിൽ സൂക്ഷിച്ചു (ലൂക്കൊ. 2:51). ഈ ചിന്തകളും ധ്യാനങ്ങളും വി. കന്യകമറിയാമിന്റെ സമർപ്പണത്തിൽ നിന്നും വിഭിന്നമാകാൻ സാധ്യതയില്ല.

**(3) അമലോത്ഭവ സിദ്ധാന്തം**

വി. കന്യകമറിയാം അമലോത്ഭവ (immaculate conception) യാണെന്ന് 1854-ൽ പോപ് പയസ് 9-ാമൻ പ്രഖ്യാപിച്ചു. റോമൻ കത്തോലിക്കാസഭയുടെ വിശ്വാസമനുസരിച്ച് വി. കന്യകമറിയാമിന് ജന്മ (ആദ്യ) പാപമില്ലായിരുന്നുവെന്നോ അഥവാ ദൈവത്തിന്റെ പ്രത്യേക കൃപ മുഖാന്തരം ജന്മപാപമില്ലാതെ (without original sin) വി. മാതാവിനെ മുൻകൂട്ടി കരുതിയിരുന്നുവെന്നോ അവർ വിശ്വസിക്കുന്നു. വിശുദ്ധനായ യേശുവിന് വസിക്കുന്നതിന് വിശുദ്ധയായ (ജനനത്തിങ്കൽ തന്നെ) കന്യകയെ ഒരുക്കിയെന്ന ചിന്താഗതിയിൽ നിന്നാണ് ഈ വിശ്വാസം ഉടലെടുത്തത്. റോമൻ കത്തോലിക്കാസഭ ഒഴികെ മറ്റു സഭകളൊന്നും ഇതംഗീകരിക്കുന്നില്ല.

അമലോത്ഭവം വി. കന്യകമറിയാമിനെ ആദാമിന്റെ സന്തതികളിൽനിന്ന് വ്യത്യസ്തയാക്കുന്നുവെന്ന അഭിപ്രായം പ്രബലമാണ്. ആദാമ്യപാപത്തിൽ നിന്ന് വി. കന്യകമറിയാം വിമുക്തയാണെന്ന് ചിന്തിച്ചാൽ (ആദാമിൽ എല്ലാവരും മരിക്കുന്നു) ക്രിസ്തുവിലൂടെയുള്ള (രണ്ടാം ആദാം) രക്ഷ കന്യകമറിയാമിന് ആവശ്യമില്ലായിരുന്നുവെന്നർത്ഥം. അതിനാലാണ് സഹരക്ഷകയെന്ന അപരനാമം കത്തോലിക്കാസഭ ഉപയോഗിക്കുന്നത്. ക്രിസ്തു മാത്രമേ പാപമില്ലാത്തവനായുള്ളൂ എന്നാണ് സുറിയാനിസഭ പഠിപ്പിക്കുന്നത്. മാത്രവുമല്ല; ക്രിസ്തുവിന് മുമ്പ് പാപ

മില്ലാത്ത വ്യക്തിയുണ്ടെങ്കിൽ പിന്നീട് ക്രിസ്തുവെന്ന പാപമില്ലാത്തവന്റെ ജനനത്തിന് പ്രസക്തിയില്ല. കന്യകമറിയാം യൂയാക്കീമിൽ നിന്നും ഹന്നായിൽ നിന്നും സ്വഭാവപ്രകാരം ജനിച്ചവളാകയാൽ പൊതുവായ ആദ്യപാപത്തിൽ ഉൾപ്പെട്ടിരുന്നുവെന്നാണ് സുറിയാനിസഭ പഠിപ്പിക്കുന്നത്.

അമലോത്ഭവ സിദ്ധാന്തത്തെ അംഗീകരിക്കാതെ തന്നെ ഒരു വ്യക്തിക്ക് നല്ല ക്രിസ്ത്യാനിയാകാൻ കഴിയുമെന്ന് ദൈവശാസ്ത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. (തോമസ് അക്വിനാസിനെപ്പോലെയുള്ളവർ ഈ വിശ്വാസത്തിന്റെ ജീവശാസ്ത്ര സാങ്കേതികവശങ്ങൾ പരാമർശിച്ചിട്ടുള്ളത് ഇവിടെ വിവരിക്കുന്നില്ല.) അമലോത്ഭവത്തിൽ വിശ്വസിക്കാത്ത 'വിശ്വാസിയെ' മാറ്റിനിർത്തുന്നതിനാണ് ഈ വിശ്വാസം ഉപകരിക്കുന്നതെങ്കിൽ അത് അപകടകരമാണെന്ന് ജോൺ മെക്കുറേ അഭിപ്രായപ്പെടുന്നു (John Macquarrie, 1991, p. 76).

**(4) വി. മറിയാം നിത്യകന്യക**

സുറിയാനിസഭയുടെ പ്രാർത്ഥനകളിലും ആരാധനാക്രമങ്ങളിലും വി. മറിയാമിനെ നിത്യകന്യക (perpetual virgin) എന്ന് ആവർത്തിച്ച് ഏറ്റുപറയുന്നുണ്ട്. ചില ഉദ്ധരണികൾ താഴെ ചേർക്കുന്നു.

*''മുൾമരമെരിയാതെരിതീ തൻ നടുവിൽ കണ്ടതുപോൽ*
*ചിന്മയനാം മറിയാമിൽ വസിച്ചു ശരീരം പൂണ്ടു*
*അതിനാൽ ഭംഗവുമാ-കന്യാ വ്രതമുദ്രയ്ക്കുണ്ടാ-യില്ല''*
*(പുറ. 3:2)*

*''അത്ഭുതമായ് സൽഫലമേകിയോരാതരുമത്സ്യം തീക്കൽപാറ*
*ത്രയരഹസ്യാൽ തിരുസഭ വിശ്വാസത്യാഗികളോടു വാദിക്കുന്നു*
*തരുവിൽ നിന്നജമുണ്ടായി (ഉല്പ. 22:13)*
*തോയം തീക്കല്ലിൽ നിന്നും (സംഖ്യാ 20:11)*
*മത്സ്യമതേകി എസ്തീറ (മത്താ. 17:27)*
*കന്യാപ്രസവവേവാദിപ്പോർക്കിവയേറ്റം വാട്ടം നൽകും''*

യെഹെസ്ക്കിയേൽ കണ്ടതായ അടയ്ക്കപ്പെട്ട വാതിൽ (യെഹെ. 44:2), മേൽവിവരിച്ചിരിക്കുന്ന ഗാനങ്ങളിലെ ദൃഷ്ടാന്തങ്ങൾ നിത്യകന്യകയെന്ന വിശ്വാസം സ്പഷ്ടമാക്കുന്നു.

വി. കുർബ്ബാനയിലെ നാലാം തുബ്ദേനിൽ 'നിത്യകന്യകയും ഭാഗ്യവതിയുമായ ദൈവമാതാവ്'' എന്നാണ് അനുസ്മരിക്കുന്നത്. മറ്റു പല പ്രാർത്ഥനകളിലും ഈ ആശയം ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്. അന്ത്യോഖ്യായുടെ പാത്രിയർക്കീസ് യാക്കോബ് മൂന്നാമൻ കന്യകയിൽ നിന്നുള്ള ജനനത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു......ഒമ്പതുമാസത്തിനുശേഷം അവർണ്ണനീയമായ വിധത്തിൽ കന്യകമറിയാമിൽ നിന്നു ജനിച്ചു. ജനനത്തിങ്കലും അതിനുശേഷവും അവൾ കന്യകയായി തന്നെ സ്ഥിതി ചെയ്യുന്നു (Yacoub III, 1985).

യേശുവിന്റെ സഹോദരന്മാരെ സംബന്ധിച്ചുള്ള പരാമർശങ്ങൾ (മർക്കൊ. 6:3) കന്യകമറിയാം നിത്യകന്യകയല്ല അഥവാ പിന്നീട് പ്രസവിച്ചു എന്നു പഠിപ്പിക്കുന്നതിനായി ചിലർ ഉപയോഗിക്കുന്നുണ്ട്. എന്നാൽ കർത്താവിന്റെ സഹോദരന്മാർ എന്ന് പരാമർശിച്ചിരിക്കുന്നത് ക്ലെയോപ്പാ മറിയാമിന്റെ മക്കളെക്കുറിച്ചാണെന്നും അതല്ല യൗസേഫിന്റെ വിഗതമായ ഭാര്യയിൽ നിന്നുള്ള മക്കളെക്കുറിച്ചാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഏതായാലും യേശു തന്റെ അമ്മയെ സംരക്ഷിക്കുന്നതിന് ശ്ലീഹായെ ഏൽപ്പിക്കുന്നതായി കാണുന്നു (യോഹ. 19:25-27). ഈ സന്ദർഭത്തിൽ സ്വന്തം മക്കളുണ്ടായിരുന്നിട്ടും മറ്റൊരാൾക്ക് യേശു അമ്മയെ ഏൽപ്പിച്ചുവെന്ന് ചിന്തിക്കുന്നത് ശരിയായിരിക്കയില്ല. ആയതിനാൽ സുറിയാനിസഭ വി. മറിയാം നിത്യകന്യകയെന്ന് വിശ്വസിക്കുന്നു. ഏ. ഡി. 431-ൽ കൂടിയ എഫേസൂസിലെ സുന്നഹദോസിനുശേഷം കന്യകമറിയാമിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രം പ്രദർശിപ്പിക്കുന്നത് ഓർത്തഡോക്സ് വിശ്വാസത്തിന്റെ അംഗീകൃത പ്രകടനമായി തീർന്നു (*Encyclopaedia Britannica*, 1943, pp. 999-1000).

### (5) കന്യകമറിയാം വിശുദ്ധ ദൈവമാതാവ്

കന്യകമറിയാം തന്നെക്കുറിച്ച് തന്നെ പറഞ്ഞിരിക്കുന്നത് ''കർത്താവിന്റെ ദാസി'' (ലൂക്കൊ. 1:38) എന്നാണ്. എന്നാൽ ആദിമ നൂറ്റാണ്ടുകളിലെ സഭാപിതാക്കന്മാരുടെ എഴുത്തുകളിൽ വി. മറിയാമിനെ ദൈവമാതാവെന്ന് (*Theotokos*) ആദ്യമായി വിളിച്ചത് വി. ഹിപ്പൊളിറ്റസ് (ഏ. ഡി. 170-235) ആണെന്ന് കാണാം. ഒറിഗൺ (ഏ. ഡി. 186-253) ദൈവമാതാവ് എന്നതിനുപകരം

ദൈവത്തെ പ്രസവിച്ചവൾ എന്നാണ് പറഞ്ഞിരിക്കുന്നത്. വി. ഗ്രിഗറി, നസിയൻസ് (ഏ. ഡി. 328–390) ദൈവമാതാവെന്ന സംജ്ഞ ആവർത്തിച്ചു.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായ (ഏ. ഡി. 428) നെസ്തോറിയസ് ''ദൈവമാതാവ്'' (*Theotokos*) എന്ന പദ പ്രയോഗം തെറ്റാണെന്നും മറിയാമിനെ ''ക്രിസ്തുവിന്റെ അമ്മ'' (*Christotokos*) എന്നുമാത്രമേ വിളിക്കാവൂ എന്ന് പഠിപ്പിച്ചു (*A history of the Church*, 1846). ക്രിസ്തു ദൈവവും മനുഷ്യനുമാണ്. ക്രിസ്തുവിലുള്ള മനുഷ്യന്റെ അമ്മ മാത്രമാണ് മറിയം എന്നായിരുന്നു നെസ്തോറിയസിന്റെ വാദഗതി.

അലക്സന്ത്രിയായിലെ പാത്രിയർക്കീസായ വി. കൂറീലോസ് (Cyril, A. D. 370 - 444) നെസ്തോറിയസിന്റെ വേദവിപരീതത്തെ എതിർക്കുകയും ക്രിസ്തു ദൈവവും മനുഷ്യനും കൂടി ചേർന്നിരിക്കുന്ന ഇരട്ടവ്യക്തിയല്ല; ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉൾക്കൊള്ളുന്ന ഏക ദൈവിക വ്യക്തിയാണെന്നും ഉറപ്പിച്ചു സ്ഥാപിച്ചു. മറിയാമിൽ നിന്ന് ജനിച്ചത് ദൈവിക ആളായതിനാൽ ദൈവമാതാവ് എന്നുവിളിക്കുന്നതിൽ തെറ്റില്ലെന്ന് പ്രസ്താവിച്ചു (Cayre, 1935). ഏ. ഡി. 431–ലെ എഫേസൂസ് സുന്നഹദോസിൽ മറിയാം ദൈവമാതാവ് എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. യോഹ. 1:1–ൽ പരാമർശിക്കുന്നപ്രകാരം ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. യോഹ. 1:14–ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ''വചനം ശരീരം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു.'' ''താൻ സ്വയം താഴ്ത്തി മനുഷ്യരൂപത്തിൽ കാണപ്പെട്ടു'' (ഫിലി. 2:7).

മാബൂഗിലെ മോർ ഫീലക്സിനോസ് (ഏ. ഡി. 450–523) കർത്താവിന്റെ ജനനത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. ''വചനം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് കന്യകയുടെ ഗർഭപാത്രത്തിൽ ഭേദം കൂടാതെ മനുഷ്യനായി'' (Douglas, 1978). അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ സേവേറിയോസ് (ഏ. ഡി. 460 –538) കർത്താവിന്റെ ജഡധാരണത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു 'All the human qualities remained in Christ unchanged in their nature or essence but were amalgamated with the totality of the hypostasis; that they no longer had a separate existance and having no longer any kind

of center or focus of their own, did not constitute a distinct monad (Smith & Wace, 1887). വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ ചൊല്ലുന്ന മാനീസ മോർ സേവേറിയോസിന്റെ ജഡധാരണത്തെ സംബന്ധിക്കുന്ന പഠിപ്പിക്കൽ വെളിവാക്കുന്നുണ്ട്.

ദൈവമാതാവായ മറിയം സഭാമാതാവാണ്. കാരണം ഒന്നാം ഹവ്വ സകലർക്കും മാതാവായിരിക്കുന്ന പ്രകാരം രണ്ടാം ഹവ്വ യായ മറിയാം സഭയുടെ മക്കൾക്കെല്ലാം മാതാവാണ്. ക്രിസ്തു തലയും, സഭ ശരീരവുമായതിനാൽ ദൈവമാതാവ് സഭാമാ താവുമാണ്. യോഹന്നാൻ ശ്ലീഹായെ വിളിച്ച് നിന്റെ മാതാവ് ഇതാ എന്നുപറയുന്നതിനാൽ തന്നെ അനുഗമിക്കുന്നവർക്കെ ല്ലാം മറിയം മാതാവായിത്തീരുന്നു അഥവാ സഭാമാതാവാകുന്നു (Bernard, 1960, pp. 172-177).

### (6) യേശു ഏകമധ്യസ്ഥൻ

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ (1 തിമൊ. 2:5) എന്നതിനാൽ യേശുക്രിസ്തു ഒഴികെ ഒരു മധ്യസ്ഥനില്ല. കന്യകമറിയാമിനെ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായ ക്രിസ്തുവിനോടു തുല്യമായി സുറിയാനിസഭ പഠിപ്പിക്കുന്നില്ല. എന്നാൽ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോ. 5:16–18) എന്ന അടിസ്ഥാനത്തിലാണ് മധ്യസ്ഥയായി കാണുന്നത്.

വിശുദ്ധ മറിയാമിനെ ക്രമാതീതമായി വണങ്ങുന്നതിന് (mariolatory) സുറിയാനിസഭ പഠിപ്പിക്കുന്നില്ല. എന്നാൽ വി. കന്യ കമറിയാമിന് ദൈവസന്നിധിയിൽ മുഖപ്രസന്നതയുള്ളതിനാൽ നമുക്കുവേണ്ടി പ്രാർത്ഥിക്കും എന്നതാണ് വിശ്വാസം. മറിയാം ക്രിസ്തുവിനോട് പ്രാർത്ഥിച്ചു. ''നിന്റെ ദാസിയുടെ പേർവിളിച്ച് നിന്നോടപേക്ഷിക്കുന്ന ഏവർക്കും നീ അനുഗ്രഹങ്ങൾ നൽക ണമേ.'' ക്രിസ്തു മറുപടി നൽകി. ''നിന്റെ നാമം വിളിച്ചപേ ക്ഷിക്കുന്നവരാരും ലജ്ജിതരാകയില്ല, അവർ ഈ ലോകത്തിലും എന്റെ പിതാവിന്റെ വരുവാനിരിക്കുന്ന രാജ്യത്തിലും കരുണയും സഹായവും ധൈര്യവും കണ്ടെത്തും'' (Encyclopaedia Britannica, 1943, Vol 14, pp 999-1000).

ഏലിയാവ് മുതലായ പ്രവാചകന്മാരും അപ്പൊസ്തോലന്മാരും ക്രിസ്തുവിനോട് നടത്തുന്ന അഭയയാചന മധ്യസ്ഥപ്രാർത്ഥനയെന്ന അർത്ഥത്തിലാണ് വിവക്ഷിക്കുന്നത്. നന്മകൾ ദൈവത്തിൽ നിന്നാണ് പ്രാപിക്കുന്നത്. സ്വർഗ്ഗത്തിൽനിന്ന് അപ്പം നിങ്ങൾക്ക് തന്നത് മോശയല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ (യോഹ. 6:32). ആയതിനാൽ ദൈവകൃപയുടെ ഉത്ഭവസ്ഥാനം ദൈവമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

യേശുക്രിസ്തു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനാകുന്നു (എബ്രാ. 9:15; 12:24). പിതാവിനെ മനുഷ്യവർഗ്ഗത്തോടു സംയോജിപ്പിച്ച ഏക മധ്യസ്ഥനാകുന്നു. ഈ സവിശേഷതരവും അതുല്യവുമായ മധ്യസ്ഥത വി. കന്യകമറിയാമിന്റെ മധ്യസ്ഥതയുമായി തുലനം ചെയ്യാവുന്നതല്ല. വി. കന്യകമറിയാമിനോടുള്ള മധ്യസ്ഥത ''നിന്റെ ഏകപുത്രനോട് ഞങ്ങളോടൊപ്പം ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'' എന്നതാണ്. പ്രാർത്ഥനകളിലും ആരാധനകളിലും വി. കന്യകമറിയാമിനെ അനുസ്മരിച്ച് നടത്തുന്നതായ അപേക്ഷകളെല്ലാം ''ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'' എന്ന തലത്തിലാണ് ഉദ്ദേശിച്ചിട്ടുള്ളത്.

# കൈസര്യായിലെ മഹാനായ വിശുദ്ധ ബസ്സേലിയോസ്

**(എ. ഡി. 329 – 379)**

ബസ്സേലിയോസ് (ബേസിൽ) കപ്പദോക്കിയയുടെ തലസ്ഥാനമായ കൈസര്യായിൽ (Caesarea Mazaca) എ. ഡി. 329-ൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ബേസിൽ എന്നും മാതാവിന്റെ പേര് എമീലിയ (Emmelia) എന്നുമാണ്. മക്സിമിയൻ പീഡയിൽ രക്തസാക്ഷിയായ ഒരു വിശുദ്ധയുടെ മകളാണ് എമീലിയ. പിതാവായ ബേസിൽ വിശുദ്ധ മക്രീനയുടെ (Elder) മകനും പൊന്തോസിൽ (Pontus) പ്രസിദ്ധ അഭിഭാഷകനും വാഗ്മിയുമായിരുന്നു. ബേസിൽ-എമീലിയ ദമ്പതികൾക്ക് അഞ്ച്

ആൺമക്കളും അഞ്ച് പെൺമക്കളുമുണ്ടായിരുന്നു (Quasten, 1960; Smith & Wace, 1877).

ബേസിലിന്റെ പത്തുമക്കളിൽ മൂന്നുപേർ മെത്രാപ്പോലീത്തന്മാരായി (കൈസര്യായിലെ ബസ്സേലിയോസ്, നൈസയിലെ ഗ്രീഗോറിയോസ്, സെബസ്ത്യായിലെ പത്രോസ്). ഈ സഹോദരന്മാരിൽ മൂത്തവനാണ് മഹാനായ വി. ബസ്സേലിയോസ്. ഈ മൂന്നു സഹോദരന്മാർ ഒഴികെയുള്ള രണ്ടുപേരിൽ ഒരാൾ ബാല്യത്തിലും രണ്ടാമത്തെ മകനായ നൗക്രേസിയസ് 27-ാം വയസ്സിലും നിര്യാതരായി. ഇളയമകനായ പത്രോസിന്റെ ജനനശേഷം ഏറെത്താമസിയാതെ പിതാവായ ബേസിൽ നിര്യാതനായി. പെൺമക്കളിൽ ഒരുവളായ മക്രീന (younger) സന്യാസിനിയാകുകയും മറ്റു നാലു പെൺമക്കൾ വിവാഹിതരാകുകയും ചെയ്തു.

ബേസിലിന്റെ വിദ്യാഭ്യാസം കൈസര്യ, കുസ്തന്തീനോസ്പോലീസ്, ഏതൻസ് (ഏ. ഡി. 351-355) എന്നിവിടങ്ങളിലായിരുന്നു (Hoever, 1989). ഏതൻസിൽ വച്ച് നസിയാൻസനിലെ ഗ്രീഗോറിയോസുമായി ഉറ്റ സുഹൃത്ബന്ധം സ്ഥാപിച്ചു. കളികളും വിനോദങ്ങളും ധാരാളമുണ്ടായിരുന്ന ഏതൻസിലെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ക്ലാസ്സിലും ദൈവാലയത്തിലും പോകുന്നതിനു മാത്രമേ ബേസിൽ തന്റെ മുറിയിൽ നിന്നും പുറത്തിറങ്ങുമായിരുന്നുള്ളു.

ഏതൻസിലെ പഠനത്തിനുശേഷം ഏ. ഡി. 356-ൽ കൈസര്യായിൽ മടങ്ങിവന്ന് കുറച്ചുനാൾ പ്രസംഗകല പഠിപ്പിക്കുന്ന അധ്യാപകനായി ജോലിനോക്കി. ആ കാലഘട്ടത്തിൽ സഹോദരി മക്രീന വിധവയായ അമ്മയോടുകൂടെ ഐറിസ് (Iris) നദീതീരത്തുള്ള അനീസി (Annesi) എസ്റ്റേറ്റിൽ ഒരു സന്ന്യാസിനി മഠം ആരംഭിച്ചു. ബേസിൽ ഈജിപ്റ്റ്, പലസ്തീൻ, സിറിയ, മെസപ്പൊട്ടോമിയ എന്നിവിടങ്ങളിലെ പ്രധാന ദയറാകൾ സന്ദർശിച്ച് അവിടുത്തെ രീതികൾ മനസ്സിലാക്കി (White, 1991). ദയറായിലെ രീതികളെക്കുറിച്ച് ബേസിലിന്റെ പ്രതികരണമിങ്ങനെയായിരുന്നു: ''ദയറാക്കാർ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നതിനെ കണ്ടിട്ട് ഞാൻ അത്ഭുതപ്പെട്ടു. അവരുടെ ഓരോ പ്രവർത്തിയും തങ്ങളുടെ പൗരത്വവും ഭവനവും സ്വർഗ്ഗത്തിലാ

ണെന്ന് കാണിക്കുന്നതായിരുന്നു. ഞാൻ അവരുടെ ജീവിതം അനുഗൃഹീതം എന്നുപറഞ്ഞു. അവരെ അനുകരിക്കുന്നതിന് എനിക്കും ആവുംവിധം സാധിക്കണമെന്ന് ഞാൻ പ്രാർത്ഥിച്ചു'' (Quasten, 1960).

ഏ. ഡി. 358-ൽ മാമോദീസായേൽക്കുകയും ദയറാക്കാര നാകുകയും ചെയ്തു. ശിശുസ്നാനമാണ് സഭയുടെ പാരമ്പ ര്യമെങ്കിലും നാലാം നൂറ്റാണ്ടിൽ ക്രിസ്തീയ കുടുംബങ്ങളിലും മാമോദീസാ മാറ്റിവയ്ക്കുന്ന പതിവുണ്ടായിരുന്നു (Cayre, 1935). ജീവിതത്തിലുണ്ടായ മാറ്റത്തെക്കുറിച്ചും തെരഞ്ഞെടുപ്പിനെ ക്കുറിച്ചും ബേസിലിനെ ഏറെ സ്വാധീനിച്ചത് സഹോദരിയായ മക്രീന സന്യാസിനിയായിരുന്നു. ബേസിൽ പറഞ്ഞു: ''ഞാൻ എന്റെ യൗവനം വ്യർത്ഥമായ അധ്വാനത്തിൽ ചെലവഴിച്ചു. ഞാൻ എന്റെ സമയം ബുദ്ധിശൂന്യമായി പാഴാക്കി.'' ബേസിൽ പൊന്തോസിലെ ഒരു ഏകാന്തപ്രദേശത്ത് പ്രാർത്ഥനയിലും പഠ നത്തിലും ചെലവഴിച്ചശേഷം ശെമ്മാശനാകുകയും കൈസര്യാ യിലെ മെത്രാപ്പോലീത്താ എവുസേബിയോസിൽനിന്ന് ഏ. ഡി. 364-ൽ കശീശാപട്ടം സ്വീകരിക്കുകയും ചെയ്തു.

ബേസിൽ തന്റെ സമ്പത്ത് ദരിദ്രർക്ക് ഭാഗിച്ചുകൊടുക്കുക യും ആശുപത്രികൾ, സത്രങ്ങൾ എന്നിവ പണിയിക്കുകയും ദരിദ്രർക്ക് വീടുകൾ പണിതുകൊടുക്കുകയും ചെയ്തു. പല സ്ഥലങ്ങളിലും ദയറാകൾ പണിയിക്കുകയും സന്യാസനിയമ ങ്ങൾ ക്രമീകരിക്കുകയും ചെയ്തു. ഏ. ഡി. 360-ൽ ഏതൻസി ലെ സുഹൃത്തായിരുന്ന നസിയാൻസനിലെ ഗ്രീഗോറിയോസ് (ഐറിസിൽ) ബേസിലിനെ സന്ദർശിച്ചപ്പോൾ ഒറിഗനെ പറ്റി യുള്ള കവിതാമഞ്ജരി (Philocalia) രണ്ടുപേരും ചേർന്ന് രചിച്ചു (Cayre, 1935).

ഏ. ഡി. 370-ൽ എവുസേബിയോസ് കാലംചെയ്തപ്പോൾ കൈസര്യായിലെ മെത്രാപ്പോലീത്തായായി ബസ്സേലിയോസ് സ്ഥാനമേറ്റു. അറിയോസിന്റെ വിശ്വാസത്തെ സ്വീകരിച്ചുകൊള്ളാ മെന്ന ഉടമ്പടി ഒപ്പിടുന്നതിനായി അറിയോസ് അനുഭാവിയായ വാലൻസ് (Valens) ചക്രവർത്തി തന്റെ പ്രതിനിധി മോഡസ്റ്റ സിനെ (Modestus) ബസ്സേലിയോസിന്റെ അടുക്കൽ അയച്ചു. ഉടമ്പടി ഒപ്പിടാത്തപക്ഷം വസ്തുവകകൾ കണ്ടുകെട്ടുകയും

നാടുകടത്തുകയും ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. ഉറ്റമിത്രമായ നസിയാൻസിലെ ഗ്രീഗോറിയോസ് ബസ്സേലിയോസിന്റെ മറുപടി രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്: ''ഒന്നുമില്ലാത്തവന് കണ്ടുകെട്ടൽ ഒരു ഉപദ്രവവും വരുത്തുകയില്ല. എനിക്ക് പുറംകുപ്പായവും കുറച്ച് പുസ്തകങ്ങളുമുണ്ട്.... നാടുകടത്തൽ എനിക്കറിഞ്ഞുകൂടാ. കാരണം എനിക്ക് ഒരു സ്ഥലത്തിനോടും ആഭിമുഖ്യമില്ല. ഭൂമി മുഴുവനും ദൈവത്തിന്റേതാണ്. എന്തു പീഡയാണ് അവർക്കെന്നോട് ചെയ്യുവാൻ കഴിയുക. മരണം അവർക്കെനിക്ക് നൽകാൻ കഴിയുന്ന ഒരു കരുണയായിരിക്കും. കാരണം അതുവഴി ഞാൻ ദൈവത്തോട് കൂടുതൽ സമീപസ്ഥനാകും'' (Quasten, 1960). മോഡസ്റ്റസ് ആശ്ചര്യത്തോടെ പറഞ്ഞു. ''ആരും എന്നോട് ഈ രീതിയിൽ സംസാരിച്ചിട്ടില്ല.'' ബസ്സേലിയോസ് പറഞ്ഞു: ''നിങ്ങൾ ഇതിനുമുമ്പ് ഒരു മെത്രാപ്പോലീത്തായെ കണ്ടിട്ടില്ലായിരിക്കും. തീയോ, വാളോ, വന്യമൃഗങ്ങളോ, ശരീരത്തെ ക്ലേശിപ്പിക്കുന്ന ഉപകരണങ്ങളോ ഞങ്ങൾ ഭയപ്പെടുന്നില്ല. കാരണം അവ ഞങ്ങൾക്ക് സന്തോഷമാകുന്നു. നിങ്ങൾ എന്തുതന്നെ പീഡയേൽപ്പിച്ചാലും ഭീഷണിപ്പെടുത്തിയാലും അറിയോസിന്റെ വേദവിപരീതത്തെ സ്വീകരിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിക്കുവാൻ കഴിയുകയില്ല.'' പിന്നീടൊരിക്കലും വാലൻസ് ചക്രവർത്തി ബസ്സേലിയോസിനെ സമീപിച്ചില്ല.

വി. ബസ്സേലിയോസ് സന്യാസിയെന്ന നിലയിൽ പൊന്തോസിൽ സന്യാസ ആശ്രമങ്ങൾ സ്ഥാപിച്ചു. ഏ. ഡി. 368-ൽ കപ്പദോക്കിയയിൽ ക്ഷാമമുണ്ടായപ്പോൾ തന്റെ കൈവശമുണ്ടായിരുന്നതെല്ലാം ആവശ്യക്കാർക്കായി ഭാഗിച്ചുകൊടുത്തു. മെത്രാപ്പോലീത്തയെന്ന നിലയിൽ സുവിശേഷത്തെ സാമൂഹികാവശ്യങ്ങളെ പരിഹരിക്കുന്നതിന് മുഖാന്തരമാക്കി. ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ നിഖ്യാവിശ്വാസപ്രമാണത്തെ നിലനിർത്തുന്നതിന് പരിശ്രമിച്ചു (Ferguson & Wright, 1988). ഒരു വി. കുർബ്ബാന തക്സായും വി. ബസ്സേലിയോസിന്റേതായിട്ടുണ്ട്.

ഏ. ഡി. 379 ജനുവരി ഒന്നാം തീയതി മഹാനായ വി. ബസ്സേലിയോസ് 50 വയസ്സുള്ളപ്പോൾ കാലംചെയ്തു. ഈ പരിശുദ്ധന്റെ പെരുന്നാൾ ജനുവരി 1-ാം തീയിതി സഭ ആഘോഷിക്കുന്നു.

# നിസയിലെ വിശുദ്ധ ഗ്രീഗോറിയോസ്
(ഏ. ഡി. 335 - 394)

ഗ്രിഗറി കപ്പദോക്യയിലെ കൈസര്യായിൽ (now Kayseri in Turkey) ഏ. ഡി. 335-ൽ ജനിച്ചു (*Encyclopaedia Britannica*, 2003). കൈസര്യായിലെ മഹാനായ ബസ്സേലിയോസിന്റെ ഇളയ സഹോദരനാണ് ഗ്രിഗറി. പ്രസംഗകല പഠിപ്പിക്കുന്ന അധ്യാപകനായി കുറെനാൾ ജോലി ചെയ്തെങ്കിലും ഏ. ഡി. 360-ൽ ദൈവശാസ്ത്രപഠനത്തിലേക്കു തിരിഞ്ഞു.

കോറൂയോ എന്ന നിലയിൽ സഭയിൽ കുറച്ചുനാൾ ജീവിച്ചശേഷം ലൗകികകാര്യങ്ങളിൽ ഇടപെട്ട് ജീവിക്കുന്നതിന് തീരുമാനിച്ച ഗ്രിഗറി തെയൊസേബിയ (Theosebia) എന്നുപേരുള്ള സ്ത്രീയെ വിവാഹം ചെയ്തതായി കരുതപ്പെടുന്നു (Graff, 1954). ഗ്രിഗറിയുടെ ഉത്തമസുഹൃത്തായ നസിയാൻസയിലെ ഗ്രിഗറിയുടെ പ്രേരണയാൽ സന്യാസജീവിതത്തിലേക്ക് മടങ്ങി. കന്യകാത്വത്തെ സംബന്ധിച്ചുള്ള ഗ്രിഗറിയുടെ എഴുത്തുകൾ അദ്ദേഹം വിവാഹിതനായിരുന്നില്ലെന്ന സൂചനയാണ് നൽകുന്നത് (*Encyclopaedia Britannica*, 2003).

ഏ. ഡി. 372-ൽ സഹോദരനായ ബസ്സേലിയോസിന്റെ താല്പര്യപ്രകാരം നിസാ (Secunda, now Niksar in Turkey) എന്ന ചെറിയ പട്ടണത്തിന്റെ മെത്രാപ്പോലീത്തായായി ബസ്സേലിയോസ് വാഴിച്ചു (Douglas, 1978). മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടതിൽ കൃത്രിമം കാണിച്ചുവെന്നും പണം തെറ്റായി ചിലവഴിച്ചുവെന്നും ആരോപിച്ച് ഏ. ഡി. 376-ൽ നാടുകടത്തപ്പെട്ടുവെങ്കിലും ഏ. ഡി. 378-ൽ തിരികെ വന്നു. (*Encarta*, 2001).

ഏ. ഡി. 380-ൽ സെബസ്ത്യയിലെ മെത്രാപ്പോലീത്തായായി ഏതാനും മാസങ്ങൾ ചുമതല വഹിച്ചു. ഏ. ഡി. 381-ൽ കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസിൽ സംബന്ധിച്ചു. അറിയോസിന്റെ വേദവിപരീതത്തിനെതിരായി നിലകൊള്ളുക

യും നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു.

ത്രിത്വവിശ്വാസത്തെ സംബന്ധിച്ച് ഗ്രീഗോറിയോസിന്റെ പ്രബന്ധമായ *That we should not think of saying there are three Gods* വളരെ പ്രസിദ്ധമാണ് (Ferguson & Wright, 1988). കർത്തൃപ്രാർത്ഥന, കർത്താവിന്റെ ഗിരിപ്രഭാഷണം എന്നിവയെപ്പറ്റിയുള്ള വി. ഗ്രീഗോറിയോസിന്റെ പ്രസംഗങ്ങളും വി. കുർബ്ബാനയെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങളും പുനരുത്ഥാനത്തെ സംബന്ധിച്ചുള്ള പഠിപ്പിക്കലുകളും അമൂല്യങ്ങളാണ്.

വി. കുർബ്ബാനയെ സംബന്ധിച്ച് വി. ഗ്രീഗോറിയോസ് പറയുന്നത്: ''മനുഷ്യന്റെ നിത്യരക്ഷ വി. കുർബ്ബാനാനുഭവത്താൽ ശരീരത്തെ അറിയിക്കുന്നു. കർത്താവായ യേശുമശിഹായുടെ ശരീര രക്തങ്ങൾ നമ്മുടെ ശരീരത്തിൽ സ്വീകരിക്കുമ്പോൾ നാം അനശ്വരതയിൽ പങ്കുകാരാകുന്നു.'' പുനരുത്ഥാനത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ തന്റെ സഹോദരിയായ (സന്യാസിനി) മക്രീനയോട് മരണക്കിടക്കയിൽവച്ചുള്ള സംഭാഷണമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വിശുദ്ധൻ ഏ. ഡി. 394-ൽ കാലംചെയ്തു. ഈ വിശുദ്ധന്റെ ഓർമ്മ മൂത്ത സഹോദരനായ വി. ബസ്സേലിയോസിന്റെ ഓർമ്മയോടുകൂടെ ജനുവരി 1-ാം തീയതി സഭ ആഘോഷിക്കുന്നു.

## പരിശുദ്ധനായ മോർ അത്താനാസിയോസ് പൗലോസ്

**(ഏ. ഡി. 1869 - 1953)**

അയ്യമ്പള്ളി തെക്കേക്കര കുടുംബത്തിൽ ശ്രീ മത്തായിയുടെയും അകപ്പറമ്പ് പൈനാടത്ത് ശ്രീമതി അന്നമ്മയുടെയും പുത്രനായ കൊച്ചുപൗലോസ് (കുഞ്ഞിപൗലോസ്) 1869 ജനുവരി 23-ാം തീയതി ജനിച്ചു. പൗലോസിന് മൂന്നു സഹോദരികളും രണ്ടു സഹോദരന്മാരുമുണ്ടായിരുന്നു.

അമ്പാട്ട് ഗീവറുഗീസ് മോർ കൂറീലോസ് തിരുമേനിയുടെ ശിക്ഷണത്തിലാണ് കൊച്ചുപൗലോസ് വളർന്നത്. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അങ്കമാലി പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചപ്പോൾ ബാലനായ കുഞ്ഞിപൗലോസ് മദ്ബഹായിൽ ശുശ്രൂഷകനായി 5-ാം തുബ്ദേൻ സുറിയാനിയിൽ വായിച്ചത് പ. ബാവായുടെ ശ്രദ്ധ പിടിച്ചുപറ്റി.

1879 ഏപ്രിൽ 21-ാം തീയതി അമ്പാട്ടു മെത്രാപ്പോലീത്തായിൽ നിന്ന് (10-ാം വയസ്സിൽ) കോറൂയോ പട്ടം സ്വീകരിച്ചു. സുറിയാനി ഭാഷാപഠനത്തിനുശേഷം ഇംഗ്ലീഷ് ഭാഷ പഠിച്ചത് ആലുവ ഗവൺമെന്റ് സ്കൂളിലും കോട്ടയം സി.എം.എസ്. ഹൈസ്കൂളിലുമായിരുന്നു. തുടർന്ന് എം.ഡി. സെമിനാരിയിൽ സുറിയാനി, ദൈവശാസ്ത്രം എന്നിവ പഠിപ്പിക്കുന്ന അധ്യാപകനായി.

കോട്ടയത്ത് അധ്യാപകനായിരുന്നപ്പോൾ കടുത്ത ജ്വരം ബാധിച്ചു. ചികിത്സിച്ചിട്ട് സുഖപ്പെടാത്തതിനാൽ കോട്ടയത്ത് നിന്ന് അങ്കമാലിയിലേക്ക് വള്ളത്തിൽ കൊണ്ടുപോരുന്ന വഴിക്ക് തന്നെ തൈലാഭിഷേകം നടത്തി. വീട്ടിലെ പരിചരണത്തിൽ ശെമ്മാശൻ സുഖം പ്രാപിച്ചു.

1898-ൽ പരിശുദ്ധനായ ചാത്തുരുത്തിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ പുലിക്കോട്ടിൽ, കടവിൽ എന്നീ തിരുമേനിമാരുടെ സഹകാർമികത്വത്തിലും വൃശ്ചികം 12-ാം തീയതി കശീശാപട്ടവും 15-ാം തീയതി റമ്പാൻ പട്ടവും സ്വീകരിച്ചു. ആലുവ പള്ളി, പരുമല സെമിനാരി എന്നിവയുടെ പണി പൂർത്തീകരിച്ചത് പൗലോസ് റമ്പാച്ചനാണ്. പരുമല തിരുമേനിക്ക് ഏറ്റവും പ്രിയനായിരുന്നു പൗലോസ് റമ്പാച്ചൻ. അതുകൊണ്ടുതന്നെ തിരുമേനി റമ്പാച്ചന് ഒരു ശീലമുടിയും, പത്രസീനും, പട്ടംകൊട പുസ്തകവും സമ്മാനിച്ചു. ആ പരിശുദ്ധന്റെ ദീർഘദർശനം 1910-ൽ നിറവേറി.

1909-ൽ പ. അബ്ദുള്ള പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നെള്ളിയപ്പോൾ പൗലോസ് റമ്പാച്ചൻ ബാവായെ യാത്രയിലുടനീളം അനുഗമിച്ചു. അങ്കമാലിപള്ളി പ്രതിനിധിയോഗതീരുമാനപ്രകാരം പ. അബ്ദുള്ള പാത്രിയർക്കീസ് ബാവാ

1910 ഇടവം 27-ാം തീയതി അകപ്പറമ്പ് പള്ളിയിൽവച്ച് പൗലോസ് റമ്പാച്ചനെ മോർ അത്താനാസിയോസ് എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1911 ആഗസ്റ്റ് 19-ാം തീയതി മുളന്തുരുത്തി പള്ളിയിൽവച്ച് നടത്തപ്പെട്ട വി. മൂറോൻ കൂദാശയിൽ തിരുമേനി സംബന്ധിച്ചു.

1912-ൽ മുടക്കപ്പെട്ട അബ്ദുൾ മശിഹായെ മലങ്കരയിൽ വരുത്തുകയും മലങ്കരസഭയിൽ ഭിന്നതയുണ്ടാകുകയും ചെയ്തപ്പോൾ പ. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ മലങ്കര സഭയെ ഉറപ്പിച്ചുനിറുത്തുന്നതിന് പൗലോസ് മോർ അത്താനാസിയോസ് തിരുമേനി കഠിനാധ്വാനം ചെയ്തു. കേസ്സുകളുടെ അന്തരീക്ഷത്തിൽ വീർപ്പുമുട്ടിയപ്പോൾ ''ആലുവ സെമിനാരിയിൽ നിന്ന് ഇറങ്ങിപ്പോകേണ്ടിവരും'' എന്നു ചില നേതാക്കന്മാർ പറഞ്ഞപ്പോൾ ''മക്കളേ ഭയമില്ല, അകപ്പറമ്പിൽ നമുക്കൊരു പുരയിടമുണ്ട്. അവിടെ ഒരു ചെറിയ വീടുപണിത് കഴിഞ്ഞുകൊള്ളാം'' എന്നായിരുന്നു കല്പിച്ചത്.

1917 ധനുമാസം 6-ാം തീയതി മലങ്കര മെത്രാപ്പോലീത്തായായിരുന്ന മോർ കൂറീലോസ് തിരുമേനി കാലംചെയ്തപ്പോൾ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടത് പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയായിരുന്നു. 1920-ൽ കണ്ടനാട്, കോട്ടയം, നിരണം, കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ചുമതലയും തിരുമേനിക്കായിരുന്നു. 1926-ൽ മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി സ്ഥാനമേറ്റപ്പോൾ കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളും ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോൾ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയും ഒഴിഞ്ഞു.

1930 മാർച്ച് 19-ന് അന്ത്യോഖ്യാസിംഹാസനപ്രതിനിധിയായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ കാലം ചെയ്തതും 1932 ഫെബ്രുവരി 13-ാം തീയതി പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തതും തിരുമേനിയെ ഏറെ ദുഃഖിതനാക്കി.

1935 സെപ്റ്റംബർ 6-ാം തീയതി കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ പ്രതിനിധിയോഗം പൗലോസ് മോർ അത്താനാസി

യോസ് തിരുമേനിയെ വീണ്ടും മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. സഭാവക സ്വത്തുക്കൾ കാതോലിക്കോസിൽ നിന്നും വീണ്ടെടുക്കുന്നതിന് 1938-ൽ കോട്ടയം ജില്ലാകോടതിയിൽ ഫയൽ ചെയ്ത കേസ്സിലെ പരാജയം തിരുമേനിക്ക് വളരെയേറെ മാനസികക്ലേശമുളവാക്കി. എന്നാൽ ഈ അവസരത്തിൽ ശുശ്രൂഷകനായ മാത്തുവിനോട് കല്പിച്ച വാക്കുകൾ ശ്രദ്ധേയമാണ്: ''മാത്തുവേ, നാമിനി ഒന്നിനും പോകുന്നില്ല. കോടതി ചെലവിന് വാറണ്ടയച്ചാൽ നമുക്കു ജയിലിൽ പോകണം. നമ്മുടെ യാമനമസ്ക്കാരപുസ്തകവും ഒരു സങ്കീർത്തന പുസ്തകവും കൊണ്ടുപോകണം.''

1939-ൽ ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്താ തോമാ മോർ ദീയസ്ക്കോറോസ് റോമാസഭയിൽ ചേർന്നതും 1942-ൽ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ഔഗേൻ മോർ തീമോത്തിയോസ് കാതോലിക്കാപക്ഷം ചേർന്നതും തിരുമേനിക്ക് ദുഃഖകാരണമായി. പക്ഷേ, ഈ പ്രതികൂലസ്ഥിതികളൊന്നും വിശ്വാസം ത്യജിക്കുവാൻ ഇടയാക്കിയില്ല.

തിരുമേനിയുടെ വാർധക്യത്തിൽ ''എന്റെ നാളുകളുടെ മധ്യത്തിൽ എന്നെ എടുത്തുകളയരുതേ'' (സങ്കീ. 102:24) ''വാർധക്യകാലത്ത് നീ എന്നെ തള്ളിക്കളയരുതേ; എന്റെ ബലം ക്ഷയിക്കുമ്പോൾ നീ എന്നെ കൈവിട്ടുകളയരുതേ'' (സങ്കീ. 71:9) എന്നീ സങ്കീർത്തനങ്ങൾ ചൊല്ലി കണ്ണുനീരൊഴുക്കുമായിരുന്നു. അനുതാപവിവശതയിൽ ചൊല്ലിയിരുന്ന വി. കുർബ്ബാന ഹൃദയസ്പർശിയായിരുന്നു.

പ്രാർത്ഥനയിലുള്ള കൃത്യനിഷ്ഠ, അതിഥിസൽക്കാരം, വിശ്വാസതീക്ഷ്ണത എന്നിവ അനുകരണീയമായിരുന്നു. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ 'സത്യവിശ്വാസ സംരക്ഷകൻ' എന്നാണ് വലിയ തിരുമേനിയെ വിശേഷിപ്പിച്ചത്. തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്നപ്പോൾ ഒരു സന്യാസശ്രേഷ്ഠനു ചേർന്നവിധം വീട്ടുമുറ്റത്ത് കുടിൽ കെട്ടിയാണ് തിരുമേനി താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയുമൊത്ത് പ്രാർത്ഥിക്കാനും മാത്രം വീട്ടിനകത്തുപോകുമായിരുന്നു. ഭക്ഷണവും വിശ്രമവും പുറത്തെ കുടിലിലായിരുന്നു.

84-ാം വയസ്സിലെത്തിയ വലിയതിരുമേനി 1953 ജനുവരി 25-ാം തീയതി കാലംചെയ്ത് ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കബറടക്കപ്പെട്ടു. പ. ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവ 2004 ആഗസ്റ്റ് 19-ാം തീയതിയിലെ E 218/2004 കല്പനപ്രകാരം മോർ അത്താനാസിയോസ് പൗലോസ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഈ പരിശുദ്ധന്റെ ഓർമ്മ ജനുവരി 26-ാം തീയതി സഭ ആചരിക്കുന്നു.

## അന്ത്യോഖ്യാ പാത്രിയർക്കീസ് മഹാനായ വിശുദ്ധ സേവേറിയോസ്

(ഏ. ഡി. 459? - 538)

മോർ സേവേറിയോസ്, പിസിദിയായിലെ (Pisidia) സൊസൊപോലീസിൽ (Sozopolis) ജനിച്ചു (Smith & Wace, 1887; Brooks, 1903). ഇദ്ദേഹത്തിന്റെ പിതാവ് നഗരഭരണസമിതിയിൽ അംഗമായിരുന്നു. മാതാപിതാക്കൾ ജാതികളിൽ നിന്നുള്ളവരായിരുന്നുവെന്നും അല്ലെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. മോർ സേവേറിയോസിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ തന്നെ സുഹൃത്തായ ഗാസയിലെ സഖറിയായിൽ നിന്നാണ് (Brooks, 1903).

പിതാവിന്റെ മരണശേഷം മോർ സേവേറിയോസ് മൂത്ത സഹോദരന്മാരോടുകൂടെ (സേവേറിയോസ് മൂന്നാമത്തെ മകനാണ്) ഗ്രീക്ക്, ലാറ്റിൻ, പ്രസംഗകല എന്നിവ പഠിക്കുന്നതിനായി അലക്സന്ത്രിയായിലേക്കു പോയി. പിന്നീട് ഏ. ഡി. 486-ൽ ബെയ്റൂട്ടിൽ പോയി നിയമം പഠിച്ച് അവിടെ അഭിഭാഷകനായി ജോലി ചെയ്തു (Smith & Wace, 1887; Brooks, 1903). ബെയ്റൂട്ടിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവശാസ്ത്രഗ്രന്ഥങ്ങൾ വായിച്ച് അപ്പൊസ്തോലനായ പൗലോസിനെ പുകഴ്ത്തിക്കൊണ്ട് (*Encomium of the Apostle Paul*) ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചു.

ഏ. ഡി. 488-ൽ ട്രിപോലിസിൽ (Tripolis) വച്ച് മാമോദീസാ യേറ്റു. തുടർന്ന് ഏ. ഡി. 490-ൽ യെരൂശലേം സന്ദർശിക്കുകയും ഗാസയ്ക്കും മജുംമയ്ക്കും ഇടയ്ക്കുള്ള പത്രൊസിന്റെ ദയറാ യിൽ സന്യാസിയായി ചേരുകയും ചെയ്തു. ദയറായിൽ കഠിന മായ തപസ്സനുഷ്ഠിച്ചതിനാൽ ഒരിക്കൽ രോഗിയായി തീർന്നു. പിന്നീട് സ്വന്തമായി ഒരു ആശ്രമം സ്ഥാപിച്ചു. ഇദ്ദേഹത്തിന് എപ്പിപ്പാനിയോസ് മെത്രാപ്പോലീത്ത കശീശാപട്ടം കൊടുത്തു (Aphrem I, 2000). ഏ. ഡി. 508 മുതൽ ഏ. ഡി. 511 വരെ കുസ് തന്തീനോസ്പോലീസിൽ താമസിച്ചു.

ഫ്ളേവിയൻ രണ്ടാമൻ (ഏ. ഡി. 498-512) പാത്രിയർക്കീ സിനെ എ. ഡി. 512-ൽ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ മോർ സേ വേറിയോസ് ഏ. ഡി. 512 നവംബർ 6-ാം തീയതി പാത്രിയർ ക്കീസായി സ്ഥാനാരോഹണം ചെയ്തു (Brooks, 1903; Douglas, 1978; Aphrem I, 2000). പാത്രിയർക്കീസായ ശേഷവും മോർ സേ വേറിയോസ് സന്യാസവ്രതാനുഷ്ഠാന രീതികൾ തുടർന്നുപോ ന്നു. തന്റെ മുൻഗാമി സുഖജീവിതത്തിനായി പാത്രിയർക്കാ അരമനയിൽ ഉണ്ടാക്കിയിരുന്ന ക്രമീകരണങ്ങളെല്ലാം ഇദ്ദേഹം നീക്കം ചെയ്തു (Aphrem, 1963).

ഏ. ഡി. 518-ൽ കൽക്കിദോന്യരെ അനുകൂലിക്കുന്ന ജസ്റ്റിൻ ഒന്നാമൻ ചക്രവർത്തി അധികാരമേറ്റപ്പോൾ സേവേറിയോസ് പാത്രിയർക്കീസിന്റെ എഴുത്തുകളെല്ലാം നിരോധിക്കപ്പെട്ടു. അവ അഗ്നിക്കിരയാക്കാതെ ആരെങ്കിലും കൈവശം വച്ചാൽ അവരു ടെ വലതുകൈ വെട്ടിക്കളയുന്നതിനും കല്പന പുറപ്പെടുവിച്ചു. തന്മൂലം ഏ. ഡി. 518 സെപ്തംബർ 29-ാം തീയതി മോർ സേവേ റിയോസ് അന്ത്യോഖ്യയിൽ നിന്നും ഈജിപ്റ്റിലേക്ക് പലായനം ചെയ്ത് ഒളിവിൽ താമസിച്ചു (Brooks, 1903; Aphrem I, 2000).

ജഡധാരണത്തെ സംബന്ധിച്ചുള്ള വി. സേവേറിയോസിന്റെ എഴുത്തുകളും പഠിപ്പിക്കലുകളും വിഖ്യാതങ്ങളാണ്:

"His conception of the incarnation was, that all the human qualities remained in Christ unchanged in their nature and essence, but that they were amalgamated with the totality of hypostasis; that they had no longer separate existence, and having no longer any kind of centre or focus of

their own, no longer constituted a distinct monad. On the contrary, the foci had become one. The monads were conjoined; the substratum in which the qualities of both natures inhered no longer had an independent subsistence, but formed a synthesis, and all the attributes subsisted in this composite hypostasis" (Smith & Wace, 1887, Vol. IV, p. 641).

മേൽ ഉദ്ധരിച്ച വിശ്വാസപ്രഖ്യാപനമാണ് വി. കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ പ്രാർത്ഥനയിൽ ഏറ്റുപറയുന്നത്. ‘‘അവിഭാജ്യമായ ആ സംയോജനത്തിനുശേഷം അമ്മാനുവേൽ ഏകൻ മാത്രമാകുന്നു; രണ്ടു സ്വഭാവങ്ങളായി വിഛേദിച്ചു കൂടാ. ഇ പ്രകാരം ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ ഞങ്ങൾ ഏറ്റുപറയുന്നു. ഇങ്ങനെ ഞങ്ങൾ ഉറപ്പിച്ചു പറയുകയും ചെയ്യുന്നു.’’

വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ‘‘സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധസഭ മുഴുവന്റെയും വിവേകമുള്ള വായും, തൂണും, മല്പാനും..... മറിയാം സംശയം കൂടാതെ ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മോർ സേവേറിയോസ്’’ എന്നാണ് പരാമർശിച്ചിരിക്കുന്നത്. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ ചൊല്ലുന്ന ‘‘നിൻ മാതാവു വിശുദ്ധന്മാർ...’’ എന്ന ഗാനം മോർ സേവേറിയോസ് പാത്രിയർക്കീസ് രചിച്ചതാണ്. ദനഹാ പെരുന്നാളിലെ വെള്ളം വാഴ്വിന്റെ ക്രമം, ഒരു വി. കുർബ്ബാന തക്സാ, 3800 ലേഖനങ്ങൾ എന്നിവയും ഈ പിതാവിന്റെ എഴുത്തുകളിൽ ഉൾപ്പെടുന്നു. നിലവിലുള്ള എഴുത്തുകളുടെ വിശദമായ പട്ടിക പ. അപ്രേം പ്രഥമൻ ബാവ രേഖപ്പെടുത്തിയിട്ടുണ്ട് (Aphrem I, 2000, pp. 93-96).

മോർ സേവേറിയോസ് തന്റെ അന്ത്യം അടുത്തെന്നറിഞ്ഞ് തന്റെ ശിഷ്യന്മാരെ കൂട്ടി വരുത്തി അവരോടിപ്രകാരം പറഞ്ഞു: ‘‘ഞാൻ പോയി മശിഹായോടു ചേരുന്നത് എനിക്ക് നല്ലതാകുന്നു. അവിടെ നിങ്ങളും എന്റെ അടുക്കൽ വരികയും നാം ഒന്നിച്ചാകുകയും ചെയ്യും.’’ ഏ. ഡി. 518 മുതൽ 538 വരെ 20 വർഷങ്ങൾ ഒളിവിൽ കഴിച്ചുകൂട്ടിയ ഈ പിതാവ് ഏ. ഡി. 538 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച 79-ാമത്തെ വയസ്സിൽ ഈജിപ്റ്റിലെ സാഖാ (Sakha) പട്ടണത്തിൽ വച്ച് കാലംചെയ്തു.

# പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ

(ഏ. ഡി. 1867 - 1932)

പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവാ 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൽ ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പായുടെയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവാ, നാസിറി (ജയാളി) എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടത് (John, 1982).

പരിശുദ്ധ ബാവായ്ക്ക് നാല് സഹോദന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. മാതാവിന്റെ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജ്യേഷ്ഠ സഹോദരനായ ജോസഫിന്റെ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായോടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അഫ്രേം, മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു.

പ. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസിറി കുർക്കുമ ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നു മാസത്തിനുശേഷം ജോലി രാജിവച്ചു.

പരിശുദ്ധ പത്രോസ് തൃതീയൻ ബാവാ നാസിറിയെക്കുറിച്ചറിഞ്ഞപ്പോൾ, നാല്പത് സഹദേന്മാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതിന് നിർദ്ദേശിച്ചു. ഏറ്റവും സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നാസിറി.

1887-ൽ (20 വയസ്സുള്ളപ്പോൾ) പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888-ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ

ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892-ൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായിൽനിന്ന് കശീശാ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യകാര്യദർശിയെന്ന നിലയിൽ ചുമതലകൾ നിറവേറ്റിയ ഏലിയാസ് കശീശ മർദ്ദീനിന് അടുത്തുള്ള ആമീദ് (ഡയർബക്കർ) മഹാഇടവകയുടെ ചുമതലകൾ കുറച്ചുനാൾ നിർവ്വഹിച്ചു. പരിശുദ്ധ പത്രോസ് തൃതീയൻ ബാവാ (മുളന്തുരുത്തി സുന്നഹദോസ് 1876-ൽ വിളിച്ചു ചേർത്ത ബാവാ) 1894-ൽ കാലംചെയ്തപ്പോൾ ആമീദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശ കുർക്കുമ ദയറായിലേക്കു തിരിച്ചു വന്നു.

1895-ൽ പരിശുദ്ധ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവാ, ഷെരിയായിലെയും 1899-ൽ തുറബ്ദീനിലുള്ള (ടർക്കി) മിദിയാത്തിലെയും ഭദ്രാസന ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശായെ നിയോഗിച്ചു.

അന്നത്തെ തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, ഏഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് വി. കുര്യാക്കോസിന്റെ ദയറായിൽ അഭയം നൽകിയത് ഏലിയാസ് കശീശായായിരുന്നു. അർമ്മേനിയൻ ക്രിസ്ത്യാനികൾക്കു ചെയ്തുകൊടുത്ത സഹായങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു.

പിന്നീട് കുറിയാക്കോസ് ദയറായുടെയും കുർക്കുമ ദയറായുടെയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും സ്കൂളുകൾ, പള്ളികൾ, ആശുപത്രികൾ എന്നിവ പണിയിക്കുകയും ചെയ്തു. ഏലിയാസ് കശീശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.

41 വയസ്സുള്ളപ്പോൾ (1908-ൽ) പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ ഏലിയാസ് കശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവാ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908-1911) നിർവ്വഹിച്ചു. (ആർത്താറ്റ്

കുന്നംകുളം സിംഹാസനപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവ, ഈവാനിയോസ് മെത്രാപ്പോലിത്തായോടൊപ്പമാണ് പട്ടമേറ്റത്). 1912-ൽ മൂസലി ന്റെ (Musal, Iraq) മെത്രാപ്പോലീത്തയായി നിയമിതനായി.

1915-ൽ നവംബർ 26-ാം തീയതി അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവാ കാലംചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്താ പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. 1917-ൽ പാത്രിയർക്കാ സ്ഥാനാരോഹണം നടന്നു. തുർക്കി സുൽത്താനായ മുഹമ്മദ് റഷീദ്, പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായ്ക്ക് ഫർമാൻ (അധികാരപത്രം) കൊടുത്തു. 1919-ൽ പരിശുദ്ധ ബാവാ ടർക്കിയുടെ അന്നത്തെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ സന്ദർശിക്കുകയും ടർക്കി സുൽത്താൻ, പരിശുദ്ധ ബാവായ്ക്ക്, ഉസ്മാനിയ മെഡൽ സമ്മാനിക്കുകയും ചെയ്തു. 1922-ൽ യെരൂശലേമിൽ എഴുന്നെള്ളി ഏതാനും മാസങ്ങൾ താമസിച്ചു. ഈ കാലഘട്ടത്തിലാണ് ടർക്കിയിൽ ആഭ്യന്തര കലാപം ഉണ്ടായത്. തുടർന്ന് രാജഭരണം മാറി ജനാധിപത്യ ഭരണക്രമമനുസരിച്ച് ഗാസി മുസ്തഫാ കെമാൻ പാഷ അധികാരത്തിലെത്തി.

പരിശുദ്ധ ബാവാ യെരൂശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെനിന്ന് അറബിയിലും സുറിയാനിയിലും മാസികകളും, ആഴ്ചപ്പതിപ്പുകളും പ്രസിദ്ധീകരിക്കുന്നതിന് ആരംഭിക്കുകയും ചെയ്തു. 1923-ൽ മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായെ (അന്ത്യോഖ്യാ സിംഹാസന പ്രതിനിധി) വാഴിച്ചു. 1927-ൽ (നവംമ്പർ 11) മലങ്കരസഭയ്ക്കുവേണ്ടി പരിശുദ്ധ ബാവാ വാഴിച്ച മെത്രാപ്പോലീത്തന്മാരാണ് ക്നാനായ സമുദായത്തിന്റെ മോർ ദീയസ്കോറോസ് തോമസ്, മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെട്ട പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസിയോസ് എന്നിവർ.

മലങ്കരസഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നെള്ളുകയോ ഒരു പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി

ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1-ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവാ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15-ന് മറുപടി അയച്ചു.

ഹൃദ്രോഗബാധിതനായിരുന്ന പരിശുദ്ധ ബാവാ ഇൻഡ്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസ്സുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവാ യാത്രചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. ''നാം ഇവിടെ തന്നെ താമസിച്ചാലും ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കുവേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു''.

പരിശുദ്ധ ബാവാ 1931 ഫെബ്രുവരി 6-ാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത, വന്ദ്യ കുറിയാക്കോസ് റമ്പാച്ചൻ (പിന്നീട് മോർ ഒസ്താത്തിയോസ് കുറിയാക്കോസ്), വന്ദ്യ യേശു ശമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ), സെക്രട്ടറി സഖറിയ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരി വക്കീൽ എന്നിവർ ബാവായെ അനുഗമിച്ചു.

പരിശുദ്ധ ബാവായും സംഘവും 1931 ഫെബ്രുവരി 28-ന് ബസ്രാ തുറമുഖത്തു നിന്ന് 'വാർസോവാ' എന്ന കപ്പലിൽ ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5-ന് കറാച്ചിയിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി എന്നിവരും, കശീശന്മാരും, ശെമ്മാശന്മാരും, വിശ്വാസികളും എത്തിയിരുന്നു. പരിശുദ്ധ ബാവാ 1931 മാർച്ച് 6 -ാം തീയതി കറാച്ചിയിൽ നിന്ന് ട്രെയിൻ മാർഗ്ഗം യാത്ര ചെയ്ത് 8-ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12-ാം തീയതി മദ്രാസിലെത്തി ഗവർണർ, സർ ജോർജ്ജ്

സ്റ്റാൻലിയെ സന്ദർശിച്ച്, മാർച്ച് 21-ാം തീയതി ആലുവായിലെത്തി. 1931 മാർച്ച് 22-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പരിശുദ്ധ ബാവാ വി. ബലിയർപ്പിച്ചു.

മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവാ 1931-ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വഹിച്ചു. 1931 ജൂലൈ 5-ാം തീയതി കുറുപ്പംപടി പള്ളിയിൽ പള്ളി പ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നിലധികം തവണ സന്ദർശിക്കുകയും രണ്ടു മാസത്തിലധികം അവിടെ താമസിക്കുകയും ചെയ്തു. 1932-ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ സെന്റ് തോമസ് പള്ളിയിലാണ് നിർവ്വഹിച്ചത്.

1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞിനിക്കര മാർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാനശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിനാലുള്ള മനഃക്ലേശത്താലും, ദീർഘയാത്രയാലും പരിശുദ്ധ ബാവാ ക്ഷീണിതനായി.

കല്ലിശ്ശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേക്കുള്ള യാത്രയിലും ഓമല്ലൂരിലും, ബഹുമാനപ്പെട്ട ഇലവിനാമണ്ണിൽ കുറിയാക്കോസ് കശീശാ വിപുലമായ സ്വീകരണക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞിനിക്കരയിലെത്തിയ ബാവാ, ‘‘ഇവിടുത്തെ താമസം നമുക്കു വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്നു കല്പിച്ചു’’. ഫെബ്രുവരി 12-ാം തീയതി പരിശുദ്ധ ബാവായെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് ‘‘ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോടുകൂടെ താമസിക്കരുതോ?’’ എന്നു കല്പിച്ചു. അന്നുവൈകിട്ടു മെത്രാപ്പോലീത്തന്മാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽ കന്തീലായുടെ (തൈലാഭിഷേക ശുശ്രൂഷയുടെ) പലഭാഗങ്ങളും ചൊല്ലികേൾപ്പിക്കുകയും, നിദ്രപ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു.

ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവാ കല്പിച്ച പ്രകാരം മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി, വിശുദ്ധ കുർബ്ബാനയർപ്പിച്ചു. പരിശുദ്ധ ബാവാ വിശുദ്ധ കുർബ്ബാനമധ്യേ

പ്രസംഗിച്ചു. മധ്യാഹ്നപ്രാർത്ഥനയ്ക്കുശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ചു സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറിയെഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി ''എന്റെ തല എന്റെ തല'' എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതു പോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവാ നിത്യതയിലേക്കു യാത്രയായി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാസനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെബ്രുവരി 14-ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ കല്പനപ്രകാരം (E 265 / 87) മഞ്ഞിനിക്കര ബാവായുടെ പേര് വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധന്റെ കബറിടം സ്ഥിതിചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനൊയുടെ നാമത്തിൽ പള്ളി പണികഴിപ്പിച്ചു. ഈ പരിശുദ്ധന്റെ ഓർമ്മ പെരുന്നാൾ ഫെബ്രുവരി 13-ാം തീയതി സഭ ആഘോഷിക്കുന്നു.

## ഉറഹായിലെ രാജാവായ അബ്ഗാർ അഞ്ചാമൻ

**(? - എ. ഡി. 65)**

അബ്ഗാർ രാജാക്കന്മാരിൽ (ബി. സി. 132 - എ. ഡി. 224) അബ്ഗാർ എന്നു പേരുള്ളവർ പലരുണ്ടായിരുന്നു. അബ്ഗാർ അഞ്ചാമനെ കറുത്തവനായ അബ്ഗാർ എന്നാണ് തിരിച്ചറിയുന്നതിനായി ചരിത്രപുസ്തകങ്ങളിൽ പരാമർശിച്ചിരിക്കുന്നത്. അബ്ഗാർ അഞ്ചാമൻ (Abgar, the Black) എ. ഡി. 22-25 കാലഘട്ടത്തിലും, എ. ഡി. 31-65 കാലഘട്ടത്തിലും ഉറഹായിലെ രാജാ

വായിരുന്നു. ഏ. ഡി. 26-31 കാലഘട്ടത്തിൽ വെളുത്തവനായ അബ്ഗാർ അധികാരത്തിലിരുന്നു. നിസിബിസിലെ ഏലിയായുടെ ദിനവൃത്താന്തത്തിൽ നിന്നും സുഖ്നിന്റെ ദിനവൃത്താന്തത്തിൽ നിന്നും ഉറഹായിലെ രാജാക്കന്മാരുടെ രണ്ട് പട്ടികകൾ ലഭ്യമാണ് (*The Hidden Pearl*, vol. 1, pp. 155-157).

ഉറഹാ പട്ടണം വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. മെസപ്പൊട്ടോമ്യൻ നഗരങ്ങളുടെ മാതാവായ ഉറഹാ പട്ടണത്തിന്റെ ഗ്രീക്കു നാമമാണ് എഡേസാ (Edessa Greek, Urhay Syriac, Urfa Turkish). ഉറഹാ പട്ടണം ബി. സി. 132-ൽ അറിയോ എന്ന സിറിയൻ രാജാവിനാൽ സ്ഥാപിതമായി (Abdal Ahad, 1948).

ഉറഹായിലെ രാജാവായ അബ്ഗാർ അഞ്ചാമൻ (റോമിലെ തിബെര്യോസ് കൈസറുടെ വാഴ്ചയുടെ 19-ാം ആണ്ടിൽ) യേശുവിന് ഒരു കത്ത് കൊടുത്തയച്ചുവെന്നത് ക്രൈസ്തവലോകത്ത് ഏറെ പ്രചാരമുള്ള ഒരു വസ്തുതയാണ്. ഈ കത്ത് നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അബ്ഗാർ രാജാവ് യേശുവിന്, ഹാനനിയവശം ഊർശ്ലേമിലേക്ക് കൊടുത്തയച്ച കത്തും യേശുവിന്റെ മറുപടി കത്തും സഭാചരിത്രകാരനായ യൂസേബിയോസും ആദായിയുടെ പഠിപ്പിക്കലുകൾ എന്ന സുറിയാനി രേഖയിലും വിവരിച്ചിട്ടുണ്ട് (For a Complete text of the letter in English, see, pages 103-104, 121-124 of *The hidden pearl*, vol II).

**അബ്ഗാർ രാജാവിന്റെ കത്തിന്റെ പരിഭാഷ:**

നല്ല രക്ഷകനായ (വൈദ്യനായ) യേശുവിന്, ഞാൻ അങ്ങയെക്കുറിച്ചും അങ്ങ് മരുന്നുകൾ കൂടാതെ കുരുടന് കാഴ്ചകൊടുക്കുകയും മുടന്തനെ നടക്കുമാറാക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും അശുദ്ധാത്മാക്കളെ ബഹിഷ്ക്കരിക്കുകയും ദീർഘനാളായി രോഗത്തിൽ കഷ്ടപ്പെടുന്നവരെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്യുന്നതായി കേട്ടിരിക്കുന്നു. ഈ കാര്യങ്ങൾ ചെയ്യുന്നതിനാൽ, ഒന്നുകിൽ അങ്ങ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ദൈവമാണ്, അല്ലെങ്കിൽ ദൈവപുത്രനാണ്. ആയതിനാൽ എന്റെ രോഗത്തിൽ നിന്ന് എന്നെ സുഖപ്പെടുത്താൻ അങ്ങ് എത്രയും വേഗം എന്റെ അടുക്കൽ വരുന്നതിന് അപേക്ഷിക്കുന്നു.

മാത്രമല്ല, യെഹൂദന്മാർ നിനക്കെതിരെ പിറുപിറുക്കുന്നതായും നിന്നോട് ഹീനമായി പെരുമാറുന്നതായും നിന്നെ ക്രൂശിക്കുന്നതിനാഗ്രഹിക്കുന്നതായും ഞാൻ കേട്ടിരിക്കുന്നു. എനിക്ക് പവിത്രമായ (സുന്ദരമായ) ഒരു ചെറിയ പട്ടണമുണ്ട്. അത് നമുക്കു രണ്ടുപേർക്കും ശാന്തമായി ജീവിക്കുന്നതിന് മതിയാവുന്നതാണ്.

**യേശു അബ്ഗാർ രാജാവിനെഴുതിയ മറുപടിയുടെ പരിഭാഷ:**

എന്നെ കാണാതെ തന്നെ എന്നിൽ വിശ്വസിച്ച താങ്കൾ അനുഗൃഹീതനാണ്. എന്നെ കാണുന്നവർ എന്നിൽ വിശ്വസിക്കയില്ലെന്നും, എന്നെ കാണാത്തവർ എന്നിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുമെന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ.

താങ്കൾ എന്നോട് അങ്ങോട്ടു വരുന്നതിനെക്കുറിച്ചെഴുതിയതിനെ പരാമർശിച്ച് എനിക്കറിയിക്കുവാനുള്ളത്, ഞാൻ എന്തിനുവേണ്ടിയാണോ അയയ്ക്കപ്പെട്ടിരിക്കുന്നത് ആയത് ഞാൻ (ഒന്നാമത്) പൂർത്തിയാക്കണം. അതിനുശേഷം ഞാൻ എന്നെ അയച്ച പിതാവിന്റെ അടുക്കലേക്ക് കരേറും (എടുക്കപ്പെടും). ഞാൻ കരേറി കഴിയുമ്പോൾ എന്റെ ശിഷ്യന്മാരിൽ ഒരാളെ നിന്നെ സുഖപ്പെടുത്തുന്നതിനും നിനക്കും നിന്നോടുകൂടെയുള്ളവർക്കും ജീവൻ നൽകുന്നതിനുമായിട്ടും അയയ്ക്കും. താങ്കളുടെ പട്ടണം അനുഗ്രഹിക്കപ്പെടും. ഒരു ശത്രുവിനും താങ്കളുടെ പട്ടണത്തിനുമേൽ ഇനിമേൽ അധികാരമുണ്ടാകയില്ല.

അബ്ഗാർ രാജാവിന്റെ സന്ദേശവാഹകനായ (ചിത്രമെഴുത്തുകാരനായ) ഹാനനിയക്ക് യേശുവിന്റെ ചിത്രം വരയ്ക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും യേശുവിന്റെ മുഖശോഭകൊണ്ട് ചിത്രം വരയ്ക്കാൻ സാധിച്ചില്ല എന്നും യേശു തന്നെ ഒരു തുണി തന്റെ മുഖത്തിട്ടിട്ട് അതിൽ പതിഞ്ഞ തന്റെ പ്രതിരൂപം അബ്ഗാർ രാജാവിന് കൊടുത്തയച്ചു എന്നുമാണ് ഗ്രീക്ക് എഴുത്തുകാരനായ ജോൺ (John of Damascus) വിവരിച്ചിട്ടുള്ളത്. ഈ സംഭവമാണ് പാതിനോമ്പിന്റെ സന്ധ്യാപ്രാർത്ഥനയിൽ പരാമർശിച്ചിരിക്കുന്നത്. ‘‘മശിഹാ തമ്പുരാനേ നിന്റെ സുവിശേഷ നടപടിയുടെ കാലത്ത് അബ്ഗാർ രാജാവ് നിന്നെ ക്ഷണിച്ച്

എഴുതി അയച്ചതിന്, മറുപടിയോടുകൂടി തിരുരൂപം അവനു നൽകിയതുപോലെ . . .''

എന്നാൽ ഹാനനിയ, യേശുവിൽ നിന്നു മറുപടി വാങ്ങിയപ്പോൾ യേശുവിനെ നല്ലതുപോലെ സൂക്ഷിച്ചു മനസ്സിലാക്കി തന്റെ ഒരു ഛായ വരച്ചെടുത്ത് ഉറഹായിലേക്ക് കൊണ്ടുപോയി അബ്ഗാർ രാജാവിനു സമർപ്പിച്ചുവെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട് (Abdal Ahad, 1948; pp. 174 - 175).

യേശുവിന്റെ ചിത്രത്തെ സംബന്ധിക്കുന്ന നിരവധി പരാമർശങ്ങൾ (കഷ്ടാനുഭവ നാളുകളിൽ വെറോണിക്കയ്ക്കു ലഭിച്ച തൂവാലയിലെ ചിത്രം) സഭാചരിത്രത്തിൽ കാണാവുന്നതാണ്. മേൽവിവരിച്ച അബ്ഗാർ രാജാവിനു ലഭിച്ച്, ഉറഹായിൽ സൂക്ഷിച്ചിരുന്ന ചിത്രമാണ് ബൈസന്റയിൻചക്രവർത്തിയായ റൊമാനോസ് ഒന്നാമൻ ഏ. ഡി. 944-ൽ കുസ്തന്തീനോസ് പോലീസിലേക്ക് കൊണ്ടുപോയത് ഏ. ഡി. 1204-നു ശേഷം കുരിശുയുദ്ധക്കാർ ആ ചിത്രം റോമിലേക്ക് കൊണ്ടുപോയതായി കരുതപ്പെടുന്നു.

മശിഹാതമ്പുരാന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ മുൻ വാഗ്ദത്തമനുസരിച്ച് എഴുപതു അറിയിപ്പുകാരിൽ ഒരാളായ (മാർതോമാശ്ലീഹായുടെ സഹോദരൻ) ആദായിയെയാണ് ഉറഹായിലേക്ക് അയച്ചത് (Aprem Aboodi, 1966; Aphrem I, 2000). 'പാതിനോമ്പിന്റെ സ്ലീബാ ആഘോഷം (വടക്ക്) ''കർത്താവേ കറുത്തവനായ അബ്ഗാറിന്റെ അപേക്ഷ കേട്ട് വേദനകളിൽനിന്നും രോഗങ്ങളിൽ നിന്നും അവന് സ്വസ്ഥത നൽകിയതുപോലെ . . .'' ആദായി, അബ്ഗാർ രാജാവിനെ കുഷ്ഠരോഗത്തിൽ നിന്നും സുഖമാക്കുകയും മാമോദീസാ മുക്കുകയും അദ്ദേഹത്തിന്റെ ചിലവിൽ ഉറഹായിൽ ഒരു പള്ളി പണിയിക്കുകയും ചെയ്തു. (Abdal Ahad, 1948, p. 175). ആദായി ഉറഹായിലെ ഒന്നാമത്തെ സുവിശേഷകനും എപ്പിസ്കോപ്പായും ആകുന്നു.

ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച രാജാവാണ് അബ്ഗാർ അഞ്ചാമൻ. ഇദ്ദേഹം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ക്രിസ്ത്യാനിത്വത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഏറെ പരിശ്രമിക്കുകയും ചെയ്തു. ഉറഹായിലെ രാജാവായ കറുത്തവനായ

അബ്ഗാർ അഞ്ചാമന്റെ ഓർമ്മ സുറിയാനി സഭ പാതിനോമ്പിന്റെ ബുധനാഴ്ച ആചരിക്കുന്നു.

## പരിശുദ്ധനായ
## മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ
**(ഏ. ഡി. ? ഏ. ഡി. 1671)**

മലങ്കരയിലെ തോമാ അർക്കദിയാക്കോൻ പരിശുദ്ധ ഇഗ്നാത്തിയോസ് ശെമവൂൻ ഒന്നാമൻ പാത്രിയർക്കീസ് ബാവായ്ക്ക് (ഏ. ഡി. 1640-1659) ഓമീദുകാരനായ സ്റ്റേഫാൻ അസ്പർ ശെമ്മാശൻ വശം ഒരു അപേക്ഷ കൊടുത്തയച്ചു. അപേക്ഷയിൽ വിദ്യാസമ്പന്നനും, സുറിയാനിഭാഷാപണ്ഡിതനുമായ ഒരു പിതാവിനെ മലങ്കരയിലേക്ക് അയയ്ക്കണമെന്നപേക്ഷിച്ചിരുന്നു (Aphrem Paulose, 1964). മേൽപറഞ്ഞ അപേക്ഷ പരിഗണിച്ച് പ. അബ്ദേദ് മശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവാ (ഏ. ഡി. 1662-1686) ഏ. ഡി. 1665-ൽ മലങ്കരയിലേക്കയച്ച പിതാവാണ് പരിശുദ്ധനായ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ.

അബ്ദുൾ ജലീൽ മൂസൽ പട്ടണത്തിൽ ജനിച്ചു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ചു. അബ്ദുൾ ജലീൽ റമ്പാനെ 1654-ൽ തിമൊഥിയോസ് എന്നപേരിൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പ. ഇഗ്നാത്തിയോസ് ശെമവൂൻ ഒന്നാമൻ ബാവാ വാഴിച്ചു. മെത്രാപ്പോലീത്തായായി നിയമിതനായ ബാവാ 1664 വരെ ഓമീദിന്റെ മെത്രാപ്പോലീത്തായായി സ്തുത്യർഹമായ സേവനം നിർവഹിച്ചു. 1664-ൽ മോർ തിമൊഥിയോസ് അബ്ദുൾ ജലീൽ മെത്രാപ്പോലീത്തായെ ഊർശ്ലേമിന്റെ മെത്രാപ്പോലീത്തായായി നിയമിച്ചു. ആ സമയത്ത് ഊർശ്ലേം മെത്രാപ്പോലീത്തന്മാരുടെ സ്ഥാനപ്പേരായ ഗ്രീഗോറിയോസ് എന്ന നാമം നൽകപ്പെട്ടു.

ഹൂദായകാനോൻ അനുസരിച്ച് ലോകത്തിന്റെ നാല് ഭാഗങ്ങളുടെ എണ്ണമനുസരിച്ച് നാല് പാത്രിയർക്കീസന്മാരുണ്ടായിരി

ക്കണം. റോമ, അലക്സന്ത്ര്യ, കുസ്തന്തീനോസ്, അന്ത്യോഖ്യ എന്നിവയും ഊർശ്ലേമിലെ മെത്രാപ്പോലീത്തായ്ക്ക് ഇനിമേൽ അഞ്ചാം പാത്രിയർക്കീസ് എന്ന ബഹുമാനം ഉണ്ടായിരിക്കണം (Bar Ebroyo, 1994, p. 64). പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിലുള്ള ഊർശ്ലേം മെത്രാപ്പോലീത്താ പാത്രിയർക്കീസെന്നറിയപ്പെടുന്നതിന്റെ പശ്ചാത്തലത്തലമാണ് ഇവിടെ സ്പഷ്ടമാക്കിയത്.

യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ, കൂനൻകുരിശുസത്യത്തിലേക്കു നയിച്ച സംഭവത്തിനുശേഷം (ഏ.ഡി. 1653), ക്ലേശങ്ങൾ സഹിച്ച് ഊർശ്ലേം മെത്രാപ്പോലീത്തയായിരുന്ന (പാത്രിയർക്കീസെന്നറിയപ്പെട്ട) മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ 1665-ൽ പായ്ക്കപ്പലിൽ യാത്രചെയ്ത് പൊന്നാനിയിൽ വന്നിറങ്ങി. മലങ്കരയിലെ സാഹചര്യങ്ങൾ മനസ്സിലാക്കി വേഷപ്രച്ഛന്നനായിട്ടാണ് ബാവാ പൊന്നാനിയിൽ ഏതാനും ദിവസങ്ങൾ തള്ളിനീക്കിയത്. പിന്നീട് ക്രിസ്ത്യാനികളായ കച്ചവടക്കാരെ കണ്ടുമുട്ടിയശേഷമായിരുന്നു മെത്രാപ്പോലീത്തയാണെന്ന് വെളിപ്പെടുത്തിയതും കോട്ടയത്തേക്കു യാത്രതിരിച്ചതും (Kurien Corepiscopa, 2003).

മലങ്കരയിലെത്തിയ ബാവാ 1665 (ജൂലൈ 1) മിഥുനം 17-ാം തീയതി തോമാ അർക്കദിയാക്കോനെ ഒന്നാം മാർതോമ എന്നപേരിൽ എപ്പിസ്കോപ്പയായി വാഴിച്ചു. ഒന്നാം മാർതോമായും പരിശുദ്ധ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായും ചേർന്ന് രണ്ടാം മാർതോമായെ വാഴിച്ചു. പരിശുദ്ധ ബാവായുടെ പിതാവ് വലിയ ധനികനായിരുന്നു. പിതൃസ്വത്തിൽ നിന്നും നല്ല ഒരു പങ്ക് മലങ്കരയിൽ കൊണ്ടുവന്ന് പറവൂർ പ്രദേശത്ത് തോറായ്ക്കൽ നിലം വാങ്ങുകയും ആ വസ്തുവകകൾ 1566-ൽ സ്ഥാപിതമായ വടക്കൻപറവൂർ സെന്റ് തോമസ് സുറിയാനിപള്ളിയുടേതായി തീരുകയും ചെയ്തു.

മലങ്കരസഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിന് പ. ബാവാ പള്ളികൾ സന്ദർശിക്കുകയും കൂദാശകൾ നിർവഹിക്കുകയും ഇടക്കാലത്ത് സഭയിൽ കടന്നുകൂടിയ വേദവിപരീതങ്ങൾ തിരുത്തുകയും ചെയ്തു. മലങ്കരസഭയുടെ യാക്കോബ് ബുർദോനൊ എന്നറിയപ്പെടുന്ന ബാവാ വി. കുർബ്ബാനയിൽ

പാരമ്പര്യമനുസരിച്ച് പുളിപ്പുള്ള അപ്പം ഉപയോഗത്തിലാക്കി. നിർത്തലാക്കിയിരുന്ന പട്ടക്കാരുടെ വിവാഹം പുനരാരംഭിച്ചു. പള്ളികളിൽ രൂപങ്ങളും ബിംബങ്ങളും പ്രതിഷ്ഠിക്കുന്നതിനെ വിലക്കി. അന്നുണ്ടായിരുന്ന 69 പള്ളികളിൽ 45 പള്ളികളും പ. ബാവായെ സസന്തോഷം സ്വീകരിച്ചു (Kurien Corepiscopa, 1982, pp. 146 - 147).

വടക്കൻപറവൂർ സെന്റ് തോമസ് പള്ളിയിലാണ് ബാവ അന്ത്യനാളുകൾ ചിലവഴിച്ചത്. മരണസമയം മുമ്പേ ഗ്രഹിച്ച ബാവാ കുളിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് പള്ളിയിൽ പ്രവേശിച്ച് 1671 ഏപ്രിൽ 27-ാം തീയതി (മേടമാസം 14) ഭാഗ്യമരണം പ്രാപിച്ചു. കാലം ചെയ്ത സമയത്ത് പള്ളിമണി താനെ മുഴങ്ങുകയും പടിഞ്ഞാറുവശത്തുള്ള കൽക്കുരിശ് മൂന്നുതവണ ചായുകയും നിവരുകയും ചെയ്തു. പള്ളിക്കകത്തും പുറത്തും അസാധാരണപ്രകാശം പരക്കുകയും ചെയ്തു.

പരിശുദ്ധ ബാവായുടെ ഓർമ്മപെരുന്നാൾ ഏപ്രിൽ 27-ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു. എല്ലാ മാസവും 27-ാം തീയതി പരിശുദ്ധന്റെ പെരുന്നാൾ വടക്കൻപറവൂർ പള്ളിയിൽ ആചരിക്കുന്നു. വലിയപെരുന്നാൾ ദിവസം പ. ബാവ ഉപയോഗിച്ചിരുന്ന കാസ ഉപയോഗിച്ചാണ് ദിവ്യബലി അർപ്പിക്കുന്നത്. പ. ബാവ ഉപയോഗിച്ചിരുന്ന സ്ലീബായിൽ 12 അറകളിൽ 11-ലും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും ഒന്നിൽ കർത്താവിനെ കുരിശിച്ച കുരിശിന്റെ അംശവും അടക്കം ചെയ്തിട്ടുണ്ട്. ഈ സ്ലീബാ, പെരുന്നാൾദിവസം പൊതുവണക്കത്തിനായി പള്ളിയിൽ വയ്ക്കുന്ന പതിവുണ്ട്. പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ ഏപ്രിൽ 4, 2000-ലെ നമ്പർ 71/2000 കല്പനപ്രകാരം പ. ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

# സുവിശേഷകനായ വിശുദ്ധ യോഹന്നാൻ ശ്ലീഹാ

**(ഏ. ഡി. 3 ? - ഏ. ഡി. 100)**

ബെത്ത്സയിദക്കാരായ സെബദിയുടെയും ശലോമിയുടെയും ഇളയ മകനായ യോഹന്നാൻ ഗലീലയിൽ ജനിച്ചു. സെബദിപുത്രന്മാരായ യാക്കോബും യോഹന്നാനും സ്നാപകയോഹന്നാന്റെ ശിഷ്യന്മാരായിരുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച്, ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്'' എന്ന് സാക്ഷിച്ചപ്പോൾ (യോഹ. 1:35-37) അന്ത്രയോസിനോടുകൂടെ മശിഹായെ അനുഗമിച്ച ശിഷ്യനാണ് യോഹന്നാൻ (Abdul Ahad, 1948). സെബദിയും പുത്രന്മാരും മീൻപിടുത്തക്കാരായിരുന്നു (മത്താ. 4:21). ഗ്രീക്ക് ഭാഷയും സാഹിത്യവും പരിചിതമായിരുന്ന യോഹന്നാൻ അവിവാഹിതനായിരുന്നു.

യോഹന്നാൻ മറ്റു ശിഷ്യന്മാരിൽ നിന്ന് പല കാരണങ്ങളാൽ വ്യത്യസ്തനായിരുന്നു. യോഹന്നാൻ മറ്റെല്ലാ ശിഷ്യന്മാരെക്കാൾ പ്രായം കുറഞ്ഞവനായിരുന്നു. യേശു ഏറ്റവും സ്നേഹിച്ച ശിഷ്യനെന്ന് പരാമർശിച്ചിരിക്കുന്നത് യോഹന്നാൻ ശ്ലീഹായെക്കുറിച്ചാണ് (യോഹ. 19:26). രക്തസാക്ഷിമരണം പ്രാപിക്കാതിരുന്ന ഏകശിഷ്യനാണ് വി. യോഹന്നാൻ. യേശുവിന്റെ ക്രൂശാരോഹണസമയത്ത് കുരിശിന്റെ ചുവട്ടിൽ മറിയാമിനോടും മറ്റു സ്ത്രീകളോടും കൂടെ ഉണ്ടായിരുന്ന ഏകശിഷ്യനാണ് യോഹന്നാൻ. യോഹന്നാനെ സഭയുടെ തൂണെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നു (ഗലാ. 2:9).

ബ്നായ്റ്ഗേശ് അഥവാ ''ഇടിമുഴക്കത്തിന്റെ മക്കൾ'' എന്നാണ് യാക്കോബും യോഹന്നാനും അറിയപ്പെട്ടിരുന്നത് (മർക്കൊ. 3:17). ഈ പേരിന് അടിസ്ഥാനം അവരുടെ തീക്ഷ്ണത, ശുഷ്ക്കാന്തി എന്നീ ഗുണങ്ങളാണെന്ന് കരുതപ്പെടുന്നു (മർക്കൊ. 9:38; ലൂക്കൊ. 9:52-56; *Nelson's Encyclopaedia*, 1913).

യേശുക്രിസ്തുവിനോടുകൂടെ, പല പ്രധാന സംഭവങ്ങൾക്കും യോഹന്നാൻ സാക്ഷിയായിരുന്നു. ഏ. ഡി. 28-ൽ യായി

റോസിന്റെ മകളെ ഉയർപ്പിച്ചപ്പോഴും (ലൂക്കൊ. 8:41-42; 49 -56); പത്രോസിന്റെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയ സന്ദർഭത്തിലും (മർക്കൊ. 1:29-31); ഏ. ഡി. 29-ൽ മറുരൂപ മലയിലും (മത്താ. 17:1-2; മർക്കൊ. 9:2); ഏ. ഡി. 30-ൽ ഗത്സീമോനിൽ പ്രാർത്ഥിക്കാൻ പോയപ്പോഴും (മത്താ. 26:37) യോഹന്നാൻ ശ്ലീഹാ കൂടെയുണ്ടായിരുന്നു. കർത്താവിന്റെ കല്ലറയുടെ വാതിൽക്കൽവച്ചിരുന്ന കല്ല് ഉരുട്ടി മാറ്റിയതായി കണ്ട മഗ്ദലനമറിയം ആ വിവരം ശെമഓനെയും യോഹന്നാനെയും അറിയിക്കുന്നതായും അവർ കല്ലറയിലേക്ക് പോകുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ. 20: 2, 8). ശെമഓനും യോഹന്നാനും ഒരുമിച്ച് ദൈവാലയത്തിലേക്ക് പോകുമ്പോൾ മാതാവിന്റെ ഉദരം മുതൽ മുടന്തനായ ഒരുവനെ സൗഖ്യമാക്കുന്നതായും കാണുന്നു (അപ്പൊ. പ്ര. 3: 1-8).

യേശുമശിഹായുടെ ക്രൂശാരോഹണത്തിനുശേഷം യോഹന്നാൻ തന്റെ ശിഷ്ടായുസ്സ് ഊർശ്ലേമിലും എഫേസോസിലുമായി ചിലവഴിച്ചു (Hoever, 1989). യോഹന്നാന് യെരൂശലേമിൽ സ്വന്തമായി ഒരു വീടുണ്ടായിരുന്നു. യെരൂശലേമിന്റെ നാശത്തിനു തൊട്ടുമുൻപായി എഫേസോസിലേക്ക് മാറി താമസിച്ചു. (Mc Birnie, 2002) യേശുവിന്റെ അമ്മ മറിയാമിനെ യേശു യോഹന്നാനെ ഭരമേല്പിച്ചതിനാൽ (യോഹ. 19:25-27) വി. കന്യകമറിയാം യോഹന്നാനോടുകൂടെ താമസിച്ചു. യോഹന്നാൻ ഏ. ഡി. 52 വരെ യെരൂശലേമിൽ താമസിക്കുകയും പിന്നീട് എഫേസോസിലേക്കു പോകുകയും ചെയ്തു. (Moothedan, 2001).

ഡയാനാ ദേവിയുടെ പുരോഹിതൻ ഒരിക്കൽ യോഹന്നാനെ വെല്ലുവിളിച്ചെന്നും, ഹെലോക് വിഷം കുടിപ്പിച്ചെന്നും (Kallarangatt & Puthukulangara, 2001)എന്നിട്ടും യാതൊരാപത്തും ഉണ്ടായില്ലെന്നും ചില എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട് (Day, 2002). ഏ. ഡി. 95-ൽ ഡൊമിഷ്യൻ (ദൊമത്തിയാനോസ്) ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് യോഹന്നാനെ റോമിലേക്ക് കൊണ്ടുപോകുകയും സൈത്തെണ്ണയിലിട്ട് വറുത്തെങ്കിലും യാതൊന്നും സംഭവിച്ചില്ലെന്ന് തെർത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ട് (Moothedan, 2001; Kallarangatt & Puthukulangara,2001).

യോഹന്നാനെ പിന്നീട് ഒരു വർഷത്തേക്ക് (ഏ. ഡി. 95–96) പത്മോസ് ദ്വീപിലേക്കു നാടുകടത്തി.

വി. യോഹന്നാൻ ശ്ലീഹാ ഏഷ്യാമൈനറിൽ (Turkey) നിരവധി പള്ളികൾ സ്ഥാപിച്ചു. സുവിശേഷവും മൂന്നു ലേഖനങ്ങളും, യോഹന്നാനുണ്ടായ വെളിപ്പാടും ശ്ലീഹാ എഴുതിയതാണ്. വി. സുവിശേഷം എഫേസോസിൽവച്ചും വെളിപ്പാടുപുസ്തകം പത്മോസ് ദ്വീപിൽവച്ചും എഴുതിയെന്ന് കരുതപ്പെടുന്നു.

വളരെ പ്രായമായതിനുശേഷം മറ്റു ശിഷ്യന്മാരുടെയെല്ലാം രക്തസാക്ഷിമരണത്തിനുശേഷം, ഉദ്ദേശം 97 വയസ്സുള്ളപ്പോൾ ഏ. ഡി. 100–ൽ വി. യോഹന്നാൻ നിര്യാതനായി. ശ്ളീഹായുടെ അവസാനനാളുകളിൽ വൃണവും വേദനയും ഉണ്ടായിരുന്നു. ശിഷ്യന്മാർ അദ്ദേഹത്തെ എടുത്തുകൊണ്ട് ദൈവാലയത്തിൽ വന്നിരുന്നു. മരണം സമീപക്കയാണെന്നു മനസ്സിലാക്കിയ ശ്ളീഹാ തന്റെ കുഴിമാടത്തിലേക്ക് കൊണ്ടുപോകുന്നതിന് ശിഷ്യന്മാരോടാവശ്യപ്പെട്ടു. അവിടെയെത്തി ശ്ളീഹാ പ്രാർത്ഥിച്ചു. ''കർത്താവായ യേശുവേ നീ എന്നോടുകൂടെ ഉണ്ടായിരിക്കണമേ'' അനന്തരം ശ്ളീഹാ നിദ്ര പ്രാപിച്ചു (Kallarangatt & Puthukulangara, 2001). എഫേസോസിൽ കബറടക്കുകയും കബറിടത്തിനു മുകളിൽ ഒരു പള്ളി പണിയുകയും ചെയ്തു. പിന്നീട് ഈ കബറിടപള്ളി ഒരു മുസ്ലീം പള്ളിയായി രൂപാന്തരപ്പെടുത്തി (Hoever, 1989). വി. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ മെയ് 8–ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു.

## നിസിബിനിലെ മോർ യാക്കോബ്

**(ഏ. ഡി. ? – 338)**

തുർക്കി രാജ്യത്തിന്റെ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന നിസിബിസിലാണ് (നുബെയ്ബിൻ) യാക്കോബ് ജനിച്ചത്. നിസിബിസിലെ യാക്കോബ്, 'മെസപ്പൊട്ടോമ്യയിലെ മോശ' എന്നും അറിയപ്പെടുന്നു. കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ കുടുംബത്തിൽപ്പെട്ടയാളാണ് മോർ യാക്കോബ് എന്ന് മോർ

ഔഗേൻ (d. എ. ഡി. 363) രേഖപ്പെടുത്തിയിട്ടുണ്ട്. യൗവ്വന പ്രായ ത്തിൽ തന്നെ യാക്കോബ് ഏകാന്തതയും ദയറാ ജീവിതവും ആഗ്രഹിച്ചിരുന്നു. അതനുസരിച്ച് നിസിബിസിന് സമീപ മുള്ള മലയിൽ ഏകാന്തവാസിയായി ദീർഘകാലം താമസിച്ചു. യാക്കോബ് തുറസായ സ്ഥലത്ത് താമസിക്കുകയും, പച്ചിലകളും പഴവർഗ്ഗങ്ങളും ഭക്ഷിക്കുകയും ആട്ടിൻ രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും ചെയ്തിരുന്നു. മിക്കവാറും സമയങ്ങളിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്ന യാക്കോബിന് പ്രവചനവരവും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുള്ള വരവും ലഭിച്ചിരുന്നു (http://www.soc-wus.org/ourchurch/St.%20James%20of%20nisibis.htm).

ഈജിപ്റ്റിലെ വിശുദ്ധ ഔഗേന്റെ (d. എ. ഡി. 363) ഒരു സമകാലീനനായിരുന്നു മോർ യാക്കോബ്. അവർ ഒന്നിച്ച് നിസി ബിസിനടുത്തുള്ള ഇസ്ലോ മലയിൽ താമസിച്ച് സുവിശേഷ വേലകൾ ചെയ്യുകയും അത്ഭുത പ്രവർത്തികളാലും രോഗസൗഖ്യത്താലും അനേകരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരികയും വിശ്വസിച്ചവർക്ക് മാമോദീസാ നൽകുകയും ചെയ്തു.

മോർ യാക്കോബ് പല അത്ഭുതങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. പേർ ഷ്യൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ അവരെ ശക്തിപ്പെടുത്തുന്നതിനും ധൈര്യപ്പെടുത്തുന്നതിനും അവിടെയുള്ളവർ മോർ യാക്കോബിനെ അങ്ങോട്ട് ക്ഷണിച്ചു. മോർ യാക്കോബ് യാത്രപോകുന്ന വഴിയിൽ കുറച്ചു സ്ത്രീകൾ ഒരു നദിയിൽ കുളിക്കുകയും വസ്ത്രം അലക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അവർ മോർ യാക്കോബിനെ കളിയാക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. അതേത്തുടർന്ന് നദി വരണ്ടുപോവുകയും ആ സ്ത്രീകളുടെ മുടി നരച്ചുപോകു കയും ചെയ്തു. ഉടനെ ആ സ്ത്രീകൾ അവരുടെ ഗ്രാമത്തിലേക്ക് ഓടിപ്പോകുകയും വിവരം അറിയിക്കുകയും ചെയ്തു. അവർ ക്ഷമ യാചിച്ചതിനെത്തുടർന്ന് മോർ യാക്കോബ് പ്രാർ ത്ഥിക്കുകയും നദിയിൽ വെള്ളമൊഴുക്കുണ്ടാകുകയും ചെയ്തു. ഈ അത്ഭുതംവഴിയായി ആ ഗ്രാമത്തിലുള്ള അനേകർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. മറ്റൊരു സന്ദർഭത്തിൽ കുറച്ചു

ആളുകൾ വന്ന് ഒരാളെ കബറടക്കുന്നതിന് മോർ യാക്കോബി നോട് സാമ്പത്തിക സഹായം ആവശ്യപ്പെട്ടു. അവർ ജീവനുള്ള ഒരാളെ തറയിൽ കിടത്തി തുണികൊണ്ട് മൂടിയിട്ട് മരിച്ചവനെന്ന് തെറ്റിധരിപ്പിച്ചായിരുന്നു മോർ യാക്കോബിന്റെ അടുക്കൽ വന്നത്. അവർ തിരികെ ചെന്നപ്പോൾ അവർ മൂടിയിട്ടിരുന്നയാൾ മരിച്ചതായി കണ്ടു. അവർ തിരികെ വിശുദ്ധന്റെ അടുക്കൽ വന്ന് പശ്ചാത്തപിക്കുകയും മോർ യാക്കോബിന്റെ പ്രാർത്ഥനയാൽ അയാൾ ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു. മാക്സിമിയൻ ചക്രവർത്തിയുടെ പീഡയുടെ കാലത്ത് (ഏ. ഡി. 305-311) മോർ യാക്കോബ് ധൈര്യത്തോടെ സത്യവിശ്വാസം ഏറ്റുപറയുകയു ണ്ടായി.

മോർ യാക്കോബിന്റെ സുകൃത ജീവിതവും കീർത്തിയും എല്ലായിടത്തും വ്യാപിക്കുകയും ഉദ്ദേശം ഏ. ഡി. 308 ൽ മോർ യാക്കോബിനെ നിസിബിസിലെ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. മോർ യാക്കോബ് മെത്രാപ്പോലീത്ത എന്ന നിലയിൽ പട്ടണത്തിലേക്ക് താമസം മാറ്റിയെങ്കിലും ആഹാരകാര്യങ്ങളും വസ്ത്രരീതികളും ദയറാക്കാരുടേതു തന്നെയായിരുന്നു. മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹം വിധവകൾക്കും അനാഥർക്കും ദരിദ്രർക്കും അവശ്യംവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. ഏ. ഡി. 313 നും ഏ. ഡി. 320 നും ഇടയിൽ മോർ യാക്കോബ് നിസിബിസിൽ ഒരു വലിയ ദൈവാലയം പണികഴിപ്പിച്ചു. ഈ ദൈവാലയത്തിലാണ് മോർ യാക്കോബിനെ ഏ. ഡി. 338ൽ കബറക്കിയത്.

സുറിയാനി ഓർത്തഡോക്സ് സഭയിലെ ഏറ്റവും പ്ര ധാനപ്പെട്ട മല്പാന്മാരിൽ ഒരാളാണ് നിസിബിസിലെ മോർ യാക്കോബ്. അർമേനിയയിലെ വിശുദ്ധ ഗ്രിഗറി (d. ഏ. ഡി. 332) ആവശ്യപ്പെട്ടതനുസരിച്ച് മോർ യാക്കോബ് സത്യവിശ്വാസത്തെ സംബന്ധിച്ച് പതിനെട്ട് അദ്ധ്യായങ്ങൾ എഴുതിയിട്ടുണ്ട്. അവ വിശ്വാസം, സ്നേഹം, ഉപവാസം, പ്രാർത്ഥന, ആത്മീയ യുദ്ധം, മരിച്ചവരുടെ പുനരുത്ഥാനം, വൈദികരുടെ ചുമതലകൾ, പ രിഛേദന, ഭക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്, ദൈവപുത്രനായ ക്രിസ്തു എന്നിവയെ സംബന്ധിച്ചുള്ളതാണ്. മോർ യാക്കോബ്, മോർ അഫ്രേമിന്റെ (d. ഏ. ഡി. 373) ഗുരുവെ

ന്നാണ് അറിയപ്പെടുന്നത്. മോർ യാക്കോബും പ്രിയ ശിഷ്യനായ മോർ അഫ്രേമും അറിയോസിന്റെ വേദവിപരീതത്തെ എതിർക്കുന്നതിനായി നിഖ്യാ സുന്നഹദോസിൽ (ഏ. ഡി. 325) സംബന്ധിച്ചിരുന്നു. മോർ യാക്കോബ് നിസിബിസിൽ സ്ഥാപിച്ച ദൈവശാസ്ത്ര പഠനകേന്ദ്രം വിഖ്യാതമാണ്.

മാക്സിമിൻ ചക്രവർത്തിയുടെ കീഴിൽ മോർ യാക്കോബ് പീഡിപ്പിക്കപ്പെട്ടു. നിഖ്യാസുന്നഹദോസിനുശേഷം അറിയോസ് കുസ്തന്തീനോസ് ചക്രവർത്തിയെ അഭയംപ്രാപിച്ചു. ഏ. ഡി. 336-ൽ കുസ്തന്തീനോസ് ചക്രവർത്തി ഒരു കല്പന പുറപ്പെടുവിച്ചു. അതിൻപ്രകാരം കുസ്തന്തീനോസ്പോലീസിലെ വൃദ്ധനായ അലക്സാണ്ടർ മെത്രാപ്പോലീത്തായോട് വേദവിപരീതിയായ അറിയോസിനെ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു (Cross & Livingston, 1974). രാജാവിന്റെ കല്പന കിട്ടിയപ്പോൾ അലക്സാണ്ടർ എപ്പിസ്ക്കോപ്പ മദ്ബഹായുടെ മുമ്പിൽ മുട്ടുകുത്തി നെടുവീർപ്പോടുകൂടി ഇങ്ങനെ പ്രാർത്ഥിച്ചു (Aphrem, 1963, pp 82-83). ''അറിയോസ് പള്ളിയിൽ പ്രവേശിക്കുന്നത് കാണാനിടവരാതെ ഈ ജീവിതത്തിൽ നിന്നും വൃദ്ധനായ എന്നെ എടുത്തുകൊള്ളേണമേ!''

ആ വിഷമഘട്ടത്തിൽ മോർ യാക്കോബ് വിശ്വാസികളോട് ഏഴ് ദിവസം ഉപവാസത്തോടെ പ്രാർത്ഥിക്കുന്നതിന് ആഹ്വാനം ചെയ്തു. അറിയോസ് പള്ളിയിൽ പ്രവേശിക്കുന്നതിനു സമയം നിശ്ചയിച്ചു. വേദവിപരീതിയായ അറിയോസിന്റെ അനുയായികൾ അറിയോസിനെ സ്വീകരിക്കുന്നതിനായി പള്ളിമുറ്റത്ത് തടിച്ചുകൂടി. അറിയോസ് പള്ളിയുടെ പൂമുഖത്ത് എത്തുന്നതിന് മുമ്പ് വയറ്റിൽ അസ്വസ്ഥതയും വിവശതയും ഉണ്ടായി. അറിയോസിന്റെ കുടലെല്ലാം പുറത്തുചാടി ജീവൻ വിട്ടു.

ഏ.ഡി. 337ൽ മഹാനായ കുസ്തന്തീനോസ് ചക്രവർത്തി നിര്യാതനായശേഷം ചക്രവർത്തിയുടെ മക്കൾ ഭരണം ഏറ്റെടുത്തു. ആ സമയത്താണ് പേർഷ്യൻ ചക്രവർത്തിയായ ഷാപ്പർ രണ്ടാമൻ ഏ. ഡി. 309-379) നിസിബിസിൽ വരികയും റോമൻ സാമ്രാജ്യത്തിനെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. മോർ യാക്കോബും മോർ അഫ്രേമും ജനത്തോടൊന്നിച്ച് ദൈവസഹായത്തിനായി പ്രാർത്ഥിക്കുകയും തുടർന്ന് ഒരു

രാജവസ്ത്രം ധരിച്ച ഒരാൾ ഷാപ്പോറിന് പ്രത്യക്ഷപ്പെടുകയും അദ്ദേഹം പിന്മാറുകയും അങ്ങനെ നിസിബിസ് യുദ്ധത്തിൽ നിന്ന് രക്ഷപെടുകയും ചെയ്തു(http://syrorthodoxchurch.com /english-Dateien/st_jacob_of_nisibis.html).

ഉറഹായിലെ ദിനവൃത്താന്തത്തിൽ മോർ യാക്കോബ് ഏ. ഡി. 338ൽ കാലം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു (Douglas, 1978). അദ്ദേഹം പണിത ദൈവാലയത്തിൽ തന്നെ വിശുദ്ധനെ കബറടക്കി. ഈ വിശുദ്ധന്റെ നാമത്തിൽ പല പള്ളികളും പണിയപ്പെട്ടു. 1929-ൽ കാമേശ്ലിയിൽ മോർ യാ ക്കോബിന്റെ നാമത്തിൽ ഒരു ചെറിയ പള്ളി പണിതു. ഈ പള്ളിയുടെ പലഭാഗത്തുനിന്നും 1936 ആഗസ്റ്റ് 30-ാം തീയതി ഉറവ പോലെ എണ്ണ ഒഴുകിവന്നു. വിശ്വാസികളും അക്രൈസ് തവരും ഈ അത്ഭുതം കാണുകയും വിശുദ്ധതൈലം ശേഖ രിക്കുകയും അനുഗ്രഹത്തിനായി ഉപയോഗിക്കുകയും സൂക്ഷി ക്കുകയും ചെയ്തു. അന്നത്തെ പരി. പാത്രിയർക്കീസ് അപ്രേം പ്രഥമൻ ബാവാ ഈ അത്ഭുതസംഭവത്തെ സംബന്ധിച്ച് 1937 ഫെബ്രുവരിയിൽ മലങ്കരയിലേക്ക് കല്പന അയയ്ക്കുകയും ഈ തൈലം പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ മഞ്ഞിനിക്കരയിൽ കൊണ്ടുവരികയും ചെയ്തു.

കാമേശ്ലിയിലെ മോർ യാക്കോബിന്റെ പള്ളി 1952ൽ പുതു ക്കിപണിതു. ഈ വിശുദ്ധ ദൈവാലയത്തിൽ ഇപ്പോഴും പല അത്ഭുതങ്ങളും നടക്കുന്നുണ്ട്. ഈ വിശുദ്ധന്റെ പെരുന്നാൾ മെയ് 11-ാം തീയതിയും ജൂലൈ 15-ാം തീയതിയും സഭ ആ ഘോഷിക്കുന്നു.

## ഹെലനി രാജ്ഞി

**(ഏ. ഡി. 248 - 328?)**

മിലാൻ വിളംബരം വഴി ക്രിസ്തുമതത്തിന് ആരാധനാസ്വാ തന്ത്ര്യം നൽകിയ റോമാ ചക്രവർത്തി കുസ്തന്തീനോസിന്റെ അമ്മയാണ് ഹെലനി രാജ്ഞി. ഇംഗ്ലണ്ടിലെ സഭാചരിത്രകാര ന്മാർ, ഹെലനി, ഇംഗ്ലണ്ടിലെ രാജാവായ കോളിന്റെ (Cole / Coel) മകളാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (Day, 2002; Hoever, 1989).

ഹെലനിയുടെ ജന്മസ്ഥലം ഇംഗ്ലണ്ടിലെ യോർക്ക് (York) ആണെന്നും അതല്ല ഏഷ്യാമൈനറിൽ ബിഥിനിയയിലെ (Bithynia) ഡ്രിപാനം (Drepanum / Drepanon) ആണെന്നും അഭിപ്രായമുണ്ട്. ഡ്രിപാനം എന്ന സ്ഥലത്തെ ഒരു സത്രസൂക്ഷിപ്പുകാരന്റെ മകളാണ് ഹെലനി എന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട് (*Encyclopaedia Britannica*, 2001; *Encarta Encyclopaedia*, 2001; White, 1991). ഹെലനി രാജ്ഞിയുടെ ബഹുമാനാർത്ഥം ഡ്രിപാനം പിന്നീട് ഹെലനോപോലീസ് (Helenopolis) എന്ന് അറിയപ്പെട്ടു.

കുസ്തന്തീനോസ് ക്ലോറോസ് ഹെലനിയെ (Helen / Helena) വിവാഹം കഴിച്ചത് അദ്ദേഹം ഇംഗ്ലണ്ടിലെ റോമൻ പട്ടാളത്തിൽ ഉദ്യോഗസ്ഥനായിരുന്നപ്പോഴാണ് (Hoever, 1989). കുസ്തന്തീനോസ് ക്ലോറോസ് റോമൻ സാമ്രാജ്യത്തിന്റെ പിൻഗാമിയായി നാമകരണം ചെയ്യപ്പെട്ടപ്പോൾ (ഏ. ഡി. 293) രാഷ്ട്രീയകാരണങ്ങളാൽ (ജന്മനാൽ കുലീനയല്ലാത്ത, ദരിദ്രയായ) ഹെലനിയെ ഉപേക്ഷിച്ചു. ഹെലനിക്കു ഒരു മകനുണ്ടായിരുന്നു. അദ്ദേഹമാണ് പിന്നീട് മഹാനായ കുസ്തന്തീനോസ് എന്നറിയപ്പെട്ടത്. കുസ്തന്തീനോസ് ക്ലോറോസ് മാക്സിമിയാൻ (Maximian) ചക്രവർത്തിയുടെ മുൻവിവാഹത്തിലുള്ള മകളായ തിയോഡോറയെ (രണ്ടാം) വിവാഹം കഴിച്ചു (Day, 2002; White, 1991).

ഹെലനിയുടെ മകനായ മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയായപ്പോൾ (ഏ. ഡി. 306) ഹെലനിക്ക് രാജാവിന്റെ വിധവയെന്ന പ്രത്യേക സ്ഥാനമാനങ്ങൾ നൽകി. മക്സിമിണാസുമായുള്ള യുദ്ധത്തിൽ കുസ്തന്തീനോസ് ചക്രവർത്തിക്ക് ജയമുണ്ടായി. ഈ സംഭവമാണ് വെള്ളിയാഴ്ച സന്ധ്യയിലെ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നത്: ''വിശുദ്ധ സ്ലീബായെ കുസ്തന്തീനോസ് ആകാശത്തിൽ കാണുകയും അത് യുദ്ധങ്ങളിൽ അവനെ രക്ഷിക്കുകയും ചെയ്തപ്രകാരം.....'' ഈ സംഭവം തന്നെ സ്ലീബാ പെരുന്നാളിന്റെ (സെപ്റ്റംബർ 14) പ്രഭാത പ്രാർത്ഥനയിലും അനുസ്മരിക്കുന്നുണ്ട്. ഈ സംഭവത്തിനുശേഷം കുസ്തന്തീനോസ് ക്രിസ്ത്യാനികളോട് വളരെ താല്പര്യം കാണിച്ചു. അമ്മയായ ഹെലനിക്ക് 63 വയസ്സുള്ളപ്പോഴാണ് മകന്റെ പ്രേരണയാൽ ക്രിസ്തുമതം സ്വീകരിച്ചത് (Britannica, 2001; White, 1991).

ക്രിസ്തുമതം സ്വീകരിച്ചശേഷം ഹെലനി രാജ്ഞി സാധുക്കളെ സഹായിക്കുകയും തടവുകാരോടും പട്ടാളക്കാരോടും ദയ കാണിക്കുകയും പള്ളികൾ പണിയിക്കുകയും ചെയ്തു (White, 1991). കാൽവറിമലയിലും ഒലിവുമലയിലും പള്ളികൾ പണിയിച്ചത് ഹെലനിരാജ്ഞിയാണ് (Hoever, 1989). യേശുക്രിസ്തുവിനെ ക്രൂശിച്ച കുരിശ് കണ്ടുപിടിക്കണമെന്ന ആഗ്രഹവും ഹെലനി രാജ്ഞിക്കുണ്ടായിരുന്നു. ഈ ആഗ്രഹം സ്പഷ്ടമാക്കുന്നതാണ് പാതിനോമ്പിലെ പ്രദക്ഷിണസമയത്തെ ഗീതം.

*"സ്ലീബായെ വന്ദിപ്പാനായ് ഹെലനി രാജ്ഞി*
*നൃപപട്ടണമാം റോമയിൽ നിന്നേറുശലേമാർന്നു*
*യൂദന്മാരെ - ക്കൂട്ടി ചൊന്നേവം*
*കാണിച്ചിടുവിൻ - സ്ലീബാ വെച്ചൊരിടം*
*ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീയവനോടാരാഞ്ഞാൽ*
*മശിഹാ തൻ സ്ലീബായമരും സ്ഥാനം കാണിക്കും*
*ഹാലേലുയ്യാ - എന്നവരുരചെയ്തു."*

ഗോഗുൽത്തായിൽ പള്ളി പണിയുന്നതിനുള്ള ശ്രമത്തിൽ മൂന്നു കുരിശുകൾ കണ്ടെടുക്കുകയും (മാർച്ച് 24) യേശുവിനെ ക്രൂശിച്ച കുരിശ് സ്പർശിച്ചപ്പോൾ രോഗിണിയായ സ്ത്രീ സൗഖ്യം പ്രാപിച്ചുവെന്നും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (*A history of the Church*, 1846). ഇത് ഏ. ഡി. 324-328 കാലഘട്ടത്തിലാണെന്ന് അനുമാനിക്കാം.

ഹെലനി രാജ്ഞിയുടെ അവസാനനാളുകൾ പലസ്തീനിൽ ചിലവഴിച്ചുവെന്നും മൃതശരീരം റോമിലേക്കു കൊണ്ടുപോയെന്നും (White, 1991) അതല്ല ഹെലനി റോമിലേക്കു മടങ്ങിപ്പോയിയെന്നും (Moothedan, 2001) റോമിൽ ആഗസ്റ്റ് മാസത്തിൽ (ഏ. ഡി. 326/328) നിര്യാതയായിയെന്നും കരുതപ്പെടുന്നു (Hoever, 1989). ഹെലനി രാജ്ഞിയുടെ ഓർമ്മ പടിഞ്ഞാറുള്ളവർ ആഗസ്റ്റ് 18-നും കിഴക്കുള്ളവർ കുസ്തന്തീനോസിന്റെ ഓർമ്മയോടൊപ്പം മെയ് 21-ാം തീയതിയും ആചരിക്കുന്നു.

# സുറിയാനിക്കാരനായ വിശുദ്ധ അഫ്രേം
## (c. ഏ. ഡി. 306 – 373)

അഫ്രേം ഉദ്ദേശം ഏ. ഡി. 306–നോടടുത്ത് നിസിബിനിൽ ജനിച്ചു (Nisibis, NorthWest of Mosul, Iraq or Modern Nuseybin in Turkey, close to the border of NorthEast Syria). ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച അഫ്രേമിന്റെ പിതാവ് നിസിബിനിൽ നിന്നുള്ളവനും അമ്മ ആമീദിൽ (Amid) നിന്നുള്ളവളുമായിരുന്നു (Aprem, 1990).

അഫ്രേം പിന്നീട് ക്രിസ്ത്യാനിയായിയെന്ന ചില ചരിത്രകാരന്മാരുടെ വിവരണം ശരിയല്ല. കാരണം മോർ അഫ്രേം തന്റെ എഴുത്തുകളിൽ ''ഞാൻ സത്യത്തിന്റെ മാർഗ്ഗത്തിൽ ജനിച്ചു'' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു മെമ്രായിൽ ''എന്റെ കർത്താവേ, എന്റെ പൈതൽപ്രായം മുതൽ വാർധക്യം വരെ നിന്റെ നുകത്തെ ഞാൻ വഹിച്ചിരിക്കുന്നു. അലസതയോ ഉദാസീനതയോ കൂടാതെ സസന്തോഷം അന്ത്യംവരെയും ഞാൻ വേലചെയ്തു'' എന്നും രേഖപ്പെടുത്തിയിരിക്കുന്നു (Aphrem, 1963).

നിർമ്മലനായിരുന്ന നിസിബിനിലെ മെത്രാപ്പോലീത്താ മോർ യാക്കോബിന്റെ ശിക്ഷണത്തിലായിരുന്നു മോർ അഫ്രേം പഠിച്ചത് (Smith & Wace, 1880). അറിയോസിന്റെ വേദവിപരീതത്തെ ചെറുത്ത നിഖ്യാസുന്നഹദോസിലേക്ക് മോർ യാക്കോബ് അഫ്രേമിനെ കൂട്ടിക്കൊണ്ടുപോകുമ്പോൾ ഉദ്ദേശം 22 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

അഫ്രേം ഏ. ഡി. 338–ൽ ശെമ്മാശപട്ടം സ്വീകരിച്ചു. ശെമ്മാശപട്ടം സ്വീകരിച്ചത് കൈസര്യായിലെ വലിയ മോർ ബസ്സേലിയോസിൽ (ഏ. ഡി. 329–379) നിന്നാണെന്നും അതല്ല ഗുരുവായ മോർ യാക്കോബിൽ നിന്നാണെന്നും രണ്ടഭിപ്രായങ്ങളുണ്ട് (*Britannica*, 2001). ഒരിക്കൽ സന്ദർശകനായി മോർ ബസ്സേലിയോസിന്റെ അടുക്കലെത്തിയിട്ടേയുള്ളൂ എന്നതാണ് പണ്ഡിതരായ ഭൂരിപക്ഷം ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നത്.

ഏ. ഡി. 337–ൽ കുസ്തന്തീനോസ് രാജാവ് നിര്യാതനായ ശേഷം പേർഷ്യൻ രാജാവായ സാപ്പോർ രണ്ടാമൻ നിസിബിൻ

കീഴടക്കി. മോർ അപ്രേം ഗുരുവായ യാക്കോബ് മെത്രാപ്പോലീത്തായുടെ അനുഗ്രഹത്തോടെ നഗരത്തിന്റെ കോട്ടമുകളിൽ കയറി പ്രാർത്ഥനയാൽ കീടങ്ങളെ ക്ഷണിച്ചുവരുത്തി. അവ ശത്രുമധ്യേ പ്രവേശിച്ചു. പേർഷ്യൻ സൈന്യം ചിന്നിച്ചിതറി ഓടിപ്പോയി (Mar Aprem, 2001).

നിസിബിനിലെ വൈദിക വിദ്യാലയത്തിൽ മോർ അപ്രേം 38 വർഷങ്ങൾ അദ്ധ്യാപകനായിരുന്നു. ഗുരുവായ മോർ യാക്കോബ് കാലം ചെയ്തതുകൊണ്ടും പേർഷ്യൻ അധിനിവേശം മൂലവും മോർ അപ്രേം എ. ഡി. 363-ൽ ആമീദിലേക്കും പിന്നീട് ഉറഹായിലേക്കും (എഡേസാ) മാറിത്താമസിച്ചു. ഉറഹായിലെ വിദ്യാലയത്തിന്റെ വികസനത്തിനും ഖ്യാതിക്കും മോർ അപ്രേം കാരണമായി.

ബർദൈസാന്റെയും മർക്കിയാന്റെയും വേദവിപരീതങ്ങൾക്കെതിരായി മോർ അപ്രേം ശക്തിയായി എഴുതി (*Britannica*, 2001). ബർദൈസാൻ തന്റെ വേദവിപരീതങ്ങൾ പദ്യരൂപത്തിലെഴുതി വിദ്യാർത്ഥികളെ പഠിപ്പിച്ചപ്പോൾ മോർ അപ്രേം അതിനെ ഖണ്ഡിച്ചുകൊണ്ട് പദ്യമെഴുതി തന്റെ വിദ്യാർത്ഥികളെ പഠിപ്പിച്ചു. പൗരോഹിത്യശ്രേണിയിൽ ഒരു ശെമ്മാശൻ മാത്രമായിരുന്നിട്ടും ആകമാന സുറിയാനിസഭയുടെ മല്പാനായി മോർ അപ്രേം ബഹുമാനിക്കപ്പെടുന്നു.

പരിശുദ്ധാത്മാവിന്റെ കിന്നരം (Douglas, 1978) എന്നറിയപ്പെടുന്ന സുറിയാനിക്കാരനായ വി. അപ്രേം ചുരുങ്ങിയ പദങ്ങളിലൂടെ ഏറെ അർത്ഥങ്ങൾ പ്രകടിപ്പിക്കുന്നതിൽ സമർത്ഥനായിരുന്നു. പശ്ചാത്താപത്തിന്റെയും സമർപ്പണത്തിന്റെയും ആരാധനയുടെയും ഉന്നതശൃംഗങ്ങളിലേക്കു വായനക്കാരെ കൊണ്ടെത്തിക്കുന്നതിന് വി. അഫ്രേമിന് അസാമാന്യപാടവമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ''സുറിയാനിക്കാരുടെ പ്രവാചകൻ,'' ''വിജ്ഞാനത്തിന്റെ സൂക്ഷിപ്പുകാരൻ'' എന്നീ മറുപേരുകളിൽ വി. അപ്രേം അറിയപ്പെടുന്നു.

അനേകം മെമ്രാകളിലും മദ്റോശൊകളിലുമായി 30 ലക്ഷം വരികളാണ് വി. അപ്രേം രചിച്ചത് (Britannica, 2001). ഉല്പത്തി, പുറപ്പാട് എന്നീ പഴയനിയമപുസ്തകങ്ങളുടെ വ്യാഖ്യാനം,

കർത്താവായ യേശുമശിഹായുടെ വിഭജിക്കപ്പെടാവതല്ലാത്ത ദൈവത്വവും മനുഷ്യത്വവും, സഭ, അപ്പോസ്തലന്മാർ, സഹദേന്മാർ, നോമ്പ്, കന്യകാത്വം, കൂദാശകൾ, മാമോദീസാ പെരുന്നാൾ, ഉയിർപ്പ്, സാർവ്വത്രികസഭയുടെ പ്രത്യേകതകൾ എന്നിവ ആ എഴുത്തുകളിലെയും മെമ്രാകളിലെയും ചിലതു മാത്രമാണ് (Aphrem, 1963; Aphrem I, 2000).

വി. അഫ്രേം തറയിൽ കിടന്നാണ് ഉറങ്ങിയിരുന്നത്. ബാർലി അപ്പവും, ഇലക്കറികളുമായിരുന്നു ആഹാരം. വെള്ളം മാത്രമായിരുന്നു കുടിച്ചിരുന്നത്. രാത്രിയിൽ ദീർഘനേരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ''പ്രഭാതം വരെ ജീവിച്ചിരിക്കയില്ലെന്നു സന്ധ്യാസമയത്തു വിചാരിച്ചുകൊണ്ടു പ്രഭാതം വരെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.''

ഉദ്ദേശം 70 വയസ്സുള്ളപ്പോൾ ഏ. ഡി. 373-ൽ (376?) ജൂൺ 9-ാം തീയതി വി. അഫ്രേം കാലംചെയ്തു. വിശുദ്ധൻ നേരത്തെ നിർദ്ദേശിച്ചിരുന്നപ്രകാരം അദ്ദേഹത്തെ കബറടക്കി. അദ്ദേഹം താല്പര്യപ്പെട്ടതിപ്രകാരമായിരുന്നു: ''എന്നെപ്പോലെ അശുദ്ധനായവൻ വിശുദ്ധ സ്ഥലത്ത് കിടക്കുവാൻ അർഹനല്ല. എന്നെ പള്ളിയകത്ത് അടക്കരുത്. ആ മഹത്വത്തിന് ഞാൻ യോഗ്യനല്ല'' (Mor Aprem, 2001). ഈ പരിശുദ്ധന്റെ പെരുന്നാൾ വലിയനോമ്പിന്റെ (അമ്പതുനോമ്പിന്റെ) ആദ്യശനിയാഴ്ച സഭ ആഘോഷിക്കുന്നു.

## അലക്സന്ത്രിയ പാത്രിയർക്കീസായ വിശുദ്ധ കൂറിലോസ്

**(ഏ. ഡി. 376 - 444)**

വി. കൂറിലോസ് ഏ. ഡി. 376ൽ അലക്സന്ത്രിയായിൽ (Egypt) ജനിച്ചു. ഇദ്ദേഹത്തെ അമ്മാവനായ (പിതൃസഹോദരനായ?) തെയോഫിലോസ് പാത്രിയർക്കീസ്, മെത്രാപ്പോ

ലീത്തയായി വാഴിച്ചു. അലക്സന്ത്രിയാ പാത്രിയർക്കീസായ തെയോഫിലോസിന്റെ കാലശേഷം അ.ഉ. 412-ൽ (ഒക്ടോബർ 17-ാം തീയതി) മോർ കൂറീലോസ് അലക്സന്ത്രിയാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. (Cross & Livingstone, 1974; Moothedan, 2001).

തിയോഡോസിയസ് രണ്ടാമൻ ചക്രവർത്തി അ. ഉ. 431-ൽ എഫേസോസിൽ വിളിച്ചുചേർത്ത സുന്നഹദോസിൽ വി. കൂറിലോസ് അധ്യക്ഷനായിരുന്നു. അ. ഉ. 431 ജൂൺ 22-ന് ആരംഭിച്ച എഫേസോസ് സുന്നഹദോസിൽ 159 മെത്രാപ്പോലീത്തമാർ സംബന്ധിച്ചിരുന്നു. (*A history of the Church*, 1846; Cayre, 1935). വി. കൂറീലോസിനെ സിറിൾ (Cyril of Alexandria) എന്നാണ് ഭൂരിഭാഗം സംശോധിതഗ്രന്ഥങ്ങളിലും പരാമർശിച്ചിരിക്കുന്നത്.

ഏ. ഡി. 428-ൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്ത നെസ്തോറിയോസ്, വി. ദൈവമാതാവിനെ സംബന്ധിച്ച് വേദവിപരീതങ്ങൾ പഠിപ്പിക്കുന്നതിന് ആരംഭിച്ചു. നെസ്തോറിന്റെ അഭിപ്രായത്തിൽ ‘‘കന്യകമറിയാം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിന് മാത്രമാണ് മാതാവായത്. യേശുക്രിസ്തുവിന്റെ ദൈവത്വം ജനനത്തിനു ശേഷം ആർജ്ജിച്ചതാണ്’’ (Cross & Livingstone, 1974; Hoever, 1989). കന്യകമറിയാമിനെ ദൈവമാതാവ് (Mother of God) എന്ന് വിളിക്കുന്നത് തെറ്റാണെന്നും ക്രിസ്തുവിന്റെ മാതാവ് (Mother of Christ) എന്നാണ് വിളിക്കേണ്ടതെന്നും നെസ്തോർ പഠിപ്പിച്ചു.

നെസ്തോറിന്റെ വേദവിപരീതത്തെ എഫേസോസ് സുന്നഹദോസ് വിശകലനം ചെയ്യുകയും ‘‘നമ്മുടെ രക്ഷിതാവായ മശിഹായ്ക്ക് അത്ഭുതകരമായ സംയോജിപ്പിനുശേഷം ഏകക്നൂമായും (വ്യക്തി) ഏകസ്വഭാവവുമേയുള്ളൂ (ക്യോനെ)’’ എന്നും കന്യകമറിയം ദൈവമാതാവാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു (Aphrem, 1963). വി. കൂറിലോസിന്റെ ഗഹനമായ വ്യാഖ്യാനങ്ങൾ മൂലം ഇദ്ദേഹം ‘‘ജഡധാരണ വിശ്വാസപ്രമാണ പണ്ഡിതൻ’’ (Doctor of Incarnation) എന്ന് അറിയപ്പെട്ടിരുന്നു (White, 1991).

വി. കൂറിലോസിനെ വി. കുർബ്ബാനയിലെ തുബ്ദേനിൽ – ‘‘നമ്മുടെ കർത്താവ് യേശുമശിഹായുടെ മനുഷ്യാവതാര

ത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്ന തഗോപുരവുമായ പ്രസിദ്ധനായ മോർ കൂറിലോസ്'' എന്നും ''ദൈവമായ വചനത്തിന്റെ മർത്തീകരണത്തെ കാണിച്ചുതന്ന മഹത്വമുള്ളവനായ കൂറിലോസ്'' എന്നുമാണ് വിശേഷിപ്പിച്ചി രിക്കുന്നത്. ധാരാളം പണ്ഡിതന്മാരിൽനിന്ന് വി. കുറിലോസ് ദൈവശാസ്ത്രം പഠിച്ചിരുന്നുവെങ്കിലും ആദിമനൂറ്റാണ്ടുകളിലെ പിതാക്കന്മാരിൽനിന്ന് പഠിക്കാത്ത യാതൊരു വിശ്വാസപ്രമാണ വും ഇദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഇത് വി. കുറിലോസി ന്റെ ഒരു നിയമമായിരുന്നു.

സത്യവിശ്വാസത്തിന്റെ കാവൽഭടനായ വി. കൂറിലോസ് (Cayre, 1935) നെസ്തോറിന്റെ വേദവിപരീതത്തെ എതിർത്ത തിനാൽ നെസ്തോറിന്റെ അനുയായികളിൽ നിന്ന് ധാരാളം പീഡകൾ സഹിച്ചു. ഇദ്ദേഹത്തെ ഒരു വഴക്കാളിയായി ചില ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും, വി. കൂറിലോസി ന്റെ നിലപാട് സ്പഷ്ടമാണ്: ''സമാധാനം അഭികാമ്യമാണ്, എ ന്നാൽ അതിന് വിശ്വാസം വിലയായി കൊടുത്തുകൂടാ'' (Cayre, 1935).

വി. ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷ വ്യാഖ്യാനങ്ങൾ കൂറിലോസ് എഴുതിയിട്ടുണ്ട്. കൂടാതെ നെസ് തോറിന്റെ പഠിപ്പിക്കലുകൾക്കെതിരായി ''നമ്മുടെ കർത്താവിന്റെ ജഡധാരണത്തെക്കുറിച്ചുള്ള സത്യവിശ്വാസം'' എന്ന ഗ്രന്ഥവും രചിച്ചിട്ടുണ്ട്. വി. കൂറിലോസ് ഏ. ഡി. 444 ജൂൺ 27-ാം തീയതി കാലംചെയ്തു.

## വിശുദ്ധ മഗ്ദലന മറിയം

**(ഏ. ഡി.? - c. 63?)**

മഗ്ദലന മറിയം തിബെര്യോസിനടുത്തുള്ള മഗ്ദല (Magdala, el-Majdel 3 miles north west from Tiberias, now in Israel) എന്ന സ്ഥല ത്തു ജനിച്ചു. മഗ്ദല, ഗലീല കടലിന്റെ (തടാകത്തിന്റെ) പടി ഞ്ഞാറെ കരയിൽ സ്ഥിതിചെയ്യുന്നു. മഗ്ദലിൻ എന്ന പദത്തിന്

(maudlin meaning tearfully emotional) ‘അനുതാപ വിവശയായി കരയുന്നവൾ’ എന്ന അർത്ഥമുണ്ട്.

വേദപുസ്തകത്തിലെ പുതിയനിയമ പശ്ചാത്തലത്തിൽ മറിയം എന്ന പേര് പലർക്കുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മഗ്ദലക്കാരി എന്ന വിശേഷണമില്ലാതെ മറിയം എന്ന് പരാമർശിച്ചിരിക്കുന്ന പല സംഭവങ്ങളും മഗ്ദലക്കാരി മറിയാമുമായി ബന്ധപ്പെടുത്തി പല എഴുത്തുകാരും വ്യാഖാനിച്ചിട്ടുണ്ട്.

മഗ്ദലക്കാരി മറിയം, മാർത്തയുടെയും ലാസറിന്റെയും സഹോദരി മറിയം തന്നെയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഒറിഗണെപോലെയുള്ള വ്യാഖ്യാതാക്കൾ മഗ്ദലക്കാരി മറിയം, യേശുവിന്റെ കാലിൽ സുഗന്ധതൈലം പൂശിയ ബഥാന്യയിലെ മറിയാമോ (യോഹ. 12:3) ശീമോന്റെ ഭവനത്തിൽ ഭക്ഷണത്തിനിരുന്നപ്പോൾ യേശുവിന്റെ പാദങ്ങൾ കണ്ണുനീർകൊണ്ട് കഴുകി തലമുടി കൊണ്ട് തുവർത്തി സുഗന്ധതൈലം പൂശിയ പാപിനിയായ സ്ത്രീയോ (ലൂക്കൊ. 7:37-38) അല്ല എന്നഭിപ്രായപ്പെട്ടിട്ടുണ്ട്. കിഴക്കൻ സഭയും ആധുനിക പണ്ഡിതരും ഈ മൂന്നുപേരെയും വ്യത്യസ്ത വ്യക്തികളായാണ് പരിഗണിക്കുന്നത്.

‘‘വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ’’ (യോഹ. 8:1-11) ‘‘ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരി മറിയം’’ (മർക്കൊ. 16:9, ലൂക്കോ. 8:2) എന്നീ പരാമർശങ്ങൾ മഗ്ദലക്കാരി മറിയത്തെ സംബന്ധിച്ചാണെന്ന് ഉറപ്പായി പറയാം. മഗ്ദലക്കാരി മറിയാമിന്റെ മാനസാന്തരത്തിനുശേഷം ഈ വിശുദ്ധ, കർത്താവിന്റെ പരസ്യ ശുശ്രൂഷയിൽ കർത്താവിനെയും അപ്പൊസ്തോലന്മാരെയും അനുഗമിച്ചതായി പറയപ്പെടുന്നു. ഈ ദൈവികമായ ജീവിതദർശനത്തിന്റെ തുടർച്ചയായിട്ടാണ് മഗ്ദലന മറിയാമിനെ കുരിശിന്റെ ചുവട്ടിൽ കണ്ടുമുട്ടുന്നത് (യോഹ. 19:25; മർക്കൊ. 15:40).

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെ പോലെയോ അതിലധികമോ മഗ്ദലക്കാരി മറിയം യേശുവിനെ സ്നേഹിച്ചു. ക്രൂശിൽ മരിച്ച് അടക്കപ്പെട്ട കർത്താവിന്റെ കല്ലറ മഗ്ദലന മറിയാമിന് പരിചിതമായിരുന്നു (മർക്കൊ 15:47). യെഹൂദ പാരമ്പര്യപ്രകാരം മഗ്ദലന മറിയം സുഗന്ധതൈലം പൂശുന്നതിന് കല്ലറ സന്ദർശി

ച്ചിരുന്നു (മത്താ. 28:1, യോഹ. 20:1). അതുകൊണ്ടു തന്നെ ഉയർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കാണുന്നതിനുള്ള ഭാഗ്യം മഗ്ദലന മറിയാമിനുണ്ടായി (മർക്കൊ. 16:9; യോഹ. 20:16).

മഗ്ദലന മറിയം പെന്തിക്കോസ്തിക്കുശേഷം വി. കന്യക മറിയാമിന്റെയും യോഹന്നാൻ ശ്ലീഹായുടെയും കൂടെ എഫേസൂസിലേക്കു (modern Seleuk, Turkey) പോയി. അവിടെവച്ച് മരിച്ച് കബറടക്കി എന്നു കരുതപ്പെടുന്നു (*Encyclopaedia Britanica*, 2001, White, 1992). വി. മഗ്ദലന മറിയാം അനുതാപികളുടെ മധ്യസ്ഥയായി അറിയപ്പെടുന്നു. വി. മഗ്ദലന മറിയാമിന്റെ പെരുന്നാൾ സഭ ജൂലൈ 22-ാം തീയതി ആഘോഷിക്കുന്നു.

# മോർ യൂഹാനോൻ ബർ അഫ്ത്തൂനിയ

**(എ. ഡി. 483-538)**

ഉറഹായിലെ (Edessa) ദയറാക്കാരിൽ പ്രധാനിയായിരുന്നു, അഫ്ത്തൂനിയയുടെ അഞ്ചാമത്തെ (നാലാമത്തെ?) പുത്രനായ യൂഹാനോൻ. ഇദ്ദേഹം എ. ഡി. 483ൽ ഉറഹാ പട്ടണത്തിൽ ജനിച്ചു. യൂഹാനോന്റെ പിതാവ്, മകന്റെ ജനനത്തിന് ഏതാനും ദിവസങ്ങൾക്കു മുൻപ് നിര്യാതനായി. മാതാവായ അഫ്ത്തൂനിയയുടെ ശിക്ഷണത്തിൽ യൂഹാനോൻ വളർന്നു.

യൂഹാനോൻ എപ്പോഴും ദൈവാലയത്തിൽ പോകുക പതിവായിരുന്നതിനാൽ പ്രാർത്ഥനകളും ശുശ്രൂഷാക്രമങ്ങളും ബാല്യത്തിൽ തന്നെ പഠിച്ചു. യൂഹാനോനെ ദൈവത്തിന് കാഴ്ചയായി സമർപ്പിക്കണമെന്ന് അഫ്ത്തൂനിയ നിശ്ചയിച്ചിരുന്നതിനാൽ 15-ാമത്തെ വയസ്സിൽ ദയറായിൽ ചേർക്കുന്നതിനാഗ്രഹിച്ചു.

അന്ത്യോഖ്യക്കു സമീപമുള്ള സെലൂക്യയിലെ മാർ തോമാശ്ലീഹായുടെ നാമത്തിലുള്ള ദയറായിൽ യൗവ്വനപ്രായക്കാരെ മാത്രമേ ചേരാൻ അനുവദിച്ചിരുന്നുള്ളൂ. അതിനാൽ അഫ്ത്തൂനിയ അന്നത്തെ പ. പാത്രിയർക്കീസായ പലാദിയോസ് (Bladius? 488-498) ബാവായെ കണ്ട് പ്രവേശനത്തിന് ശുപാർശ കല്പന വാങ്ങിയശേഷം മാർതോമാശ്ലീഹായുടെ ദയറായിലേക്കു മകനെ കൂട്ടിക്കൊണ്ടുപോയി.

മാർതോമാശ്ലീഹായുടെ ദയറായിലെത്തി വാതിൽ കാവൽക്കാരനോടു കാര്യങ്ങൾ പറഞ്ഞു. നൂറുവയസ്സോളം പ്രായമുണ്ടായിരുന്ന ദയറാധിപൻ അഫ്ത്തൂനിയായെ വിളിപ്പിച്ചു. അഫ്ത്തൂനിയ വിവരങ്ങൾ പറയുകയും ശുപാർശക്കത്ത് കൊടുക്കുകയും ചെയ്തു.

കണ്ണിന്റെ കാഴ്ച മങ്ങിയിരുന്ന ദയറാധിപൻ യൂഹാനോനെ വിളിപ്പിച്ച് മുഖം സ്പർശിച്ചു നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു: ''നിന്റെ മകന് പ്രായക്കുറവായതുകൊണ്ട് നിയമാനുസരണം ദയറായിൽ സ്വീകരിപ്പാൻ നിവൃത്തിയില്ല.'' അഫ്ത്തൂനിയ മറുപടിയായിട്ട്: ''പിതാവേ! കുഞ്ഞിന് പ്രായമാകുന്നതുവരെ ഞാൻ കാത്തിരുന്നില്ല. എന്തെന്നാൽ എന്റെ വഴിപാടിനെ ലോകം അശുദ്ധമാക്കുമെന്ന് ഞാൻ ഭയപ്പെട്ടു. ഞാൻ അർപ്പിക്കുന്ന ഈ വഴിപാട് കുറവുള്ളതാണെങ്കിൽ ഒരു മാതാവിന് കുട്ടിയുടെ നന്മയെ പ്രതിയുള്ള ആഗ്രഹം അതിനെ പരിഹരിക്കട്ടെ. അതുകൊണ്ട് പിതാവേ! എന്റെ ഈ പൈതലിനെ പുരോഹിതനായ ഏലിയാൽ, പൈതലായ ശമുവേൽ സ്വീകരിക്കപ്പെട്ട പ്രകാരം സ്വീകരിക്കുമാറാകണമേ.'' ദയറാധിപൻ ഉത്തരമായിട്ട്: ''പിതാക്കന്മാരാൽ നിയമിക്കപ്പെട്ട പ്രമാണം ഞാൻ ഒരിക്കലും ഭേദപ്പെടുത്തുകയില്ല. അതുകൊണ്ട് പൈതലിനെ കൂട്ടിക്കൊണ്ട് പോകുകയും അവന് മുഖത്ത് രോമം കിളിർക്കുമ്പോൾ തിരികെ കൊണ്ടു വരിക'' എന്ന് പറയുകയും ചെയ്തു.

സമയം സന്ധ്യയായതുകൊണ്ട് മടക്കയാത്ര സാധ്യമല്ലാത്തതിനാൽ അഫ്ത്തൂനിയായും യൂഹാനോനും ദയറായിലെ പള്ളിയിൽ പ്രവേശിച്ചു. യൂഹാനോൻ യാത്രാക്ലേശത്താൽ ഉറങ്ങിപ്പോയി. അഫ്ത്തൂനിയ രാത്രി മുഴുവനും സങ്കടത്തോടെ പ്രാർത്ഥിച്ചു. അന്നു രാത്രി ദയറാധിപന് തോമാശ്ലീഹാ പ്രത്യക്ഷ

പ്പെട്ട് യൂഹാനോനെ സ്വീകരിക്കണമെന്നും ദയറായ്ക്ക് അതു മുഖാന്തരം നന്മ ഉണ്ടാകുമെന്നും അറിയിച്ചു. ദയറാധിപൻ നേരം വെളുക്കുന്നതുവരെ കാത്തിരിക്കാതെ യൂഹാനോനെ ദയറായിൽ സ്വീകരിച്ചു.

ദയറാധിപൻ യൂഹാനോനെ വാതിൽകാവൽക്കാരന് സഹായിയായി നിയമിച്ചു. ഏഴ് സംവത്സരങ്ങൾ ദയറായിൽ താമസിച്ചതിനുശേഷം 22-ാമത്തെ വയസ്സിൽ ദയറാവസ്ത്രം ധരിപ്പിക്കുകയും മരപ്പണി അഭ്യസിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനയിലും വി. പുസ്തകങ്ങൾ വായിക്കുന്നതിലും മറ്റു ദയറാക്കാരെ ശുശ്രൂഷിക്കുന്നതിലും യൂഹാനോൻ ഏറെ ഉത്സാഹം കാണിച്ചു. പിതൃസ്വത്ത് ഭാഗിച്ചതിന്റെ ഓഹരിയായി വർഷംതോറും 60 സ്വർണ്ണ ദീനാറുകൾ യൂഹാനോന് ലഭിച്ചിരുന്നു. അദ്ദേഹം അത് ദരിദ്രർക്കും ആവശ്യക്കാർക്കും കൊടുത്തുപോന്നു. 'വിശപ്പുള്ളവരും മുട്ടുള്ളവരുമുള്ളപ്പോൾ ഞാൻ എന്റെ കയ്യിൽ പണം സൂക്ഷിപ്പാനിടയാകരുതേ' എന്നദ്ദേഹം പ്രാർത്ഥിച്ചിരുന്നു.

മറ്റു ദയറാക്കാർക്ക് യൂഹാനോനോട് അസൂയ തോന്നിയിരുന്നെങ്കിലും യൂഹാനോൻ തന്റെ നിഷ്ഠകൾക്കു വീഴ്ച വരുത്തിയില്ല. പുരോഹിതനായശേഷം യൂഹാനോൻ ദയറാധിപനാകാൻ മറ്റു ദയറാക്കാർ നിർബന്ധിക്കുകയും അവരുടെയെല്ലാം സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ദയറാധിപനാകുകയും ചെയ്തു. ജസ്റ്റിൻ 1-ാ മന്റെ പീഡയുടെ സമയത്ത് (ഏ. ഡി. 521) ക്ഷമയോടും ജ്ഞാനത്തോടും കൂടെ ദയറാ ഭരിച്ചു നടത്തി. മോർ യൂഹാനോന്റെ പ്രാർത്ഥനയാൽ അനേകർ സൗഖ്യം പ്രാപിച്ചുകൊണ്ടിരുന്നു.

കൽക്കിദൂനിയരുടെ പീഡയെ തുടർന്ന് ഏ. ഡി. 530ൽ ഫ്രാത്ത് (Euphrates) നദിയുടെ ഇടതു ഭാഗത്ത് കെന്നശ്രീൻ എന്ന സ്ഥലത്ത് ഒരു ദയറാ പണിത് അവിടെ താമസിച്ചു. ഈ ദയറാ 'ബർ അഫ്ത്തൂനിയായുടെ ദയറാ' അഥവാ 'കെന്നശ്രീൻ ദയറാ' എന്നറിയപ്പെടുന്നു. ഈ ദയറായിൽ നിന്ന് പാത്രിയർക്കീസന്മാരും, എപ്പിസ്കോപ്പന്മാരും, നിരവധി പണ്ഡിതന്മാരും ഉണ്ടായിട്ടുണ്ട്.

മോർ യൂഹാനോൻ തന്റെ ഉപവാസവും ജാഗരണവും വിവിധ യാത്രകളും മൂലം രോഗിയായിത്തീർന്നു. കാലം ചെയ്യുന്നതിനു മുൻപ് തന്റെ സ്ഥാനത്ത് വൃദ്ധനായ അലക്സാന്ത്രോസിനെ നിയമിച്ചാക്കി. രോഗാവസ്ഥയിലും പലരും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചുകൊണ്ടിരുന്നു. ഈ പരിശുദ്ധൻ ഏ. ഡി. 538 നവംബർ മാസം 8-ാം തീയതി കാലംചെയ്തു.

മോർ യൂഹാനോൻ ബർ അഫ്ത്തൂനിയ, നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഉത്തമഗീതത്തിന്റെ വ്യാഖ്യാനം, കർത്താവിന്റെ അത്ഭുതങ്ങളെക്കുറിച്ച് അഞ്ച് മദ്റോശൊകൾ, കാൽകഴുകൽസമയത്തുപയോഗിക്കുന്ന ഒരു സൂഗിസാ, രക്ഷാകരമായ ജനനം, ഉയിർപ്പ് എന്നിവയെ സംബന്ധിക്കുന്ന ഒമ്പത് മദ്റോശൊകൾ, അന്ത്യോഖ്യായുടെ സേവേറിയോസിനെപ്പറ്റി (ഏ. ഡി. 512-538) മൂന്ന് മദ്റോശൊകൾ, കബറടക്കസമയത്തുപയോഗിക്കുന്ന ഒരു മദ്റോശൊ എന്നിവ അതിൽ ഉൾപ്പെടുന്നു. ഈ പരിശുദ്ധന്റെ ഓർമ്മ നവംബർ 8-ാം തീയതി സഭ ആഘോഷിക്കുന്നു.

## അന്ത്യോഖ്യാ പാത്രിയർക്കീസ് പരിശുദ്ധനായ ഒസ്താത്തിയോസ്

**(ഏ. ഡി. ? - ഏ. ഡി. 337)**

പരിശുദ്ധനായ ഒസ്താത്തിയോസ് പാത്രിയർക്കീസ് ബാവ പംഫിലിയായിലെ സൈദിൽ ജനിച്ചു. ആലപ്പൊയിലെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടതിന്റെശേഷം (Cayre, 1935) ഏ. ഡി. 324-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.

അറിയോസിന്റെ വേദവിപരീതത്തെ എതിർത്ത മോർ ഒസ്താത്തിയോസ്, നിഖ്യാ സുന്നഹദോസിൽ അധ്യക്ഷനായിരിക്കുകയും, ആമുഖ പ്രസംഗം നടത്തുകയും, സുന്നഹദോസ്

നിയന്ത്രിക്കുകയും ചെയ്തു. അലക്സാന്ത്രിയായിലെ യുക്തി വാദിയായ ഒരു വൈദികസ്ഥാനിയായിരുന്നു അറിയോസ്. അദ്ദേഹത്തിന്റെ വാദഗതി ‘‘പുത്രൻ ഒരു സൃഷ്ടിയാണെന്നും, ‘‘സത്തയിൽ (in essence) പിതാവിനോട് തുല്യതയില്ലാത്തവനും’’ ആണെന്നായിരുന്നു (*A history of the Church,* 1846; Bihlmeyer & Tuchle, 1958).

മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയുടെ രക്ഷാധി കാരത്തിൽ, അറിയോസിന്റെ വാദഗതികൾ മൂലമുള്ള സഭയി ലെ തർക്കം പരിഹരിക്കുന്നതിന് അങ്കറിയയിൽ (Ancrya) ഒരു സുന്നഹദോസ് കൂടുന്നതിന് തീരുമാനമുണ്ടായി. എന്നാൽ ഏ. ഡി. 325-ൽ (മെയ് മുതൽ ജൂലൈ വരെ) ബിഥിനിയായിലെ (now Isnik in Turkey) നിഖ്യായിലാണ് സുന്നഹദോസ് ചേർന്നത്. 318 പിതാക്കന്മാർ പങ്കെടുത്ത സുന്നഹദോസ് ഏ. ഡി. 325 ജൂൺ 19 ന് നിഖ്യാ വിശ്വാസപ്രമാണം ക്രോഡീകരിച്ചു (Fuller, 1655; Cayre, 1935)

പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു, അവൻ സൃ ഷ്ടിക്കപ്പെട്ടവനാണ്, സത്തയിൽ പിതാവിനോടു സമത്വമില്ലാ ത്തവനാണ് എന്നീ വേദവിപരീതങ്ങൾ നിഖ്യാ സുന്നഹദോസ് ശപിച്ച് തള്ളുകയും, പിതാവിനോട് സമത്വമുള്ളവനാണ് (അതേ സാരാംശം ഉള്ളവൻ അഥവാ homo ousios) പുത്രനെന്നും, പുത്രൻ സൃഷ്ടിയല്ലെന്നും പ്രഖ്യാപിച്ചു.

നിഖ്യാ സുന്നഹദോസിനുശേഷം മോർ ഒസ്താത്തിയോസ് പാത്രിയർക്കീസ് ബാവ, അറിയോസിനെതിരായി കർക്കശ നിലപാട് സ്വീകരിക്കുകയും സഭയിൽ സത്യവിശ്വാസം നിലനിർ ത്തുകയും ചെയ്തു. എന്നാൽ സഭാചരിത്രകാരനായ യൂസേ ബിയോസ് (ഏ. ഡി. 265-340) നിഖ്യാ സുന്നഹദോസിൽ സം ബന്ധിച്ചിരുന്നുവെങ്കിലും പിന്നീട് മോർ ഒസ്താത്തിയോസിനെ എതിർത്തു. കുസ്തന്തീനോസ് ചക്രവർത്തിക്ക് യൂസേബിയോ സിനോട് ഏറെ മതിപ്പുണ്ടായിരുന്നതിനാൽ മോർ ഒസ്താത്തി യോസിനെ ട്രജനോ പോലീസിലേക്ക് നാടുകടത്തി (Cayre, 1935). പ. പിതാവ് ഏ. ഡി. 337-ൽ ട്രജനോ പോലീസിൽ വച്ച് കാലംചെയ്തു.

പ. ഒസ്താത്തിയോസ് പാത്രിയർക്കീസ് നാടുകടത്തപ്പെട്ട പ്പോഴും കാലം ചെയ്തശേഷവും സഭയിലെ ഒരു വലിയ വിഭാ ഗം, അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെ പിന്തുടർന്നിരുന്നു. ഏ. ഡി. 330 മുതൽ ഏ. ഡി. 360 വരെ പരിശുദ്ധ അന്ത്യോഖ്യാ സിം ഹാസനത്തിന്റെ നിയന്ത്രണം അറിയോസിന്റെ അനുയായികൾ കൈവശപ്പെടുത്തുകയും പാത്രിയർക്കീസന്മാരെ നിയമിക്കുക യും ചെയ്തു. ഏ. ഡി. 360-ൽ സത്യവിശ്വാസ സംരക്ഷകനായ, മോർ മിലിത്തിയോസ് പാത്രിയർക്കീസ് ബാവായുടെ, സ്ഥാനാ രോഹണത്തോടെ അറിയോസ് പക്ഷക്കാർ ക്ഷയിച്ചുപോകുക യും സത്യവിശ്വാസം പുനരുദ്ധരിക്കപ്പെടുകയും ചെയ്തു.

പ. ഒസ്താത്തിയോസ് പാത്രിയർക്കീസ് ധാരാളം ഗ്രന്ഥങ്ങ ളും വ്യാഖ്യാനങ്ങളും എഴുതിയിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാ ഗവും നഷ്ടപ്പെട്ടുപോയി. സങ്കീർത്തനങ്ങൾ, ശലോമോന്റെ ജ്ഞാ നം എന്നിവയുടെ വ്യാഖ്യാനങ്ങളും, രണ്ട് കുർബ്ബാന തക്സാ കളും, അറിയോസിന്റെ പഠിപ്പിക്കലുകൾക്കെതിരായ എട്ട് പുസ്ത കങ്ങളിൽ ഏതാനും ഭാഗങ്ങളും മാത്രമേ നിലവിലുള്ളൂ.

5-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പരിശുദ്ധനായ ഒസ്താ ത്തിയോസ് പാത്രിയർക്കീസ് ബാവായുടെ തിരുശേഷിപ്പുകൾ ട്രജനോ പോലീസിൽനിന്ന് അന്ത്യോഖ്യായിലേക്കു കൊണ്ടുവ ന്നു. ഈ പരിശുദ്ധന്റെ ഓർമ്മ ജൂൺ 5-ാം തീയതി സഭ ആച രിക്കുന്നു.

## തെഗ്രീസിലെ മപ്രിയാന മോർ മാറൂഥാ

**(ഏ. ഡി. 569? - 649)**

മാറൂഥാ മൂസലിലെ ബെത്ത്നുഹദ്ര എന്ന ഗ്രാമത്തിലെ ഷവർസാക്ക് (ശോർസാക്ക്) എന്ന സ്ഥലത്ത് ഉദ്ദേശം ഏ. ഡി. 569-ൽ ജനിച്ചു. മാറൂഥായുടെ (മോറൂസാ) പിതാവ്, ഷവർസാക്ക് ഗ്രാമത്തിന്റെ തലവനും ദൈവഭക്തനും ധനസമൃദ്ധിയുള്ളവ നുമായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മാറൂഥാ സർദസ് ദയറായിൽ ചേർന്ന് പഠനമാരംഭിച്ചു. അന്ന് സർദസ് ദയറായിൽ എഴുപതോളം ദയറാക്കാർ താമസിച്ചിരുന്നു. ദയറാധിപനായിരുന്ന മോർ ഗോസി ജീവിച്ചിരുന്നപ്പോഴും കാലംചെയ്തശേഷവും അത്ഭുതപ്രവർത്തകനായി അറിയപ്പെട്ടിരുന്നു. ഈ ദയറായിൽ വച്ച് മാറൂഥാ ദയറാ വസ്ത്രമണിയുകയും പുരോഹിതനാകുകയും ചെയ്തു. വൈദികവിദ്യാഭ്യാസം തുടരുന്നതിനുവേണ്ടിക്ലൂനീക്കി പട്ടണത്തിനു സമീപമുള്ള മോർ സഖായി ദയറായിൽ ചേരുകയും ദൈവശാസ്ത്രം, ഗ്രീക്ക്, സുറിയാനി എന്നീ ഭാഷകൾ പഠിക്കുകയും ചെയ്തു.

മോർ ഗ്രീഗോറിയോസ് തേവോലോഗോസിന്റെ ഗ്രന്ഥങ്ങൾ ദയറായിൽ മല്പാനായിരുന്ന തേവോദോറോസിന്റെ അടുക്കൽ പഠിച്ചുകൊണ്ട് 10 വർഷങ്ങൾ ചെലവഴിച്ചു. അതിനുശേഷം വിജ്ഞാനദാഹിയായ മാറൂഥാ ഉറഹായിലെ അന്ധനായ തോമായുടെ ശിഷ്യനാകുകയും ശെമവൂൻ ശുബദിയ, മോർ ആഹോ എന്നിവരോടുകൂടെ രചന, കൈയെഴുത്തുവിദ്യ എന്നിവയിൽ നൈപുണ്യം നേടുകയും ചെയ്തു. പിന്നീട് മോർ മത്തായിയുടെ ദയറായിൽ ദൈവശാസ്ത്രം, സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം എന്നിവ പഠിപ്പിക്കുന്ന അധ്യാപകനായി.

ഏ. ഡി. 628-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായ മോർ അത്താനാസിയോസ് ഗമോലൊ (ഏ. ഡി. 595-631) പുരോഹിതനായ മാറൂഥായെ തെഗ്രീസിന്റെ മപ്രിയാനയായി വാഴിച്ചു. തെഗ്രീസ് (സെലൂക്യ - ഗ്രീക്ക് നാമം) സെലൂക്കസ് ഒന്നാമൻ നികേറ്റർ (ബി.സി. 312-281) രാജാവ് കിഴക്കൻ തലസ്ഥാനമെന്ന നിലയിൽ സ്ഥാപിച്ച ഗ്രീക്ക് പട്ടണമാണ്. തെഗ്രീസ് ബാഗ്ദാദിനു തെക്കുകിഴക്കായി ടൈഗ്രീസ് നദിയുടെ കരയിലാണ് സ്ഥിതിചെയ്യുന്നത്.

തെഗ്രീസിലെ മപ്രിയാനയുടെ ഭരണത്തിലുണ്ടായിരുന്ന 12 ഭദ്രാസനങ്ങളാണ് ബാ അർബായ, ബാർമാൻ, മ് അൽ തായ, അർസൂൻ, ഗേമെൽ, മർഗ, ശീഗൊർ, കർമ, കുർദു ദ്വീപ്, ബാനൂഹദ്ര, ഫീർശാബൂർ, ശർസോൻ എന്നിവ. നിനുവ ഇടവക, മോർ മത്തായിയുടെ ദയറായിലെ മെത്രാപ്പോലീത്തായുടെ ഭരണത്തിലായിരുന്നു. ഉറഹായിലെ ജനങ്ങൾ യുദ്ധം മൂലം പേർ

ഷ്യയിലേക്ക് പ്രവാസികളായി പോയപ്പോൾ മോർ മാറൂഥായു ടെ ഭരണത്തിൽ മൂന്ന് ഇടവകകൾ കൂടി ചേർക്കപ്പെട്ടു. ഈ ഇടവകകളാണ് - അസർബെയ്ജാൻ, കുറാസാൻ, അഫ്ഗാനി സ്ഥാൻ എന്നിവ.

മോർ മാറൂഥാ പള്ളികൾ പണിയിക്കുകയും, ദയറാകൾ സ്ഥാപിക്കുകയും, ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ദനഹായുടെ വെള്ളം വാഴ്‌വിന്റെ ക്രമം, തെഗ്രീസിലെ മെത്രാ പ്പോലീത്തായായ മോർ ആഹൂദേമെയുടെ (d. 575) ജീവചരി ത്രം, വി. ഏവൻഗേലിയോന്റെ വ്യാഖ്യാനം, ഒരു വി. കുർബ്ബാന തക്സാ, ഏതാനും പെരുന്നാളുകളിലെ പ്രസംഗങ്ങൾ എന്നിവ അവയിൽ ഉൾപ്പെടുന്നു. ബർസ്ലീബിയുടെ (d. 1171) എഴുത്തുക ളിൽ നിനുവെ നോമ്പ് (മൂന്നുനോമ്പ്) നടപ്പിലാക്കിയത് മോർ മാറൂഥായാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇരുപത് വർഷങ്ങൾ സുറിയാനി സഭയെ ശുശ്രൂഷിച്ച മോർ മാറൂഥാ മപ്രിയാന ഏ. ഡി. 649 മെയ് മാസം രണ്ടാം തീയ തി 80 വയസ്സുള്ളപ്പോൾ കാലംചെയ്തു. അദ്ദേഹം പണികഴി പ്പിച്ച പള്ളിയിൽ വലിയ ബഹുമാനത്തോടെ കബറടക്കി. ഈ പിതാവിന്റെ ഓർമ്മപെരുന്നാൾ മെയ്മാസം 1-ാം തീയതി സഭ ആഘോഷിക്കുന്നു.

## പുണ്യശ്ലോകനായ
## മോർ ദീവന്നാസിയോസ് മീഖായേൽ
**(ഏ. ഡി. 1879 - 1956)**

കായംകുളം ആലുംമൂട്ടിൽ ജോൺ ഉപദേശിയുടെയും കി ളീലേത്തു അച്ചാമ്മയുടെയും മൂത്തമകനായി മീഖായേൽ 1879 ജൂൺ 15(?) ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കായംകുളത്തു തന്നെ നിർവഹിച്ചു. തുടർന്ന് കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തീകരിച്ചു.

1898 ജനുവരി 7-ാം തീയതി നി. വ. ദി. ശ്രീ മോർ ജോസഫ് ദീവന്നാസിയോസ് തിരുമേനിയിൽ നിന്ന് കോറൂയോ പട്ടവും, 1901 (1902?)ൽ പഴയസെമിനാരിയിൽവച്ച് പരിശുദ്ധ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് യൗഫദ്യക്കിനൊ പട്ടവും, 1081-ൽ പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസിയോസ് തിരുമേനിയിൽ നിന്ന് കായംകുളം കാദീശാ പള്ളിയിൽവച്ച് പൂർണ്ണശെമ്മാശപട്ടവും സ്വീകരിച്ചു.

1908 ആഗസ്റ്റ് 30-ാം തീയതി പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസിയോസ്, സ്ലീബാ മോർ ഒസ്താത്തിയോസ് (അന്ത്യോഖ്യാ പ്രതിനിധി), പൗലോസ് മോർ കൂറീലോസ് എന്നിവരുടെ സഹകാർമികത്വത്തിൽ മോർ ഗീവറുഗീസ് ദീവന്നാസിയോസ് മെത്രാപ്പോലീത്ത കശ്ശീശാപട്ടം നൽകി.

1905 മുതൽ 1910 വരെ ബ. മീഖായേൽ അച്ചൻ എം.ഡി. സെമിനാരിയിൽ ജോലി ചെയ്തു. സണ്ടേസ്കൂൾ, സുറിയാനി യുവജനസംഘം എന്നീ ആധ്യാത്മിക സംഘടനകളുടെ സജീവപ്രവർത്തകനായും മലങ്കര സുവിശേഷസംഘം ജനറൽ സെക്രട്ടറി എന്ന നിലയിലും സ്തുത്യർഹമായ സേവനങ്ങൾ ചെയ്തു.

മലങ്കര സഭയിൽ തർക്കങ്ങൾ ഉടലെടുത്തപ്പോൾ കോട്ടയം എം.ഡി. സെമിനാരിയിലെ ജോലി ഉപേക്ഷിച്ച് സ്വദേശമായ കായംകുളത്തേക്കു തിരിച്ചുപോയി. കായംകുളം മുൻസിപ്പാലിറ്റിയിൽ കൗൺസിലറെന്ന നിലയിൽ 12 വർഷവും ശ്രീമൂലം പ്രജാസഭയിൽ കായംകുളത്തെ പ്രതിനിധീകരിച്ച് അംഗമായും പൊതുജനസേവനങ്ങൾ നടത്തി.

കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനത്തിനുവേണ്ടി തെരഞ്ഞെടുത്ത ബ. മീഖായേൽ അച്ചനും ക്നാനായ സമുദായത്തിനുവേണ്ടി തെരഞ്ഞെടുത്ത ബ. ഒറ്റത്തൈക്കൽ തോമസ് കശീശായും അന്ത്യോഖ്യാ പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവായോടൊപ്പം മേൽപ്പട്ടസ്ഥാനമേൽക്കുന്നതിനായി 1102 കന്നി 14-ാം തീയതി ഊർശ്ലേമിലേക്ക് ആലുവയിൽ

നിന്ന് യാത്ര തിരിച്ചു. 1102 കന്നി 20-ാം തീയതി ബോംബെയിൽ നിന്ന് എസ്.എസ്. പിൽസ്നാ എന്ന ഇറ്റാലിയൻ കപ്പലിലാണ് യാത്ര ചെയ്തത്.

M.E. 1102 ഒക്ടോബർ 9-ാം തീയതി പോർട്ട് സെയ്ദിലെത്തി. അവിടെനിന്ന് തീവണ്ടി മാർഗ്ഗം ഊർശ്ലേമിലെത്തി. ഊർശ്ലേമിലെ വി. മർക്കോസിന്റെ മാളികയിൽ പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവ എഴുന്നെള്ളി താമസിച്ചിരുന്നു. വി. മർക്കോസിന്റെ മാളികയിലെത്തിയ മെത്രാൻ സ്ഥാനാർത്ഥികളെ കാപ്പ ധരിപ്പിച്ചും, കൈയിൽ സ്ലീബാ പിടിപ്പിച്ചും, കത്തിച്ച മെഴുകുതിരികളുമായി പള്ളിയകത്തേക്ക് ആനയിച്ചു.

(ഏ. ഡി. 1926) M.E. 1102 തുലാമാസം 4-ാം തീയതി ബ. മീഖായേൽ അച്ചനെയും ബ. തോമസച്ചനെയും റമ്പാന്മാരാക്കി. തുലാമാസം 11-ാം തീയതി രണ്ടു റമ്പാന്മാരെയും അവരോടുകൂടെ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സഹോദരപുത്രനായ മർദ്ദീൻ സ്വദേശിയായ മീഖായേൽ റമ്പാച്ചനെയും മേല്പട്ടസ്ഥാനത്തേക്കുയർത്തി.

മെത്രാൻ സ്ഥാനാഭിഷേകശുശ്രൂഷയിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ മോർ ഗീവറുഗീസ് ഗബ്രിയേൽ, അന്ത്യോഖ്യാ പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവായും ഒട്ടനവധി റമ്പാന്മാരും കശീശ്ശന്മാരും സംബന്ധിച്ചിരുന്നു.

മേല്പട്ടസ്ഥാനമേറ്റശേഷം തിരുമേനിമാർ 50 ദിവസത്തോളം ഊർശ്ലേമിൽ താമസിച്ച് വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചു. 1102 മകരം 29-ന് നവാഭിഷിക്തരായ തിരുമേനിമാർ രണ്ടുപേരും ആലുവായിൽ തിരിച്ചെത്തി. അടുത്തദിവസം വടകര പള്ളിയിലെത്തി അന്ത്യോഖ്യാ പ്രതിനിധി സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായെ സന്ദർശിച്ചശേഷം മകരം 30-ാം തീയതി കോട്ടയത്തെത്തി.

1931 മാർച്ച് മാസത്തിൽ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നെള്ളി. 1932 ഫെബ്രുവരി 13-ാം തീയതി കാലംചെയ്യുന്നതുവരെയുള്ള ദീർഘനാളുകൾ മോർ മീഖായേൽ ദീവന്നാസിയോസ് തിരുമേനി ദ്വിഭാഷിയെന്ന

നിലയിലും പ. പിതാവിന്റെ ശുശ്രൂഷാകാര്യങ്ങൾക്കായും കൂടെത്തന്നെയുണ്ടായിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള മലങ്കരസഭ എന്നതായിരുന്നു തിരുമേനിയുടെ കാഴ്ചപ്പാട്. കലുഷിതമായ സഭാന്തരീക്ഷത്തിൽ തിരുമേനിയെ ഭീഷണിപ്പെടുത്തിയവരോടുള്ള തിരുമേനിയുടെ പ്രതികരണം അർത്ഥഗർഭമായിരുന്നു: ''ഭീഷണി വേണ്ട. ഈ സ്ഥാനം ഏറ്റപ്പോൾ മുതൽ നാല് കാര്യങ്ങൾ സ്വയം ഏറ്റെടുത്തിട്ടുണ്ട്. കീറകുപ്പായം, കീറപ്പായ, തവിട്ടപ്പം, പച്ചവെള്ളം. അതെനിക്കുണ്ട്. എന്റെ മക്കൾ അതെനിക്കു തന്നുകൊള്ളും. പ. സിംഹാസനത്തോട് അഭക്തി കാണിച്ചിട്ട് എനിക്ക് ഒന്നും വേണ്ട.''

തിരുമേനിയോടൊന്നിച്ച് മേല്പട്ടമേറ്റ ക്നാനായ സമുദായത്തിന്റെ തോമാ മോർ ദീയസ്ക്കോറോസ് തിരുമേനി 1939-ൽ റോമാസഭയിൽ ചേർന്നു. ഈ കൂറുമാറ്റം തിരുമേനിക്കു ദുഃഖകരമായിരുന്നെങ്കിലും സത്യവിശ്വാസികൾക്ക് ധൈര്യം പകരുകയും വിശ്വാസവിപരീതികളുടെ നീക്കങ്ങളെ എതിർക്കുകയും ചെയ്തു.

1955 ഡിസംബർ 15-ാം തീയതി പാണമ്പടി പള്ളിയിൽ ഗുരുവായ പൗലോസ് മോർ കൂറീലോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാളിൽ സംബന്ധിച്ച് ഒരു മണിക്കൂർനേരം പ്രസംഗിച്ചു. പള്ളിമുറിയിൽ വന്നു ഭക്ഷണശേഷം അച്ചന്മാരെയെല്ലാം വിളിച്ച് ഇപ്രകാരം കല്പിച്ചു. ''മക്കളേ, നാം മരിച്ചുപോകുമല്ലോ?'' എല്ലാവരും നിശബ്ദരായി. ബ. മാലിയിൽ കുറിയാക്കോസച്ചൻ മറുപടിയായിട്ട് ''ഞങ്ങൾ എല്ലാവരും തിരുമേനിയുടെ അടുത്ത് ഉണ്ടായിരിക്കും'' എന്നറിയിച്ചപ്പോൾ ''മക്കളെ അതുമതി'' എന്നു കല്പിച്ചു.

പെരുന്നാൾ കഴിഞ്ഞ് പിറ്റേന്ന് പ്രഭാതഭക്ഷണം കഴിക്കുമ്പോൾ ഭക്ഷണം ഇറക്കുന്നതിന് പ്രയാസമുണ്ടാകുകയും സ്ഥിതി മോശമാകുകയും ചെയ്തതിനാൽ വി. തൈലാഭിഷേകം നടത്തി. പിന്നീടുള്ള ദിവസങ്ങളിൽ രോഗാവസ്ഥ വർധിക്കുകയും 1956 ജനുവരി 18-ാം തീയതി പുലർച്ചെ 3 മണിക്ക് കാലംചെയ്യുകയും ചെയ്തു. പാണമ്പടി പള്ളിയിൽ തന്നെ താമസിച്ചിരുന്ന പ

ൗലോസ് മോർ പീലക്സിനോസ് തിരുമേനി (പിന്നീട് ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവ) പ്രാരംഭപ്രാർത്ഥനകൾ നടത്തുകയും തുടർന്ന് മോർ യൂലിയോസ് ഏലിയാസ് ബാവായെത്തിയശേഷം അംശവസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളിയകത്ത് പൊതുദർശനത്തിനായി വച്ചു. പിറ്റേദിവസം കോട്ടയം പട്ടണം ചുറ്റിയുള്ള നഗരികാണിക്കലിനുശേഷം ഉച്ചയോടുകൂടെ കബറടക്കശുശ്രൂഷ നിർവ്വഹിച്ചു.

മോർ മീഖായേൽ ദീവന്നാസിയോസ് തിരുമേനിയുടെ നാമം അനേകർക്ക് പ്രചോദനമായി തീർന്നിട്ടുണ്ട്. കാൽനടയായും കാളവണ്ടിയിലും യാത്രചെയ്ത് ഇടവകപള്ളികൾ സന്ദർശിക്കുകയും അവിടെ താമസിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുക എന്നത് തിരുമേനിയുടെ ഒരു പ്രത്യേകതയായിരുന്നു. തിരുമേനിയുടെ പ്രസംഗങ്ങളും ശബ്ദഗാംഭീര്യവും വിശ്വാസികൾക്ക് പ്രിയങ്കരമായിരുന്നു. സാധാരണക്കാരന്റെ പ്രാതലായ പുഴുക്കും കഞ്ഞിയും തിരുമേനി സ്വാദോടെ ഭക്ഷിക്കുമായിരുന്നു. വ്യക്തികളെ പേർചൊല്ലി വിളിക്കുന്ന തിരുമേനിയെ വിശ്വാസികൾ ഏറെ സ്നേഹിച്ചിരുന്നു. എന്നാൽ മദ്ബഹായിൽ അലക്ഷ്യമായി പെരുമാറുന്നവരെ വിട്ടുവീഴ്ചയില്ലാതെ ശാസിക്കുമായിരുന്നു.

കോട്ടയം ഭദ്രാസനത്തിന്റെ ഭരണച്ചുമതല (ഏതാണ്ട് 12 വർഷം), തിരുമേനി സ്ഥാപിച്ച തൃക്കോതമംഗലം മോർ ശർബീൽ ദയറാ ആസ്ഥാനമാക്കി നിർവ്വഹിച്ചു. കാലംചെയ്ത മോർ യൂലിയോസ് യാക്കോബ് (മഞ്ഞിനിക്കര) മോർ തീമോത്തിയോസ് യാക്കോബ് (തൃക്കോതമംഗലം) മോർ ഈവാനിയോസ് ഫീലിപ്പോസ് (വെള്ളൂർ) എന്നീ തിരുമേനിമാർ മോർ മീഖായേൽ തിരുമേനിയിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചവരാണ്. മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം എന്നറിയപ്പെട്ട പുണ്യശ്ലോകനായ തിരുമേനിയുടെ ഓർമ്മ ജനുവരി 18-ാം തീയതി സഭ ആചരിക്കുന്നു.

# അന്ത്യോഖ്യാ പ്രതിനിധി
# മോർ യൂലിയോസ് ഏലിയാസ് ബാവാ
**(ഏ. ഡി. 1881–1962)**

ഏലിയാസ് 1881 ആഗസ്റ്റ് 1–ാം തീയതി ടർക്കിയിലെ മർദ്ദീൻ പട്ടണത്തിൽ ജനിച്ചു. പിതാവിന്റെ പേര് മല്ക്കെ കോറെ എന്നായിരുന്നു. മർദ്ദീനിലെ നാല്പതു സഹദേന്മാരുടെ വിദ്യാലയത്തിലാണ് പഠനം നടത്തിയത്.

1902ൽ ഏലിയാസ് കുർക്കുമ ദയറായിൽ ചേർന്നു. 1905 ജൂൺ 16–ാം തീയതി ഏലിയാസിന് മൂസലിലെ മോർ ദിവന്നാസിയോസ് ബഹനാം മെത്രാപ്പോലീത്താ (24 വയസ്സുള്ളപ്പോൾ) ദയറാവസ്ത്രം നൽകി. 1906–ൽ പ. ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായി നിയമിതനായി. 27–ാം വയസ്സിൽ കശീശ്ശാപട്ടമേറ്റു. 1908 മുതൽ 1911 വരെയുള്ള കാലഘട്ടത്തിൽ പ. അബ്ദേദ് ആലോഹോ രണ്ടാമൻ ബാവായോടൊപ്പം യെരുശലേം, ലണ്ടൻ, ഇന്ത്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. 1909 സെപ്റ്റംബർ മാസം 24–ാം തീയതി വന്ദ്യ ഏലിയാസ് റമ്പാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം മലങ്കരയിൽ വന്നു. 1911 ഒക്ടോബർ മാസം 14–ാം തീയതി മലങ്കരയിൽനിന്ന് തിരിച്ചുപോയി. 1911–ൽ പ. അബ്ദുള്ളാ ബാവാ ഏലിയാസ് റമ്പാച്ചനെ മർദ്ദീനിലെ ദയറായുടെ തലവനായും അവിടുത്തെ പ്രസ്സിന്റെ മാനേജരായും നിയമിച്ചു. സുൽത്താൻ മുഹമ്മദ് റഷാദ്, റമ്പാച്ചന് ഒരു മെഡൽ നൽകി ആദരിച്ചു.

ഏലിയാസ് റമ്പാച്ചനെ 1923 സെപ്റ്റംബർ 23–ാം തീയതി മർദ്ദീനിലെ നാല്പതു സഹദേന്മാരുടെ പള്ളിയിൽവച്ച് പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ച് മലങ്കരയിലേക്കയച്ചു. നവാഭിഷിക്തനായ മോർ യൂലിയോസ് ഏലിയാസ് ബാവാ 1923 ഒക്ടോബർ 22–ാം തീയതി മലങ്കരയിൽ എത്തി.

1926 സെപ്റ്റംബർ 30-ാം തീയതി മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ബ. മീഖായേൽ അച്ചനെയും ബ. ഒറ്റത്തൈക്കൽ തോമസച്ചനെയും ഊർശ്ലേമിലേക്കു കൂട്ടിക്കൊണ്ടുപോയത് യൂലിയോസ് ബാവായായിരുന്നു. 1927-ൽ അന്നത്തെ അന്ത്യോഖ്യാ സിംഹാസനപ്രതിനിധിയായിരുന്ന പ. സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ സഹായിയായി നിയമിക്കപ്പെട്ടു. പ. ഒസ്താത്തിയോസ് ബാവാ കാലംചെയ്തപ്പോൾ, 1930-ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയമിക്കപ്പെട്ടു.

1931 മാർച്ച് 5-ാം തീയതി പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശനാർത്ഥം കറാച്ചിയിലെത്തിയപ്പോൾ വിശ്വാസസംരക്ഷകൻ എന്നറിയപ്പെട്ട മോർ അത്തനാസിയോസ് തിരുമേനിയോടൊപ്പം മോർ യൂലിയോസ് ഏലിയാസ് ബാവായും സന്നിഹിതനായിരുന്നു. 1932-ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ കാലംചെയ്ത ശേഷം ബാവായുടെ കബർ പണിയുന്നതിനും ദയറാപള്ളി പണിയുന്നതിനും നേതൃത്വം നൽകി. കുന്നംകുളം, മലേക്കുരിശ്, കോട്ടയം സിംഹാസനപള്ളികൾക്ക് പള്ളികെട്ടിടങ്ങൾ പണി കഴിപ്പിക്കുകയും തുമ്പമൺ, പെരുമ്പള്ളി, കല്ലുങ്കത്ര, ആലപ്പുഴ, പാമ്പാടി എന്നീ സിംഹാസനപള്ളികൾ സ്ഥാപിക്കുകയും ചെയ്തു.

പ. ഏലിയാസ് തൃതീയൻ ബാവ, അഫ്രേം പ്രഥമൻ ബാവ, പ. യാക്കോബ് തൃതീയൻ ബാവ എന്നീ പരിശുദ്ധ പാത്രിയർക്കീസന്മാരുടെ കാലഘട്ടങ്ങളിൽ മോർ യൂലിയോസ് ബാവാ മെത്രാപ്പോലീത്തയായിരുന്നു. 1932 ഒക്ടോബർ 21-ാം തീയതി ഹോംസിൽ കൂടിയ സുന്നഹദോസിൽ പങ്കെടുക്കുന്നതിനായി യാത്ര പുറപ്പെട്ടു. 1933 ജനുവരി 6-ാം തീയതി ഹോംസിലെ സുന്നഹദോസിൽ പങ്കെടുത്തു. 1933 ഡിസംബർ 17-ാം തീയതി വന്ദ്യ അബ്ദുൾ ആഹാദ് റമ്പാനുമായി കേരളത്തിൽ തിരിച്ചെത്തി. അബ്ദുൾ ആഹാദ് റമ്പാച്ചൻ (പിന്നീട് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ) 1933 മുതൽ 1946 വരെ മഞ്ഞിനിക്കരയിൽ താമസിച്ചിരുന്നു.  1934-ൽ റമ്പാച്ചന് കശീശ്ശാപട്ടം നൽകിയത് മോർ യൂലിയോസ് ബാവായാണ്.

1951ൽ വന്ദ്യ മോശ സലാമ റമ്പാച്ചൻ (പിന്നീട് തെക്കേ അമേരിക്കൻ ഭദ്രാസനത്തിന്റെ മോർ ക്രിസോസ്റ്റമോസ് മോശ സലാമ മെത്രാപ്പോലീത്ത, d. 1996) മഞ്ഞനിക്കരയിൽ എത്തിച്ചേർന്ന് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു. 1952 സെപ്റ്റംബർ 11-ാം തീയതി മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട പി. ജെ. പൗലോസ് കശീശയുമായി (പിന്നീട് ശ്രേഷ്ഠ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ) പാത്രിയർക്കാ അരമനയിലേക്ക് പോയി. ഹോംസിൽവച്ച് ബഹു. പൗലോസ് കശീശായെ മോർ ഫീലക്സിനോസ് പൗലോസ് എന്ന പേരിൽ സ്ഥാനാഭിഷേകം ചെയ്തശേഷം 1953 ജനുവരി 15-ാം തീയതി മടങ്ങി വന്നു. 1954 നവംബർ 1-ാം തീയതി പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബർ പുതുക്കിപണിയുന്നതിന് ആരംഭിച്ചു.

പ. അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കരസഭയുമായുള്ള ബന്ധം നിലനിർത്തുന്നതിന് മോർ യൂലിയോസ് ബാവാ ചെയ്ത സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും. 1958-ലെ സമാധാന കല്പനയെ തുടർന്ന് കുന്നംകുളം സിംഹാസനപള്ളിയിലുണ്ടായ തർക്കത്തെ തുടർന്ന് മോർ യൂലിയോസ് ബാവാ അറസ്റ്റ് ചെയ്യപ്പെട്ടു. ഇന്ന് കുന്നംകുളം സിംഹാസനപള്ളി പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഭരണത്തിലിരിക്കുന്നത് ബാവായുടെ പരിശ്രമഫലമായാണ്. വൈദികരുടെ വിദ്യാഭ്യാസത്തിൽ ഏറെ ശ്രദ്ധിച്ചിരുന്ന മോർ യൂലിയോസ് ബാവായുടെ കാലഘട്ടത്തിൽ മഞ്ഞിനിക്കരയിൽ പഠിച്ചവർക്ക് ലഭിച്ച ശിക്ഷണം വിലമതിക്കാനാവാത്തതാണ്.

**അന്ത്യനാളുകൾ***

1962 ജനുവരി 8-ാം തീയതി വന്ദ്യ അഫ്രേം പൗലോസ് റമ്പാച്ചൻ മഞ്ഞനിക്കര സെന്റ് സ്തേഫാനോസ് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അന്ന് പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ അന്ത്യപ്രസംഗം നടത്തി. 1962 ജനുവരി 10-ാം തീയതി അഭിവന്ദ്യരായ മോർ ഫീലക്സിനോസ് പൗലോസ്, മോർ ക്ലീമീസ് ഏബ്രഹാം, മോർ ഗ്രീഗോറിയോസ് വയലിപ്പറമ്പിൽ എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ മോർ യൂലിയോസ് ബാവായ്ക്ക് തൈലാഭിഷേക ശുശ്രൂഷ ന

ടത്തി. തുടർന്ന് ക്ഷീണിതനായ ബാവാ 1962 ഫെബ്രുവരിയിലെ മോറാൻ ഏലിയാസ് ബാവായുടെ പെരുന്നാളിന്റെ സമയത്ത് രോഗാവസ്ഥയിലായിരുന്നു. 1962 ഫെബ്രുവരി 17-ാം തീയതി മോർ ഫീലക്സിനോസ് പൗലോസ് തിരുമേനി വിശുദ്ധ കുർബാന അർപ്പിക്കുകയും മോർ യൂലിയോസ് ഏലിയാസ് ബാവാ വിശുദ്ധ കുർബാന അനുഭവിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കെ.വി. കുര്യാക്കോസ് അച്ചൻ (പിന്നീട് മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനി) ബാവായെ ഈ നാളുകളിലെല്ലാം ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

39 വർഷം അന്ത്യോഖ്യാ പ്രതിനിധിയെന്ന നിലയിൽ ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച ബാവ 1962 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30ന് മഞ്ഞിനിക്കര ദയറായിൽവച്ച് കാലംചെയ്തു. ബാവാ നേരത്തെതന്നെ തയ്യാറാക്കിയിരുന്ന കല്ലറയിൽ ചൊവ്വാഴ്ച കബറടക്കപ്പെട്ടു. പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ ഓർമ്മപെരുന്നാൾ ഫെബ്രുവരി 19-ാം തീയതി സഭ ആഘോഷിക്കുന്നു.

(തുലാക്കുളത്തിൽ ബഹുമാനപ്പെട്ട ടി. ജെ. ഏബ്രഹാം മൽപ്പാനച്ചൻ ലേഖകന്റെ പിതാവ് ശ്രീ. കെ. വി. മാണിക്കയച്ചകത്തിൽനിന്നാണ് ഈ വിശദാംശങ്ങൾ ചേർത്തിരിക്കുന്നത്).

## ഉറഹായിലെ വിശുദ്ധ റാബൂളാ
**(എ. ഡി. 350? - 435)**

റാബൂളാ (Rabula) കെന്നശ്രീൻ ഗ്രാമത്തിലെ (Chalkis near Aleppo) ഒരു ധനിക കുടുംബത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് വിഗ്രഹാരാധകനും മാതാവ് ക്രിസ്ത്യാനിയുമായിരുന്നു. റാബൂളാ ഗ്രീക്ക്, സുറിയാനി ഭാഷകൾ പഠിക്കുകയും യുവാവായപ്പോൾ വിവാഹിതനായി കുടുംബജീവിതം നയിക്കുകയും ചെയ്തു (Aphrem, 1963).

ഒരു ദിവസം കെന്നശ്രീനിലെ മോർ അബ്രഹാമിന്റെ ദയറായിൽവച്ച് സുവിശേഷം കേട്ടപ്പോൾ, ദൈവവചനം കൂടുതൽ

കേൾക്കുന്നതിന് താല്പര്യമുണ്ടായി. പിന്നീട് സ്മീശാത്തിലെ മോർ എവുസേബിയോസിന്റെ അടുക്കലും ആലപ്പൊയിലെ എപ്പിസ്ക്കോപ്പാ ആക്കാക്കിന്റെ അടുക്കലും പോയി ദൈവശാസ്ത്ര വിഷയങ്ങൾ പഠിച്ചു.

കെന്നശ്രീനിൽ തിരികെവന്ന് തന്റെ ഭാര്യയെയും മക്കളെയും സന്യാസജീവിതത്തിൽ പ്രവേശിപ്പിച്ചു (Chediyath, 1987). തന്റെ അടിമകളെ സ്വതന്ത്രരാക്കി. സ്വത്തുക്കളെല്ലാം കെന്നശ്രീനിലെയും, ആലപ്പൊയിലെയും, ഉറഹായിലെയും ദരിദ്രന്മാർക്ക് പങ്കിട്ടു കൊടുത്തശേഷം മോർ അബ്രഹാമിന്റെ ദയറായിൽ ചേർന്ന് ദയറാക്കാരനായി.

ഏ. ഡി. 388-ൽ പൗരോഹിത്യം സ്വീകരിച്ചു. ഏ. ഡി. 411-ൽ ഉറഹായിലെ മെത്രാപ്പോലീത്തയായ ദിയോജെനസ് (Diogynus) കാലംചെയ്തപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസ് റാബൂളയെ ഉറഹായുടെ മെത്രാപ്പോലീത്തയായി വാഴിച്ചു.

റാബൂള സന്യാസികൾക്കുവേണ്ടിയുള്ള നിയമങ്ങൾ, ഉടമ്പടിയുടെ മക്കൾക്കുള്ള നിയമങ്ങൾ, പള്ളിയകത്തെ ആരാധനാക്രമീകരണങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങൾ എന്നിവയും പെരുന്നാളുകളിലുപയോഗിക്കുന്ന മദ്റോശാകളും, സൂഗീസാകളും, ബോവൂസോകളും രചിച്ചിട്ടുണ്ട്.

എല്ലാ വർഷവും മോർ അബ്രഹാമിന്റെ ദയറായിൽ താമസിച്ചും ആത്മപരിപോഷണാർത്ഥം ഉപവാസത്തിലും ധ്യാനനിഷ്ഠയിലും ഏതാനും ദിവസങ്ങൾ ചെലവഴിക്കുക എന്നതും റാബൂളയുടെ ഒരു പതിവായിരുന്നു. ഇദ്ദേഹം എഫേസോസ് സുന്നഹദോസിൽ (ഏ. ഡി. 431) സംബന്ധിച്ചിട്ടുണ്ട്. വി. റാബൂളാ ഏ. ഡി. 435 ആഗസ്റ്റ് 7-ാം തീയതി കാലം ചെയ്തു. ഈ പരിശുദ്ധന്റെ ഓർമ്മപെരുന്നാൾ ആഗസ്റ്റ് 8-ാം തീയതി സഭ ആഘോഷിക്കുന്നു.

# കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത
# മോർ ക്ലീമീസ് ഏബ്രഹാം
(ഏ. ഡി. 1918 - 2002)

### ബാല്യവും വിദ്യാഭ്യാസവും

1918 ഏപ്രിൽ 22-ാം തീയതി വി. ഐ. ഉണ്ണിട്ടൻ (ഉണ്ണിക്കുഞ്ഞ്) ജനിച്ചു. വയലാ കൊച്ചിടിക്കുളയും റാന്നി ഐത്തല കളരിക്കൽ പെണ്ണമ്മയുമാണ് മാതാപിതാക്കൾ. പ്രാഥമിക വിദ്യാഭ്യാസം റാന്നി വൈക്കം ഗവൺമെന്റ് പ്രൈമറി സ്കൂളിൽ നടത്തി. പിന്നീട് റാന്നി എം.എസ്. മിഡിൽ സ്കൂളിൽ പഠിച്ചു. അന്ന് റാന്നിയിൽ ഹൈസ്കൂൾ ഇല്ലായിരുന്നതിനാൽ ആലുവാ സെന്റ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു. പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയോടൊപ്പം താമസിച്ച് (1934-36) ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. 1937 ൽ കോട്ടയം സി.എം.എസ്. കോളജിൽ ചേർന്ന് ഇന്റർമീഡിയറ്റിനു പഠിച്ചു. ബി.എ.യ്ക്ക് പാളയംകോട്ട സെന്റ് സേവ്യേഴ്സ് കോളജിൽ ആയിരുന്നു പഠിച്ചത്. 1941-ൽ ബി.എ. പരീക്ഷ ജയിച്ചു. പിന്നീട് ചിദംബരം അണ്ണാമല സർവ്വകലാശാലയിൽ ചേർന്നു രാഷ്ട്രമീമാംസ (Politics) യിൽ ബി.എ. ഓണേഴ്സ് ബിരുദം നേടി.

### വൈദിക വിദ്യാഭ്യാസവും പൗരോഹിത്യവും

ക്നാനായ സഭയുടെ നി.വ.ദി.ശ്രീ. തോമസ് മോർ ദിയസ്കോറോസ് തിരുമേനി, 1931-ൽ റാന്നി വലിയപള്ളിയിൽവച്ച് മ്സമ്രോനോ പട്ടം നൽകി. (1931) 1107 വൃശ്ചികം 6-ാം തീയതി, പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട്, റാന്നി വലിയപള്ളിയിൽവച്ച് കോറൂയോ പട്ടം നൽകി. പ്രാഥമിക സുറിയാനി പഠിച്ചത് താഴത്ത് വല്യച്ചന്റെ ശിഷ്യനായിട്ടാണ്. പിന്നീട് ആലുവാ തൃക്കുന്നത്തു സെമിനാരിയിലും ഓമല്ലൂർ മോർ ഇഗ്നാത്തിയോസ് ദയറായിലും പഠനം തുടർന്നു. 1947 ജനുവരി 15-ാം തീയതി റാന്നി വലിയപള്ളിയിൽ വച്ച് മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്താ വൈ

ദികപട്ടം നൽകി. ജനുവരി 28–ാം തീയതി റാന്നി വലിയപള്ളി യിൽ പുത്തൻകുർബാന അർപ്പിച്ചു. തുടർന്ന് അവിടെത്തന്നെ രണ്ടു വർഷക്കാലം ഒരു സഹായപട്ടക്കാരനായും എം.എസ്. ഹൈസ്കൂളിൽ അധ്യാപകനായും സേവനമനുഷ്ഠിച്ചു.

പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ക്ഷണം കിട്ടിയതനുസരിച്ച് 1949 മെയ് മാസം 1–ാം തീയതി ബോം ബെയിൽ നിന്നും കപ്പലിൽ യാത്രതിരിച്ചു. 13 ദിവസം കഴി ഞ്ഞപ്പോൾ കപ്പൽ ഇറാഖിലെ ഏറ്റവും വലിയ തുറമുഖമായ ബസ്രാ തുറമുഖത്തടുത്തു. ബസ്രായിൽ നിന്നും തീവണ്ടി മാർഗം ബാഗ്ദാദിലേക്കു തിരിച്ചു. ഇറാഖിന്റെ തലസ്ഥാനമായ ബാഗ്ദാദിൽ രണ്ടുദിവസം താമസിച്ചതിനുശേഷം മൂസലിലെ മെത്രാസന അരമനയിലേക്ക് പോയി. സുറിയാനി, അറബി, ഇം ഗ്ലീഷ് എന്നീ ഭാഷകൾ പഠിച്ചും, സഭാചരിത്രം, വേദശാസ്ത്രം, വേദപുസ്തകം, പുരാണഗ്രന്ഥങ്ങൾ, തത്വശാസ്ത്രം, ലോകച രിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അവിടെ പഠ നം നടത്തി. പ്രാർത്ഥിക്കുവാനും ശുശ്രൂഷകൾ നടത്തുവാനും പ്രസംഗിക്കുവാനും ഗാനാലാപനത്തിനും വേണ്ട പരിശീലനവും അവിടെനിന്നും സിദ്ധിച്ചു.

**മേല്പട്ടസ്ഥാനം**

29–3–1951 ൽ ക്നാനായ അസോസിയേഷൻ വിളിച്ചുകൂട്ടി. ഏകകണ്ഠമായി, നിയമാനുസരേണ മെത്രാൻസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. സുന്നഹദോസ് വിളിച്ചുകൂട്ടി അപേക്ഷയെക്കു റിച്ച് ആലോചിക്കുകയും 1951 ഏപ്രിൽ 15–ന് മെത്രാഭിഷേകം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. 1951 ഏപ്രിൽ 8–ാം തീയതി പരിശുദ്ധ അപ്രേം പാത്രിയർക്കീസ് ബാവാ തിരുമന സ്സുകൊണ്ട് ആലപ്പോയിലെ ദിവന്ന്യാസിയോസ് മെത്രാപ്പോലീ ത്തായുടെ സഹകരണത്തോടുകൂടി റമ്പാൻ സ്ഥാനവസ്ത്രങ്ങൾ നൽകി അനുഗ്രഹിച്ചു. 1951 ഏപ്രിൽ മാസം 15–ാം തീയതി ഞായറാഴ്ച സിറിയാ രാജ്യത്തെ ഹോംസ് പട്ടണത്തിൽ സ്ഥി തിചെയ്യുന്ന പാത്രിയർക്കാ ഭദ്രാസന ദൈവാലയത്തിൽ വച്ച് അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും മോറാൻ മോർ ഇഗ്നാത്യോസ് അപ്രേം പാത്രിയർക്കീസ് ബാവാ തിരുമനസ്സി ലെ പ്രധാന കാർമ്മികത്വത്തിൽ ക്നാനായ ഭദ്രാസനത്തിന്റെ

മൂന്നാമത്തെ മെത്രാപ്പോലീത്താ ആയി ഏബ്രഹാം മോർ ക്ലീമിസ് വാഴിക്കപ്പെട്ടു. 1951 ഏപ്രിൽ 20-ന് വലിയനോമ്പിലെ 40-ാം വെള്ളിയാഴ്ച നടന്ന വി. മൂറോൻ കൂദാശയിൽ മോർ ക്ലീമീസ് പങ്കെടുത്തു. തിരിച്ച് ചിങ്ങവനത്തെത്തിയ അഭിനവ മെത്രാപ്പോലീത്തായ്ക്ക് 1951 മെയ് 24-ാം തീയതി അതിഗംഭീരസ്വീകരണം നൽകി.

**ക്നാനായസമുദായ ഭരണഘടന**

ക്നാനായ സമുദായത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്താ ആയി 33-ാമത്തെ വയസ്സിൽ മോർ ക്ലീമിസ് അവരോധിക്കപ്പെട്ടു. സമുദായത്തെ പുരോഗതിയിലേക്ക് കൊണ്ടുപോകുന്നതിനായി ഒരു പഞ്ചവത്സര പദ്ധതി തന്നെ ആവിഷ്കരിച്ചു. 1951 സെപ്തംബർ 13-ന് കൂടിയ ആദ്യത്തെ ക്നാനായ അസോസിയേഷനിൽ ഈ പദ്ധതിയെക്കുറിച്ച് തീരുമാനങ്ങളെടുത്തു. 1951 ഡിസംബർ 12-ന് ഭരണഘടന, അസോസിയേഷൻ ഐകകണ്ഠ്യേന പാസാക്കി. ഈ ഭരണഘടന എപ്പിസ്ക്കോപ്പൽ തത്വങ്ങൾ നിലനിർത്തിക്കൊണ്ടുള്ളതും ജനകീയ സിദ്ധാന്തങ്ങളെ അങ്ങേയറ്റം ബഹുമാനിക്കുന്നതുമാണ്. ആദ്യപടിയായി സമുദായത്തിലെ എല്ലാ പള്ളികളും മെത്രാപ്പോലീത്തായുടെ അധികാരപരിധിയിൽ കൊണ്ടുവന്നു. പിൽക്കാലത്ത് സമുദായത്തിനു പ്രയോജനം ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടി കുറിച്ചി തോട്ടവും കുലശേഖരത്തുള്ള എഡേസാ തോട്ടവും എഴുതിച്ചു.

**അമേരിക്കയിൽ ഉപരിപഠനം**

1960-ൽ അമേരിക്കയിൽ പോയി ഒരു വർഷക്കാലം യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ പഠിച്ചു. കോടീശ്വരനായ റോക് ഫെല്ലർ ഏർപ്പെടുത്തിയ ഒരു നിധി ഉപയോഗിച്ച് വർഷംതോറും ഇരുപത്തഞ്ച് ക്രൈസ്തവ യുവനേതാക്കളെ ഒന്നിച്ചു കൊണ്ടുവന്ന് താമസിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള ഏർപ്പാടാണ് സെമിനാരിയിലുള്ളത്. Programme of Advanced Religious Studies (P.A.R.S.) എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. അമേരിക്കയിൽ വച്ച് Master of Sacred Theology (S.T.M) യ്ക്ക് പേർ രജിസ്റ്റർ ചെയ്തു. 1961 മെയ് 21-ാം തീയതി P.A.R.S. ഡിപ്ലോമായും S.T.M. ഡിഗ്രിയും ലഭിച്ചു. 1961 ജൂലായ് 1-ന് യൂറോ

പ്യൻ പര്യടനസംഘത്തോടുകൂടെ ഏഫൽ ടവർ, ജനീവാ തടാകം, പിസായിലെ ചാഞ്ഞ ഗോപുരം, അസീസിയിലെ പ്രസിദ്ധമായ പള്ളി, വത്തിക്കാൻ നഗരം, സെന്റ് പീറ്റേഴ്സ് ബസിലിക്ക എന്നിങ്ങനെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. 1961 ജൂലായ് 29 -ന് മാർപ്പാപ്പായെ സന്ദർശിച്ചു (Abraham Mor Clemis, 1981; 2002; Skariakutty, n.d.).

**മലങ്കര സഭയിലെയും സമുദായത്തിലെയും ഇതര പ്രവർത്തനങ്ങൾ**

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പൗലോസ് മോർ അത്താനാസിയോസ് തിരുമേനി 1953 ജനുവരി 25-ന് കാലംചെയ്തു. 1957 ജൂൺ 21 ന് മണർകാട് മർത്തമറിയം പള്ളിവക സെന്റ് മേരീസ് ഹൈസ്കൂളിൽ നടന്ന മലങ്കര പള്ളി പ്രതിപുരുഷന്മാരുടെ യോഗത്തിൽ മോർ ക്ലീമീസ് തിരുമേനിയെ ഐകകണ്ഠ്യേന മലങ്കര മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി തെരഞ്ഞെടുത്തു.

1957 ജൂൺ 25 ന് നി.വ.ദി.മ.ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ഹോംസിലെ പാത്രിയർക്കാ അരമനയിൽ വച്ച് കാലംചെയ്തു. തുടർന്ന് ഒക്ടോബർ 3 ന് ഹോംസിലെ പാത്രിയർക്കാ അരമനയിൽവച്ച് കൈമാഖാം (പരിശുദ്ധ പാത്രിയർക്കീസിന്റെ താൽക്കാലിക ചുമതല വഹിക്കുന്നയാൾ) മോർ ഒസ്താത്തിയോസ് കുറിയാക്കോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ വി. സുന്നഹദോസ് കൂടി. 1957 ഒക്ടോബർ 14-ന് തിങ്കളാഴ്ച പാത്രിയർക്കാ അരമനയോടനുബന്ധിച്ചുള്ള വി. മർത്തമറിയം പള്ളിയിൽ വച്ചാണ് പാത്രിയർക്കാ തെരഞ്ഞെടുപ്പ് നടന്നത്. ആദ്യത്തെ തെരഞ്ഞെടുപ്പിൽ കൈമാഖാം തന്നെ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. പക്ഷേ അദ്ദേഹം ആ സ്ഥാനത്തുനിന്ന് സ്വയം പിന്മാറുകയും മറ്റൊരാളെ തെരഞ്ഞെടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് നടത്തപ്പെട്ട തെരഞ്ഞെടുപ്പിൽ ബേയ്റൂട്ട് ഇടവകയുടെ യാക്കോബ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനി പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. 1957 ഒക്ടോബർ 27 ന് മോർ സേവേറിയോസ് യാക്കൂബ് മെത്രാപ്പോലീത്താ ഹോംസിലെ വി. മർത്തമറിയം ദൈവാലയത്തിൽവച്ച് മോറാൻ മോർ

ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ എന്ന പേരിൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. അഭിനവ പാത്രിയർക്കീസ് ബാവാ നവംബർ 31-ന് ഹോംസിലെ ഭദ്രാസന ദൈവാലയത്തിൽവച്ച് വി. മൂറോൻ കൂദാശ നടത്തി. അതിൽ മോർ ക്ലീമീസ് ഏബ്രഹാം  പങ്കെടുത്തു.

1964 ഫെബ്രുവരി ഏഴിന് സമുദായത്തിന്റെ ഒരു ചിരകാലാ ഭിലാഷമായിരുന്ന ഒരു കോളജ് സ്ഥാപിക്കുവാൻ ഔദ്യോഗിക അനുവാദം ലഭിച്ചു. 1964 മെയ് മാസം 24-ന് ഞായറാഴ്ച പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സു കൊണ്ട് റാന്നി സെന്റ് തോമസ് കോളജിന്റെ ശിലാസ്ഥാപന കർമ്മം നടത്തി. 1968-69 അധ്യയനവർഷത്തിൽ കോളജ് അപ് ഗ്രേഡ് ചെയ്തു. 1968 ഓഗസ്റ്റ് 10ന് കാനാതോമാഹോസ്റ്റലിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. 1932 മുതൽ ക്നാനായ സമുദായത്തിലെ സ്ത്രീകളുടെ നാനാമുഖമായ വികാസത്തെ ലക്ഷ്യമാക്കിക്കൊണ്ട് മഗ്ദലനമറിയം വനിതാസമാജം എന്നൊരു സംഘടന പ്രവർത്തിച്ചു വന്നിരുന്നു. ഈ വനിതാസമാജമാണ് 1962 മുതൽ ക്നാനായ വിമൻസ് അസോസിയേഷനായി രൂപാന്തരപ്പെട്ടത്. 1967 സെപ്തംബർ 21-ന് നിത്യ ദയറാജീവിതം ആഗ്രഹിച്ച സിസ്റ്റർ മറിയം പള്ളത്ര, സിസ്റ്റർ റയിച്ചൽ തൈത്തറ എന്നിവർക്ക് സഭാവസ്ത്രങ്ങൾ നൽകിക്കൊണ്ട് കന്യാസ്ത്രീ മഠം ഉദ്ഘാടനം ചെയ്തു.

ക്നാനായ സമുദായം കേരളത്തിലെ ഏറ്റവും ചെറിയ ഒരു സമുദായമാണ്. ആളിലും അർത്ഥത്തിലും സാമ്പത്തിക പരാധീനതകൾ മൂലം സഭാ മേലധ്യക്ഷന്മാർക്ക് ക്ലേശിക്കേണ്ടിവന്ന അവസരങ്ങൾ മുമ്പുണ്ടായിട്ടുണ്ട്. അത് മേലിലാവർത്തിക്കാതി രിക്കാതിരിക്കുന്നതിനാണ് ഒരു കരുതൽ ധനം എന്ന രീതിയിൽ കേന്ദ്രനിധി ഉണ്ടാക്കാൻ തീരുമാനിച്ചത്. സമുദായത്തിന്റെ ഒരു ശാശ്വത ഫണ്ടായ കേന്ദ്രനിധി ഉപയോഗിച്ച് സമുദായത്തിനായി എഡേസാ തോട്ടത്തിൽ 25 ഏക്കറിൽ റബ്ബർ കൃഷി ചെയ്തു.

1974 മാർച്ച് 4-ന് പരിശുദ്ധ പാത്രിയർക്കീസ് യാക്കോബ് മൂന്നാമൻ ബാവ വാഴിച്ചയച്ച അഭിവന്ദ്യരായ പെരുമ്പള്ളിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ്, തോമസ് മോർ ദീവന്നാസിയോസ്, പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ കടവിൽ

ഡോ. പൗലോസ് അത്താനാസിയോസ് എന്നീ തിരുമേനിമാർക്ക് അഖില മലങ്കരാടിസ്ഥാനത്തിൽ പെരുമ്പാവൂരിൽ നൽകിയ സ്വീകരണത്തിലും തുടർന്നുള്ള സത്യവിശ്വാസ സംരക്ഷണ യത്നങ്ങളിലും ധീരമായ നേതൃത്വം നൽകുകയും, 1975 ഫെബ്രുവരി 23-ന് എറണാകുളത്തുവച്ച് നടത്തിയ പാത്രിയർക്കാദിനം, 1977-ലെ ഗ്രേറ്റ് മാർച്ച് എന്നിവയിലും സജീവപങ്കു വഹിക്കുകയും ചെയ്തു.

പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1980 ജൂൺ 25-ന് ബുധനാഴ്ച രാത്രി കാലം ചെയ്തു. 28-ന് നടന്ന കബറടക്കശുശ്രൂഷയിൽ മോർ ക്ലീമിസ് സംബന്ധിച്ചു. തുടർന്ന് 1980 ജൂലൈ 11-ന് നടന്ന പുതിയ പാത്രിയർക്കീസ്, ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ തെരഞ്ഞെടുപ്പിൽ സംബന്ധിച്ചു.

**ബഹുമതികൾ**

1982-ൽ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ഇവാസ് ബാവ മലങ്കര സന്ദർശിച്ചപ്പോൾ അജപാലനനിഷ്ഠയും കഴിവും പരിഗണിച്ച് കൂബർ നീത്തി ഹാക്കീമൊ (ജ്ഞാനിയായ കപ്പിത്താൻ) എന്ന ബഹുമതി നൽകി മോർ ക്ലീമിസിനെ ആദരിച്ചു. 1982 ഫെബ്രുവരി 26-ാം തീയതി മണർകാട് വിശുദ്ധ മർത്തമറിയം പള്ളിയിൽ വച്ച് നടത്തിയ വി. മൂറോൻ കൂദാശയിൽ മോർ ക്ലീമിസ് സംബന്ധിച്ചു. ഏപ്രിൽ 4-ലെ No.E 128/89 കല്പനപ്രകാരം കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത (Chief Metropolitan of the East) എന്ന പദവി നൽകി അനുഗ്രഹിച്ചു.

**ജൂബിലികൾ, ആഘോഷങ്ങൾ**

1972 മെയ്മാസം 31-ന് പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിച്ചു. 1976 മെയ്മാസം 2-ാം തീയതി ഞായറാഴ്ച എപ്പിസ്ക്കോപ്പൽ സിൽവർ ജൂബിലി ആഘോഷിച്ചു. 1980 മെയ് 14 ന് വത്തിക്കാനിൽ വച്ച് പാത്രിയർക്കീസ് ബാവായും പോപ്പും തമ്മിലുള്ള കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

1997 ജനുവരി 25-ന് പൗരോഹിത്യ ഗോൾഡൻ ജൂബിലി ആഘോഷിച്ചു. റാന്നി മോർ സേവേറിയോസ് ഹൈസ്കൂൾ മൈതാനിയിൽ ജൂബിലിയോടനുബന്ധിച്ച് 51-മ്മേൽ കുർബാന

നടന്നു. 1997 ഫെബ്രുവരി 11-ന് ചിങ്ങവനത്ത് ജൂബിലി സ്മാരക സെന്റർ ഉദ്ഘാടനം ചെയ്തു. മേല്പട്ട സുവർണ്ണജൂബിലി ആഘോഷങ്ങൾ 2000 ഏപ്രിൽ 9-ന് പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. പതിനേഴിന്മേൽ കുർബാനയോടെ ചിങ്ങവനത്ത് ആഘോഷിച്ചു.

1990 ഏപ്രിൽ 6-ാം തീയതിയിലെ ചീ. ഋ1. 30/90 നമ്പർ കല്പനയനുസരിച്ച് വിശുദ്ധ ക്നായി തോമായുടെ പേര് 5-ാം തുബ്ദേനിൽ ചേർക്കുന്നതിന് പരിശുദ്ധ പാത്രിയർക്കീസ് ബാവാ അനുവദിച്ചു.

**അന്ത്യദിവസങ്ങൾ**

2002 ആഗസ്റ്റ് മാസം മുതൽ തിരുമേനിക്ക് കൂടുതൽ ഇട വിട്ട് ആശുപത്രിയിൽ പോകത്തക്കവിധം രോഗം മൂർച്ഛിച്ചു. 2002 സെപ്റ്റംബർ 14-ലെ No. 121/2002 കല്പനയിലൂടെ സമുദായത്തിലെ അംഗങ്ങളോട് യാത്ര ചോദിക്കുകയും പ്രാർത്ഥനകളിൽ അനുസ്മരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. വീണ്ടും സെപ്റ്റംബർ 21-ലെ No. 122/2002 കല്പനയിലൂടെ ഭരണക്രമീകരണത്തെ സംബന്ധിച്ചും സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചും ഉദ്ബോധിപ്പിച്ചിരുന്നു. സെപ്റ്റംബർ 23-ാം തീയതി തിങ്കളാഴ്ച 5 പേർക്ക് കോറൂയോ പട്ടം കൊടുക്കുകയും അന്നുതന്നെ തൈലാഭിഷേകം സ്വീകരിക്കുകയും ചെയ്തു. വീണ്ടും സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന കൈക്കൊണ്ട് രാത്രി 11.10-ന് കാലംചെയ്തു. ഒക്ടോബർ 1-ാം തീയതി ചിങ്ങവനം ദയറാപള്ളിയിൽ കബറടക്കി. പ. പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി മധ്യയൂറോപ്പിലെ ആർച്ച് ബിഷപ്പ് മോർ യൂലിയോസ് യേശു ശീശക് തിരുമേനിയും ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമനും മലങ്കര സുറിയാനി സഭയിലെ മേല്പട്ടക്കാരും മുഖ്യമന്ത്രി, സംസ്ഥാന മന്ത്രിമാർ, വിവിധ സാമുദായിക, രാഷ്ട്രീയ നേതാക്കളും കബറടക്ക ശുശ്രൂഷകളിൽ സംബന്ധിച്ചു.

പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ, പ. യാക്കോബ് തൃതീയൻ ബാവാ, പ. സഖാ ഒന്നാമൻ ബാവാ എന്നിവർ

നടത്തിയ മൂന്ന് വി. മൂറോൻ കൂദാശകളിൽ സംബന്ധിക്കുന്നതിനും രണ്ട് പാത്രിയർക്കീസന്മാരുടെ തെരഞ്ഞെടുപ്പിലും വാഴ്ചയിലും പങ്കെടുക്കുന്നതിനും അരനൂറ്റാണ്ടിലധികം മേല്പട്ടക്കാരനായിരിക്കുന്നതിനും ഭാഗ്യം സിദ്ധിച്ച അപൂർവ്വ വ്യക്തിയാണ് കാലംചെയ്ത കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത. അദ്ദേഹത്തിന്റെ ശ്രാദ്ധം സെപ്റ്റംബർ 30-ാം തീയതി സഭ ആഘോഷിക്കുന്നു.

# References


*A history of the church* (1846). (Sozomen, Trans). London: Samuel Bagster & Sons.

Abdul Ahad Ramban (1948). സഭാചരിത്രം. ചിങ്ങവനം: തകടിയിൽ യാക്കോബ് കശ്ശീശാ.

Abraham Mor Clemis (1981). ആത്മകഥ. വെണ്ണിക്കുളം: ഹരിഃശ്രീ ബുക്സ്

Abraham Mor Clemis (2002). ദൈവകാരുണ്യത്തിന്റെ 52 വർഷങ്ങൾ. ചിങ്ങവനം: മോർ അപ്രേം സെമിനാരി

Abraham, C. V. (Fr.) (1975). മാർ കുറിയാക്കോസ് സഹദായുടെ ജീവ ചരിത്രം. Puthencruz: Mor Kuriakose Youth Association.

Anna Benchamin (Rev. Sr.) (1987) വേദപുസ്തകത്തിലെ സ്ത്രീകൾ. തിരുവല്ല: C.L.S

Aphrem I (2000). *The History of Syriac Literature and Sciences* (Matti Moosa, Trans.) Pueblo: Passeggiate Press.

Aphrem Paulose Ramban (1963). വെള്ളിനക്ഷത്രങ്ങൾ. മഞ്ഞനിക്കര: മോർ ഇഗ്നാത്തിയോസ് ദയറ.

Aphrem Paulose Ramban (1964). ശീമക്കാരായ പിതാക്കന്മാർ. (Rev. Fr. T. T. Abraham, Trans.) മഞ്ഞിനിക്കര: മോർ ഇഗ്നാത്തിയോസ് ദയറ.

Aprem Aboodi Ramban (1966). സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനി സഭ (Madappattu Yacoub Ramban, Trans). Pathanamthitta: Ajantha Press.

Bar Ebroyo (1994). ഹൂദായ കാനോൻ (3rd ed.). (V. Rev. Yacob Ramban, Trans.) Mulanthuruthy: Seminary Publications.

Bernard, R. (1960). *The Mystery of Mary*. (M. A. Bouchard, Trans.). St. Louis: B. Herder Book Co.

Bihlmeyer, K., & Tuchle, H. (1958). *Church history* (rev. ed.) (Vol. 1). (Victor E. Mills, Trans.). Maryland: The Newman Press.

Britannica (2001). C. D. Britannica Inc.

Brock, S. P., & Taylor, D. G. K (2001) *The hidden pearl* - The Ancient Aramaic heritage (vol. I). Rome: Trans World Film Italia.

Brock, S. P., & Taylor, D. G. K. (Eds.) (2001). *The hidden pearl* (Vol. III) Italia: Trans World Film.

Brooks, E. W. (1903). *The sixth book of the select letters of Severus*. Oxford: Williams & Norgate.

Cayre, A. A. (1935). *Manual of Patrology* (Vo1. 1). (A. A. Howitt, Trans.). Paris: Desclee & Co.

Cayre, A. A (1935). *Manual of Patrology*. (Vol.2). (A.A. Howitt, Trans.) Paris: Deseclee & Co,

Chediyath, G. (1987). സഭാപിതാക്കന്മാർ – 1. കോട്ടയം: പൗരസ്ത്യ വിദ്യാപീഠം.

Cross, F. L., & Livingstone, E. A. (Eds.) (1974). *The Oxford Dictionary of the Christian Church* (2nd ed.) London: Oxford University Press.

Day, Malcolm (2002). *A treasury of Saints*. London: New Burlington Books.

Douglas, J. D. (Ed.) (1978). *The New International dictionary of the christian church* (rev. ed.) Michigan: Zondervan Publishing House.

*Encarta Encyelopaedia* C. D. (2001). Microsoft Corporation

*Encyclopaedia Americana* (1988) Vol. 18, PP. 394-96 Connecticut: Grolier Incorporated.

*Encyclopaedia Britannica* (2001). Encyclopaedia Britannica, Inc.

*Encylopaedia Britannica* (1943). Vol. 14, PP. 999-1000. Chicago: Encyclopaedia Britannica.

Eusebius (1980). *The ecclesiastical history* (Vol. 1). (Kirsopp Lake, Trans.). London: William Heinemann Ltd.

Ferguson, S. B., & Wright, D. F. (Eds.). (1988). *New dictionary of theology*. England: Intervarsity Press.

Fuller, T. (1655). *The Church history of Britain*. London: Printed for John Williams at the figure of the crown in St. Pauls Church yard.

Graff, H. C. (1954). *Ancient Christian writers*. New York: Newman Press.

Hoever, H. (1989). *Lives of the Saints*. (rev.ed). New York: Catholic Book Publishing Company.

John V. C. (1982). വി. മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ. ചിങ്ങവനം: S. J. Book Depot.

Joseph Kulathramannil (Fr.) (1996). സുറിയാനി സഭാ ജ്യോതിസ്സുകൾ. ഉദയഗിരി: സെമിനാരി പബ്ലിക്കേഷൻസ്

Joseph, P. P. (2005). പൂർവ്വികസഭാപിതാക്കന്മാരും പൊതുസൂന്നഹദോസുകളും. Changanacherry: Mor Adai Study Centre.

Kallarangatt, J., & Puthukulangara, A. (2001) പന്ത്രണ്ട് ശ്ളീഹന്മാർ. Kottayam: (ORISI) Pourastya Vidyapeetham.

Kurien Corepiscopa Kaniamparambil (2003). അഞ്ചു പരിശുദ്ധന്മാർ. തിരുവല്ല: Author.

Kurien Corepiscopa Kaniyamparambil (1982). സുറിയാനിസഭ. Thiruvalla, Chev. K. T. Alexander Kaniyanthra.

M. J. S. S. A. (1996). വിശുദ്ധ പിതാക്കന്മാർ. Puthencruz : M. J. S. S. A.

Macquarrie, J. (1991). *Mary for all christians*. Michigan: William B. Eerdmans Publishing Co.

Mc Birnie, W. S. (2002). *The search of the twelve Apostle*s. Secunderabad: OM Books.

Moolayil Kuriakose Cor-episcopa (Ed.). (1996). വിശ്വാസധീരൻ മീഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത. കോട്ടയം: മോർ ജൂലിയോസ് ബുക്ക് സെന്റർ.

Moothedan Thomas (2001). അനുദിന വിശുദ്ധർ (5th ed.). Trivandrum: Carmel Publishing Centre

Mar Aprem (1990) *Mar Aphrem*, Theologian & Poet. Kottayam: SEERI.

Mor Aprem (2001) ആധ്യാത്മിക സങ്കീർത്തനം (M. Kurian, Trans.) Kottayam: Roy International Providential Foundation.

*Nelson's Encyclopaedia.* (1913) Vol VII New York: Thomas Nelson & Sons.

*Nelson's Encyelopaedia.* (1913). Vol 1, New York: Thomas Nelson and Sons

Pollock, John (1969). *The Apostle: A life of Paul*. New York: Doubleday & Company, Inc

Quasten, J. (1960). Patrology (Vol. 3). Maryland: The Newman Press.

Rashtradeepika (n.d.) കൂബർ നീത്തി ഹാക്കീമൊ ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്ത – സ്മരണിക. കോട്ടയം: രാഷ്ട്ര ദീപിക

Skariakutty, C. A. (n.d.) ഏബ്രഹാം മോർ ക്ലീമീസ് തിരുമേനി – സ്മരണിക. തുരുത്തി: എം. എ. മാത്തുക്കുട്ടി, മുക്കാട്ട്.

Smith, W., & Wace, H. (Eds.). (1877). *A dictionary of christian biography* (Vol. 1). London: John Murray.

Smith, W. & Wace, H (1880). *A dictionary of Christian biography* (Vol. 2). London: John Murray.

Smith, W., & Wace, H. (Eds.). (1887). *A dictionary of christian biography* (Vol. 4). London: John Murray.

*The Encyelopaedia Americana.* (1988) Vol. 3. Connecticut: Grolier Incorporated

*The new encyclopaedia Britannica*. (1988). Vol. 7. Encyclopaedia Britannica Inc.

White, K. E. (1991). *A guide to the Saints*. New York: Ivy Books.

Witakowski, E. B., Brock, S. P., Taylor,. D. G. K., & Witakowski, W. (2001). *The hidden pearl - The heirs of the ancient Aramic heritage.* (Vol. II) Rome: Trans World Film Italia.

Yacoub III, Ignatius, H. H. (1985). *The Syrian Orthodox Church.* Holland: St. Ephrem the Syrian Church.

## Name Index
## Vol. I

Antonius of Egypt ........ 38
Aphrem I, Patriarch ........ 93
Athanatius Shemavoon ........ 131
Athantius Yeshu Samuel ........ 125
Bar Hebreaus, Maphrian ........ 108
Barsoumo ........ 44
Baselus Paulose II, Catholicos ........ 112
Fourty martyrs of Sebesthe ........ 10
George, Saint ........ 13
Gregorius of Chathuruthil ........ 69
Ignatius, Noorono ........ 26
Ivanius, Gold-mouthed ........ 75
Jacob of Sarug ........ 85
Jacob, The disciple ........ 16
James Bardeaus ........ 80
John, the Baptist ........ 5
Julius Yacob ........ 116
Luke, the Evangelist ........ 67
Mathew, the disciple ........ 59
Michael Rabo, Patriarch ........ 100
Moshe Bar Kipho ........ 123
Osthatheos Sleeba ........ 48
Paul, the apostle ........ 23
Peter III (IV), Patriarch ........ 88
Peter, Chief among apostles ........ 19
Simon, the stylite ........ 55
Thekkla, the Saint ........ 61
Thimotheos Yacoub ........ 120
Thomas, the apostle ........ 31
Yacoub III, Patriarch ........ 96

## Name Index
## Vol. II


Abgar V, the Black ........ 55
Agatha, Martyr ........ 08
Aphrem, the Syrian ........ 71
Athanatius Paulose, Saint ........ 43
Barbara and Juliana, Martyrs ........ 23
Baselius of Caesera, Saint ........ 38
Cipriyan, Martyr ........ 19
Clemis Abraham ........ 94
Cyril of Alexandria ........ 73
Dionysius Michael ........ 84
Elias III, the Patriarch of Antioch ........ 50
Gregorius Abdul Jaleel, Saint ........ 59
Gregory of Nyssa, Saint ........ 42
Helen, Queen ........ 68
James of Jerusalem, Martyr ........ 13
James of Nisbis ........ 64
John bar Aphthoonia ........ 77
John, the Disciple ........ 62
Julius Elias, the delegate of Antioch ........ 89
Kuriakose and Yulithi, Martyrs ........ 15
Mark, Martyr ........ 09
Marutha, the Maphrian ........ 82
Mary, Magdelena ........ 75
Mary, Mother of God ........ 26
Osthatheos, the Patriarch of Antioch ........ 80
Philexenus of Mabbug, Martyr ........ 25
Rabula of Edessa ........ 92
Sergius and Baccus, Martyrs ........ 22
Severius, the Patriarch of Antioch ........ 47
Stephen, Martyr ........ 05

## Name Index
## Vol. III


Abahai, Martyr ........................................................ 15
Abded Aloho II, Patriarch .......................................... 48
Ahudemeh, The Great Bishop ................................... 51
Ambrose, Saint ........................................................ 32
Andrew, The Disciple .............................................. 21
Athanatius of Alexandria .......................................... 39
Babula, Patriarch ........................................................ 5
Bartholomew, The Disciple ....................................... 11
Dionysius of Alexandria ............................................ 46
Dioscoros of Alexandria ........................................... 43
Gregorius Gheevarghese .......................................... 60
Gregorius Yuhanon .................................................. 76
Gregory of Nazianzen, ............................................. 27
Jacob of Edessa ....................................................... 65
James, Son of Alphaeus ........................................... 18
Joseph, The Just ...................................................... 34
Juda, The Disciple ..................................................... 9
Julius of Rome, ........................................................ 37
Julius Yeshu Cicek .................................................. 79
Mathias, The Disciple .............................................. 13
Osthatheos Bennyamin Joseph ............................... 71
Pachomius, Saint ..................................................... 29
Pelagia, Saint .......................................................... 16
Philip, The Disciple ................................................. 19
Philoxenos Samuel .................................................. 58
Polycarp of Smirna, Martyr ...................................... 24
Severius Gheevarghese ........................................... 67
Shukr Allah of Aleppo, Maphrian .............................. 55
Simeon, The Zeolot ................................................. 07
Yeldho Baselius Maphrian, Saint .............................. 52

## Name Index
## Vol. IV


Anthimus of Constantinople.............................................. 59
Aphrahat, Hermit .............................................................. 26
Athanatius Paulose Kadavil I............................................. 71
Athnatius Paulose, Kadavil II............................................. 78
Augen of Clysma .............................................................. 23
Balai, Bishop of Balsh........................................................ 38
Clement of Rome............................................................... 05
Coorilos Kuriakose ............................................................ 80
Coorilos Paulose ............................................................... 49
Coorilos Yuyakim............................................................... 45
Dionysius Joseph .............................................................. 67
Epiphanius of Salamis....................................................... 33
Eusebius of Caeseria ........................................................ 17
Isaac, the Doctor .............................................................. 39
Ivanios Hidayathulla ......................................................... 61
Ivanios Yuhanon................................................................ 65
Joachim & Hannah ............................................................ 15
John of Damascus.............................................................. 42
Macrina.............................................................................. 28
Osthatheos Thomas .......................................................... 82
Paul of Thebaid ................................................................. 20
Phocas of Sinope, Gardner ............................................... 10
Severios Paulose............................................................... 74
Sharbil, Martyr .................................................................. 07
Simon, the Potter............................................................... 41
Themotheos of Alexandria................................................. 57
Theophilos Thomas........................................................... 84
Theophilus of Alexandria ................................................... 54
Yacoub, M'fasquo .............................................................. 13
Zeno .................................................................................. 37

## Name Index
## Vol. V


Acacious Aleppo ........................................................ 46
Anastasia, the Martyr.................................................... 6
Arnobius, the Martyr ..................................................... 16
Deevannasios Simon..................................................... 55
Didymus, the blind ........................................................ 51
Dodo Gregorios, the Saint ............................................ 33
Fabronia, the Martyr ..................................................... 24
Flavian, the Patriarch.................................................... 39
Habib, the Martyr ...........................................................11
Ivanios Philipose............................................................ 60
John of Arabia................................................................ 48
Julius Geevarghese....................................................... 53
Julius Kuriakose ............................................................ 68
Koorilos Geevarghese ................................................... 58
Koorilos Markose........................................................... 64
Kuriakose, the Patriarch ................................................ 42
Kuriakose Vanchithattil, Ramban................................... 71
Macarius, the Egyptian .................................................. 20
Malke, the Saint............................................................. 32
Marina, the Saint ........................................................... 30
Meletius Barnaba........................................................... 62
Meletius, the Patriarch................................................... 37
Mena, the Martyr ........................................................... 08
Ossyo, Martyr ................................................................ 18
Polycarpus Geevarghese .............................................. 66
Serapion, the Patriarch.................................................. 36
Shalito, the Martyr ......................................................... 21
Simon, the Martyr .......................................................... 05
Simon Theophilus, the Patriarch ................................... 40
Yuhanon, the Bishop of Ephesus .................................. 43

# Name Index
# Vol. VI


Adai, the first bishop of Edessa ........................................ 19
Adrian with his wife Natalia, Martyrs ................................. 24
Ahathulla ........................................................................... 41
Alexander, the Patriarch of Constantinople ....................... 40
Anthrayose, Kallada, Kerala, India ................................... 51
Athanasius Aphrem Barsoum, Archbishop ....................... 55
Babylas, Patriarch of Antioch, the Martyr .......................... 43
Barnabas, the Apostle ...................................................... 09
Carpos & Papylos, Martyrs ............................................... 26
Dionysius of Milan, the Bishop ......................................... 50
Euphemia, Virgin & Martyr ................................................ 28
Evodius, The Patriarch of Anticoh, Martyr ........................ 39
Gabriel of Thur'abdeen .................................................... 36
Gregorius Gheevarghese, Vayaliparampil ........................ 57
Gregory, the Wonderworker ............................................. 34
Hesychius, the Martyr ....................................................... 14
Hippolytus of Rome, the Martyr......................................... 22
Iranaeus of Sirmium, the Martyr ........................................ 23
Joseph of Arimathea ......................................................... 03
Justin, the Martyr............................................................... 12
Longinus, the Martyr ......................................................... 04
Nicephorus, the Martyr ..................................................... 15
Pantaenus of Alexandria (priest) ....................................... 08
Pantaleon, the Martyr ....................................................... 18
Pelagia of Tarsus, Virgin & Martyr .................................... 17
Philexinose Yoohanon ...................................................... 53
Shmuni, her seven children and Eliazar ........................... 05
Simeon, the Aged & Morth Hannah ................................. 01
Tharakkos, Prokkos & Andronikkos, Martyrs .................... 29
Zakka I, the Patriarch of Antioch ....................................... 45

## Name Index
## Vol. VII


Abraham Kidunay ............................................................ 26
Aggai, The second Bishop of Edessa ................................ 09
Agnes, Virgin & Martyr ...................................................... 15
Alexander, the Patriarch of Alexandria ............................... 19
Ammon (Amus) of Nitria .................................................... 23
Anthimos, Episcopo of Nicomedia, the Martyr ................... 13
Anysia, the Martyr ............................................................. 14
Apollonia, the Martyr ......................................................... 12
Bar-had- bashabo, Deacon & Martyr ................................. 25
Callistus, Episcopo of Rome ............................................... 11
Cosmas & Damian, Martyrs ............................................... 16
Cyril of Jerusalem .............................................................. 30
Daniel, the Stylite ............................................................... 33
Hilarion, Abbot (of Gaza) ................................................... 28
Irenaeus, the Bishop of Lyons ........................................... 07
Isaac of Nineveh (Syrian) .................................................. 48
Jacob of Edessa ................................................................. 50
John III of Sedre, the Patriarch of Antioch .......................... 45
John of Egypt, the Abbot .................................................... 35
Mary of Egypt ..................................................................... 37
Maximus, the Confessor ..................................................... 43
Pamphilus of Caesarea, the Martyr .................................... 17
Severus Sabukht, Bishop of Qinnesrin ............................... 47
Shemvun of Qartmin .......................................................... 41
Silvester, the Patriarch of Rome ......................................... 21
Simon Zaytuni (of Harran) .................................................. 53
Theodotus, the Patriarch of Antioch ................................... 39
Timothy, the disciple of Apostle St. Paul ............................ 01
Titus, the disciple of Apostle St. Paul ................................. 04
Zokhe (Nicholavos), Bishop of Moora (Myra) .................... 22

## Name Index
## Vol. VIII


Aho, the Ascetic .......... 05
Arsenius, the Great .......... 31
Artemius, Martyr .......... 04
Athanasius Denho .......... 03
Behnam and Sara, Martyrs .......... 22
Dionysius Tal Mahre, the Patriarch of Antioch .......... 19
Dionysius, the Areopagite .......... 55
Drosis, daughter of Emperor Trajan .......... 17
Eugenia, Martyr .......... 38
Eulogius, Episcopo of Edessa .......... 28
Evagrius, Ascetic and Writer .......... 35
Gregorius of Armenia, the Illuminator .......... 01
Hilaria, daughter of Emperor Zeno .......... 33
Ignatius Nuh (Noah), the Patriarch of Antioch .......... 27
Irene (Erini/Irini), Martyr .......... 42
Isidore of Chios, Martyr .......... 57
John (Yuhanon) of Tella .......... 45
John IX, Bar Shushan, the Patriarch of Antioch .......... 20
Mamas of Caesarea, Martyr .......... 40
Mennas, Martyr .......... 12
Moses, the Ethiopian .......... 24
Palladius, the Solitary .......... 53
Pambo, the Ascetic .......... 14
Paul (I) of Edessa .......... 58
Philexinose Yuhanon Dolabani of Mardin .......... 09
Theodora, Empress of Byzantine .......... 50
Theodotus, Martyr .......... 48
Thomas of Heraclea .......... 43
Yuhanon of Mardin .......... 47
Zenobius and Zenobia, Martyrs .......... 13

## Books by the Author

1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead.* New Delhi: NIEPA.
6. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2011). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.

18. Rajan, K. M. (2016). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications..23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications..

23. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

24. Rajan, K. M. (2017). S*uriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (250 Biographies). Puthencruz: J.S. C. Publications.

**Books Compiled, Edited & Reprinted**

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT

2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED

3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED

4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ

അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-IV) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I - VII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com

# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**വാല്യം - 2**

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.**



ആർത്താറ്റ് - കുന്നംകുളം - സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി അംഗവും ആ പള്ളിയുടെ സീനിയർ വികാരിയുമായ ഗ്രന്ഥകർത്താവ്, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് അദ്ധ്യാപകനാണ്.

The Travancore Syriac Orthodox Publishers
Kottayam-686 004